ആനന്ദ് പ്രകാശ് മദന്റെ

# ~~മഹാത്മ~~ ഗാന്ധി

# ഭാരതത്തിന്റെ ശാപം

-രാംദാസ് ഗാന്ധി



Malayalam Translation
of
*Anand prakash madan's*
*mahatma gandhi*
**A CURSE FOR BHARAT**
*-Ramdas Gandhi*

വിവർത്തനം

സത്യസ്വരൂപ

മഹാത്മ ഗാന്ധി

# ഭാരതത്തിന്റെ ശാപം

രാംദാസ് ഗാന്ധി

Malayalam Translation of **A.P Madan's** famous book

**Mahatma Gandhi**

# A curse for Bharat

**-Ramdas Gandhi**

(son of mahatma Gandhi)

**Malayalam Translation**

**By**

## Sathya swaroopa

**ISBN: 978-1-329-70508-1**

FIRST EDITION (JAN 2016)

PRICE RS : 350.00/-

Genere : History

www.lulu.com

www.scribd.com

©copy rights reserved@ Sathya swaroopa

*******************************************

# സമർപ്പണം

ഭാരതത്തിന്റെ വിഭജനകാലത്ത് സിയാൽകോട്ടിൽ (ഇന്നത്തെ പാക്കിസ്താനിൽ) വച്ച് മരണപ്പെട്ട എന്റെ വന്ദ്യമാതാവ് ശ്രീമതി കസ്തൂർബ ഗാന്ധിയുടെ പാവന സ്മരണയ്ക്കായ് സമർപ്പിക്കുന്നു. 1947 ഏപ്രിൽ മദ്ധ്യത്തോടെ വടക്കു-പടിഞ്ഞാറൻ പാക്കിസ്താൻ അതിർത്തി പ്രവശ്യയിലുള്ള 'ദേരാ ഇസ്മയിൽ' ജില്ലയിലെ കുലാച്ചി പട്ടണത്തിലുള്ള ഹിന്ദുക്കളുടെ ഉന്മൂലനാശത്തിന് സാക്ഷ്യം വഹിച്ച ശേഷം 1947 മെയ് ആദ്യവാരം വെസ്റ്റ് പഞ്ചാബിലെ മിയാൻവാലി ജില്ലയിലെ'ദര്യാ ഖാൻ' റയിൽവേ സ്റ്റേഷനിൽ എത്താൻ ഞങ്ങളുടെ കുടുംബം സിന്ധുനദി കടന്നു. ദര്യാ ഖാനിൽ നിന്നും കുന്ദിയാൻ വഴി ലാല മൂസയിലൂടെ സഞ്ചരിച്ച് ലാഹോറിലൂടെ വേണമായിരുന്നു ഞങ്ങൾക്ക് സിയാൽകോട്ടിലെത്താൻ. അക്കാലത്ത് അവിടെ എന്റെ പിതാവ് ഹിന്ദുക്കളുടെയും സിഖുകാരുടെയും സർവ്വനാശം കാണാൻ സേവനം നടത്തുന്നുണ്ടായിരുന്നു. 1947 ആഗസ്തിൽ അദ്ദേഹത്തിന്റെ കഠിനമായ ശ്രമം ഫലം കാണുകയും ചെയ്തു. ദര്യാ ഖാനിൽ നിന്നും ലാഹോറിലേയ്ക്ക് വളരെ ദൈർഘ്യമേറിയ യാത്രയായിരുന്നു. തീവണ്ടിയിലെ അതിയായ തിക്കും തിരക്കും മൂലം എന്റെ മാതാവിനെയും സഹോദരിയെയും വനിതകൾക്കായി പ്രത്യേകമുള്ള കമ്പാർട്ട്മെന്റിൽ കയറ്റി ഇരുത്തിയശേഷം ഞങ്ങൾ യാത്ര ആരംഭിച്ചു. വനിതകൾക്കായുള്ള കമ്പാർട്ടുമെന്റിൽ താരതമ്യേന തിരക്ക് കുറവായിരുന്നു. വനിതാകമ്പാർട്ടുമെന്റിൽ മുസ്ലീം സ്ത്രീകൾ ആരും തന്നെ ഉണ്ടായിരുന്നില്ല. എന്നാൽ വഴി മദ്ധ്യേ ഒരു സ്റ്റേഷനിൽ നിന്നും ഒരു മുസ്ലീം സ്ത്രീ കമ്പാർട്ട്മെന്റിൽ കയറുകയും ബിഹാറിൽ ഹിന്ദുക്കൾ മുസ്ലീങ്ങളെ കൊല ചെയ്തതിൽ അമർഷം പൂണ്ട് ഉറക്കെ ഹിന്ദുക്കൾക്കെതിരെ കയർത്ത് സംസാരിക്കാൻ തുടങ്ങുകയും ചെയ്തു. കമ്പാർട്ടുമെന്റിലുണ്ടായിരുന്ന ഹിന്ദുസ്ത്രീകൾ ഊമയായ ആട്ടിൻപറ്റങ്ങളെപ്പോലെ എല്ലാം കേട്ട് മിണ്ടാതിരുന്നു. ആർക്കും തന്നെ അവരെ എതിർക്കാനുള്ള ധൈര്യം ഉണ്ടായിരുന്നില്ല. എന്റെ അമ്മയ്ക്ക് ഇത് അധികനേരം സഹിച്ച് കേട്ടിരിക്കുവാൻ കഴിഞ്ഞില്ല. ബംഗാളിൽ

ഹിന്ദുവംശഹത്യക്ക് തുടക്കം കുറിച്ചത് മുസ്ലീങ്ങളായിരുന്നു എന്ന് അമ്മ തിരിച്ചടിച്ചു. കൂടാതെ ബംഗാളിലെ ഹിന്ദു അഭയാർത്ഥികൾ തല ചായ്ക്കാൻ ഇടത്തിനായി ബീഹാറിൽ എത്തിയപ്പോൾ അവിടെ ഉള്ള മുസ്ലീങ്ങൾക്ക് നേരെയുണ്ടായ പ്രതികരണം തികച്ചും സ്വാഭാവീകം മാത്രമായിരുന്നു എന്നും ഹിന്ദുക്കളെ പഴിചാരാനുള്ള ധൈര്യം നിങ്ങൾക്ക് എവിടെ നിന്ന് കിട്ടി ?.എന്നും കൂടി ചോദിക്കുകയുണ്ടായി. ശേഷമുള്ള യാത്രയിൽ ആ മുസ്ലീം സ്ത്രീയുടെ വായ് മൂടിക്കെട്ടാൻ ഇത്രയും ധാരാളമായിരുന്നു.

രാംദാസ് ഗാന്ധി

# ചിന്തിക്കൂ - മനസ്സിലാക്കൂ - ഉണരൂ!

**1.**ഇന്ന് രാജ്യത്തെ ഏതൊരു പാർട്ടിയിലെയും, വിഭാഗത്തിലെയും ഏത് നേതാവായിരുന്നാലും ശരി, അധികാരശക്തി സ്ഥാനങ്ങളിലെത്താൻ മാത്രം വോട്ടിനു വേണ്ടി ജനങ്ങളുടെ മുന്നിൽ കുനിയുകയും അധികാരത്തിലെത്തിയ ശേഷം അഞ്ചുവർഷം അവരെ ചൂഷണം ചെയ്യുകയും കൊള്ളയടിക്കുകയും ചെയ്യുന്നു. അധികാരത്തിലെത്തിയ നേതാക്കൾ, പോലീസുകാരുടെയും ഗുണ്ടകളുടെയും സഹായത്തോടെ അവരുടെ കീശയും ബാങ്ക് ബാലൻസും വികസിപ്പിക്കുന്നതിൽ വ്യാപൃതരാകുന്നു.

**2.**സ്വാതന്ത്രലബ്ദിക്ക് 48 വർഷത്തിന് ശേഷവും (വിഭജിക്കപ്പെട്ടത് സത്യത്തിൽ രാജ്യം മറ്റൊരു പേരിലായിരുന്നു) ഈ നേതാക്കൾ ജനങ്ങളെ ദരിദ്രരും, പട്ടിണിക്കാരും, ഉടുതുണിക്ക് മറുതുണിയില്ലാത്തവരും, നിരക്ഷരരുമായി നിലനിർത്തി. കൂടാതെ ഭാഷയുടെയും, ദേശത്തിന്റെയും, മതത്തിന്റെയും, ജാതിയുടെയും, വർഗ്ഗത്തിന്റെയും പേരിൽ ഒരു രാജ്യത്തിന്റെ ഉള്ളിലുള്ള പലരാജ്യങ്ങളെപ്പോലെ സ്വന്തം സ്വാർത്ഥ താല്പര്യങ്ങൾക്ക് വേണ്ടി അവരെ ഭിന്നിപ്പിച്ച് ഭരിച്ചു കൊണ്ടിരുന്നു.

**3.**അവർ നിയന്ത്രണം, സംവരണം, പെർമിറ്റ്, റേഷൻ, വില്പ്പന നികുതി, ആഭ്യന്തര നികുതി, തൊഴിൽ നിയമങ്ങൾ, ദേശസാൽക്കരണം തുടങ്ങിയവയിലൂടെ രാജ്യത്തെ അഴിമതിയുടെ കൂത്തരങ്ങാക്കി മാറ്റി. അവസരവാദികളായ ഈ നേതാക്കളുടെ നാടകം പരിപൂർണ്ണ സത്യസന്ധരായി ആരുമില്ല എന്ന് വരുത്തി തീർക്കുകയും അതുവഴി തങ്ങളുടെ സിംഹാസനം സുരക്ഷിതമാക്കുകയും ആയിരുന്നു.

**4.**അവരുടെ പദ്ധതികൾ ജനങ്ങൾ അവരുടെ അടിമകളാണ് എന്ന് ഓർമ്മിപ്പിക്കും വിധം ആയിരുന്നു അല്ലെങ്കിൽ അതു തന്നെ ആയിരിക്കാം അവർ ആഗ്രഹിച്ചിരുന്നത്. അതിനെ അവർ അച്ചടക്കം എന്ന ഓമനപ്പേരിൽ വിളിച്ചുകൊണ്ട് ജനങ്ങളെ അവശ്യവസ്തുക്കൾക്കും കാര്യങ്ങൾക്കും വേണ്ടി ഔദ്യോതീക പരിമിതികൾ കൽപ്പിച്ച് മണിക്കൂറുകളോളം വരികളിൽ നിർത്തി കഷ്ടപ്പെടുത്തി കൊണ്ടിരുന്നു.

ഏതെങ്കിലും ഒരു രാഷ്ട്രീയ നേതാവ് സമാജീക സമത്വവാദത്തിൽ ഉറച്ചു നിന്നുകൊണ്ട് സ്വന്തം റേഷനുവേണ്ടിയും, മണ്ണെണ്ണ തുടങ്ങി ആവശ്യങ്ങൾക്ക് വേണ്ടിയും വരിയിൽ നിന്നിട്ടുണ്ടോ? ഇനി നില്ക്കുമോ?

ചിന്തിക്കൂ, മനസ്സിലാക്കൂ, ഈ ഗൂഢാലോചനകൾക്കെതിരെ നിങ്ങളുടെ ശബ്ദം ഉയർത്തൂ. അല്ലെങ്കിൽ ഇവിടെ ഒരു രാജ്യവും, ധർമ്മവും, സമൂഹവും, വിശ്വാസവും നിലനിൽക്കുകയില്ല. നാമെല്ലാം അടിമകളായ വളർത്തുമൃഗങ്ങളെപ്പോലെ നീചവും നിന്ദ്യവുമായ ഈ വ്യവസ്ഥകളുമായി ഇണങ്ങിച്ചേരേണ്ടി വരും.

# ഇംഗ്ലീഷ് പതിപ്പിന്റെ ആമുഖം

ഗാന്ധിയുടെ അനുയായികൾ അദ്ദേഹത്തെ ദൈവമായി കരുതി വിശ്വാസം അർപ്പിക്കുകയും ഇൻഡ്യ വളരെ അധികം പ്രശ്നങ്ങൾ നേരിട്ടുകൊണ്ടിരിക്കുകയാണ് എന്ന് കരുതുകയും ചെയ്തിരുന്നു. എന്നാൽ ഞങ്ങൾ ഗാന്ധിയൻ ആശയങ്ങൾ സ്വീകരിച്ചിരുന്നില്ല. ഈ ലേഖനത്തിലൂടെ വസ്തുതകളിലൂടെയും കണക്കുകളിലൂടെയും ചില യാഥാർത്ഥ്യ സത്യങ്ങൾ ചൂണ്ടിക്കാണിക്കാനുള്ള ലളിതമായ ശ്രമമാണ് നടത്തിയിരിക്കുന്നത്. 1947 ന് ശേഷമുള്ള സ്വാതന്ത്ര ലബ്ദിതം എന്ന് ഘോഷിക്കപ്പെടുന്ന കാലയളവുകളടക്കം നാം ഇന്ന് അഭിമുഖീകരിക്കുന്ന എല്ലാ പ്രശ്നങ്ങൾക്കും കാരണം നാം ഗാന്ധിയെ അനുഗമിച്ചതുകൊണ്ട് മാത്രമാണ്. പ്രൊ. ഉപേന്ദ്ര ബാക്സി ഈ സാഹചര്യങ്ങളെ മുഴുവനായും കൂട്ടിക്കെട്ടിക്കൊണ്ട് ഇങ്ങനെ പറയുന്നു. മോഹൻ ദാസിന്റെയും ജവഹർലാൽ നെഹ്രുവിന്റെയും അനുയായികൾ ഇൻഡ്യയെ അപഹരിച്ചു. ഇന്ന് ഇൻഡ്യയെ തട്ടിയെടുക്കുകയും ചെയ്തു കൊണ്ടിരിക്കുന്നു.

നാം ഗാന്ധിയോട് യാത്രാമൊഴി ഇനിയും പറഞ്ഞില്ലെങ്കിൽ നമ്മെ കാത്തിരിക്കുന്നത് കൂടുതൽ കുഴപ്പങ്ങളാണ്. ലക്ഷ്യം അദ്ദേഹത്തെ അപകീർത്തിപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ വിരോധം കാട്ടുകയല്ല, മറിച്ച് രാജ്യത്തെ ജനങ്ങളെ അദ്ദേഹത്തിന്റെ രാജ്യവിരുദ്ധ നയങ്ങൾക്ക് എതിരെയും വിഡ്ഡിത്തരങ്ങൾക്കെതിരെയും ബോധവൽക്കരിക്കുക എന്നതാണ്. അദ്ദേഹത്തിന്റെ പേരിനു മുൻപിലെ മഹാത്മ എന്ന വിശേഷണം പോലും ചോദ്യം ചെയ്യപ്പെടുന്നതാണ്. അദ്ദേഹത്തിന്റെ ദുഷ്പ്രവർത്തികളെ കുറിച്ച് ഒരു വലിയ പുസ്തകം തന്നെ രചിക്കാൻ കഴിയും. വളരെ തുച്ഛമായ അളവിൽ രചിച്ച അദ്ദേഹത്തിന്റെ ചില നല്ല ഗ്രന്ഥങ്ങൾ രാജ്യത്തിനെതിരായി അദ്ദേഹം ചെയ്ത പ്രതിവിധിയില്ലാത്ത ഹീനകൃത്യങ്ങൾക്ക് മുന്നോടിയായുള്ള നിസ്സാരമായ അതിർവരമ്പുകൾ മാത്രമായിരുന്നു. ഈ ഗ്രന്ഥം അദ്ദേഹത്തിന്റെ ദുർനടപ്പിന്റെയും ദുഷ്പ്രവർത്തികളെയും കാണിക്കുന്ന ഒരു ചെറു വെളിച്ചം മാത്രമാണ്.

ആനന്ദ് പ്രകാശ് മദൻ

# മലയാളം പതിപ്പിന്റെ ആമുഖം

ആവിഷ്കാര സ്വാതന്ത്രം. ഇന്ന് വളരെ നാം അധികം കേൾക്കുന്ന ഒരു വാക്കാണ് അത്. ആവിഷ്കാര സ്വാതന്ത്രത്തിന്മേൽ കടന്നു കയറ്റം ഉണ്ടാകുന്നു എന്ന് പ്രഖ്യാപനങ്ങൾ നടത്തിയും പ്രതിക്ഷേധമായി കിട്ടിയ പുരസ്കാരങ്ങൾ തിരികെ നൽകിയും വിവിധ മേഖലകളിലുള്ള എഴുത്തുകാരും കലാകാരന്മാരും ദേശീയത അടിസ്ഥാനമാക്കി പ്രവർത്തിക്കുന്ന ഒരു ഗവണ്മെന്റിനെ അപമാനിക്കാനും ലോകത്തിന്റെ മുന്നിൽ ഇൻഡ്യ വളരെ അസഹിഷ്ണുത നിറഞ്ഞ രാജ്യമാണ് എന്ന് വരുത്തിതീർത്ത് മറ്റ് രാജ്യങ്ങൾക്ക് മുന്നിൽ ഭാരതത്തെ കരിവാരി തേയ്ക്കാൻ വിഘടനവാദികൾ ശ്രമങ്ങൾ നടത്തി വരുന്ന ഈ അവസരത്തിൽ ആവിഷ്കാര സ്വാതന്ത്രമെന്നത് ഏതെങ്കിലും ഒരു വിഭാഗത്തിന് മാത്രം അനുവദിക്കപ്പെട്ടിട്ടുള്ള ഒന്നല്ല എന്ന് പറയുവാൻ മാത്രമല്ല മനസിലാക്കി തരുവാൻ കൂടി ആഗ്രഹിക്കുകയാണ്. ഇന്ന് സമൂഹത്തിലും സോഷ്യൽ മീഡിയകളിലും ഹിന്ദുക്കളെയും, ഹിന്ദു ദേവതകൾ, ഹിന്ദു നവോത്ഥാന നായകന്മാർ എന്നിവരെ പരിഹസിക്കുകയും അപമാനിക്കാൻ ശ്രമിക്കുകയും ചെയ്യുന്നത് ലോകമെമ്പാടുമുള്ള സഹോദരങ്ങളെ നിങ്ങൾ കാണുന്നതാണല്ലോ!. ഇതെല്ലാം തന്നെ ആവിഷ്കാര സ്വാതന്ത്രമാകുകയും മറ്റുമതസ്ഥരുടെ കാര്യത്തിൽ ആകുമ്പോൾ അത് വിശ്വാസത്തിൻ മേലുള്ള കടന്നു കയറ്റം ആവുകയും ചെയ്യുന്നത് എങ്ങിനെയാണ്?. അതുകൊണ്ടും തീരുന്നില്ല അത് ചെയ്തവനെ ക്രൂശിച്ചും അവന്റെ കയ്യും കാലും വെട്ടിയും ജീവനും സ്വത്തിനും എതിരെ തുടർച്ചയായി വേട്ടയാടി രസിക്കുന്നതും ഏത് സഹിഷ്ണുതയുടെ പേരിലാണ്. എന്നാൽ ഇത്തരത്തിലുള്ള കാര്യങ്ങൾ കാണുമ്പോൾ, കേൾക്കുമ്പോൾ കപടമതേതരരായ ബുദ്ധിജീവികളും മാധ്യമങ്ങളും നിയമപാലകരും അതിനെതിരെ ഇരട്ടത്താപ്പ് നയങ്ങളാണ് സ്വീകരിക്കുന്നത്. എല്ലാവർക്കും ഒരേ നിയമം എന്ന കാപട്യനാടകം കളിക്കുകയും പണവും അധികാരവും ഉള്ളവന്റെ കാര്യം വരുമ്പോൾ ന്യായവും നീതിയും കാറ്റിൽ പറത്തുകയും അന്യായത്തിന് എതിരെ കണ്ണും കാതും വായും കൊട്ടി അടയ്ക്കുന്ന നിയമപീഠങ്ങളും നിയമപാലകന്മാരും ഉള്ള നാട്ടിൽ സത്യമായിട്ടുള്ള കാര്യങ്ങൾ പറയുമ്പോൾ മാത്രം അതിനെ അടിച്ചമർത്താൻ വേണ്ടി കാട്ടാള നിയമത്തിന്റെ പുസ്തകത്താളുകൾ മറിക്കാൻ ഹൃദയം തുടിക്കുന്ന നിയമപാലകരെ നിങ്ങൾ ആത്മാഭിമാനം പണയം വച്ച് കേവലം ഭയത്തിന്റെ

പേരിലും കിട്ടുന്ന പണക്കെട്ടിന്റെ പേരിലും രാജ്യത്തെ അപകടക്കെണിയിലേയ്ക്ക് മുക്കിത്താഴ്ത്തി കൊണ്ടിരിക്കുന്നു എന്നത് ഒരു സത്യം മാത്രമാണ്. അടിച്ചമർത്താനും കൊന്നു തള്ളാനും പറയുന്ന മതവും അതിൽ വിശ്വസിക്കുന്ന ഒരു ജനതയും ഉള്ളിടത്തോളം കാലം ഹിന്ദു ജനതയുടെ ജീവിതം കൂടുതൽ അസഹ്യമായി തീരും എന്നത് വാസ്തവമാണ്. പ്രകൃതിവിരുദ്ധ വിശ്വാസ പ്രമാണങ്ങൾ മുറുകെ പിടിച്ച ജനത സമാധാന ജീവിതത്തിന് വിലങ്ങുതടി ആയിത്തീരും. കാരണം പരസ്പര വിരുദ്ധമായ രണ്ട് വിശ്വാസങ്ങൾ സമാന്തരമായി സഞ്ചരിക്കുകയുള്ളു. അത് ഒരിക്കലും യോജിക്കുകയില്ല. വിശ്വാസം എന്നത് കാലചക്രത്തിനനുസരിച്ച് കൂടിയും കുറഞ്ഞും ഇരിക്കും എന്നല്ലാതെ ഇല്ലാതാകാൻ പോകുന്നുമില്ല. ഗാന്ധിപുത്രനാൽ തന്നെ ശപിക്കപ്പെട്ടവനായ ഗാന്ധിയെ കുറിച്ചുള്ള ഈ ഗ്രന്ഥം ആനന്ദ് പ്രകാശ് മദന്റെ വിവാദമായ ' ഗാന്ധി എ കഴ്സ് ഫോർ ഭാരത് ' എന്ന പുസ്തകത്തെ അടിസ്ഥാനപ്പെടുത്തിയുള്ളതാണ്. ഈ പുസ്തകത്തിൽ പറഞ്ഞിട്ടുള്ള വസ്തുതകൾ മനസ്സിലാക്കാനും അതിനെ പറ്റി ചിന്തിച്ച് തെറ്റും ശരിയും വിശകലനം ചെയ്യുവാനും ഉള്ള ബോധം ഇന്നത്തെ തലമുറയ്ക്ക് ഉണ്ട്. ആയതിനാൽ ഈ പുസ്തകത്തിനെ പറ്റി ചിന്തിച്ച് കരഞ്ഞു വിളിക്കാൻ ബുദ്ധിജീവികൾ എന്ന് സ്വയം വിശ്വസിക്കുന്നവർ മുന്നോട്ട് വരേണ്ട കാര്യമില്ല. സാമാന്യബോധവും ബുദ്ധിയും ആരുടെയും കുത്തകയുമല്ല. അതിനാൽ നെല്ലും പതിരും വായനക്കാർ വേർതിരിക്കട്ടെ. തകിടം മറിഞ്ഞ നിയമവ്യവസ്ഥയും അഴിമതിനിറഞ്ഞ ഭരണ വ്യവസ്ഥയും കപടമതേതരും പണത്തിനു മേൽ വാർത്തകൾ സൃഷ്ടിക്കുന്ന മാധ്യമങ്ങളും നിറഞ്ഞ രാജ്യത്തിന്റെ ഈ അവസ്ഥയ്ക്ക് കാരണം എന്ത് എന്നത് ജനം തീരുമാനിക്കട്ടെ! കാരണം അത് അവരുടെ സ്വാതന്ത്രമാണ്. ഇത് എന്റെ ആവിഷ്കാര സ്വാതന്ത്രവും.

വിവർത്തകൻ

# സൂചിക


**അദ്ധ്യായം-1**

**അതിരുകവിഞ്ഞ ഗാന്ധിയൻ ക്രൂരതകൾ ........................................ 11**

*40 ലക്ഷം ഹിന്ദുക്കളുടെ കൊലപാതകം : ഗാന്ധിയും നെഹ്രു കുടുംബവും ഉത്തരവാദികൾ........................................ 14

*കൊൽക്കത്ത ഹിന്ദുക്കളെ കൊല്ലാൻ മുസ്ലിം കൊലപാതകികൾക്ക് ഗാന്ധിയുടെ തുണ ........................................ 18

*പടിഞ്ഞാറൻ പഞ്ചാബിലെ മുസ്ലിങ്ങൾ പാക്കിസ്താനിലേക്ക് കുടിയേറുന്നത് ഗാന്ധി തടഞ്ഞു. മാസ്റ്റർ താരാസിംഗ് ഗാന്ധിയെ എതിർത്തു. ........................................ 20

**അദ്ധ്യായം-2**

**കാശ്മീർ പ്രശ്നം ; ഗാന്ധി-നെഹ്രു സൃഷ്ടി ഹിന്ദുകൂട്ടക്കൊലയുടെ ഉത്തരവാദികൾ ........................................ 22**

**അദ്ധ്യായം-3**

**ഗാന്ധിയുടെ കാപട്യം നിറഞ്ഞ അക്രമരാഹിത്യം(അഹിംസ)നാടകം.... 26**

*ഗാന്ധി പശുക്കളുടെ കശാപ്പുകാരൻ ........................................ 27

**അദ്ധ്യായം-4**

**ഗാന്ധിയുടെ ഹിന്ദി വിരോധവും ഉറുദുവിനോടുള്ള മൃദു സമീപനവും..31**

*ദുർബല വിഭാഗം ഹിന്ദുക്കളോട് ക്രിസ്ത്യൻ, ഇസ്ലാം മതം സ്വീകരിക്കാൻ ഗാന്ധിയുടെ ആഹ്വാനം. ഹിന്ദുക്കൾ നന്ദി ഉള്ളവരായിരിക്കേണ്ടത് ഡോ. അംബേദ്കറിനോട് മാത്രം........................................ 32

**അദ്ധ്യായം-5**

**രാമനും കൃഷ്ണനും ജീവിച്ചിരുന്നില്ല ; ഗാന്ധി........................................ 36**

*ഗാന്ധി ആര്യസമാജത്തെയും സ്വാമി ദയാനന്ദിനെയും നിന്ദിക്കുന്നു. 37

*രക്തസാക്ഷികളായ സ്വാമി ശ്രദ്ധാനന്ദ്, സർദാർ ഭഗത് സിംഗ് എന്നിവർക്ക് മേലുള്ള ഗാന്ധിയുടെ വിശ്വാസ വഞ്ചന........................................ 39

*ആര്യസമാജത്തിന്റെയും ഹിന്ദു മഹാസഭയുടെയും സമാധാനപരമായ പ്രതിഷേധങ്ങൾ വർഗ്ഗീയമെന്നും രാജ്യദ്രോഹപരമെന്നും

മുദ്രകുത്തുന്ന ഗാന്ധി ഹൈദരാബാദിലെ ഇസ്ലാമീക ഭരണാധികാരി യായ നിസാമിനെ പിന്തുണയ്ക്കുന്നു. ........................................................ 40

**അദ്ധ്യായം-6**

**പാക്കിസ്താന്റെ രൂപികരണം എന്റെ ജഡത്തിനു മീതെ മാത്രം; ഗാന്ധി യുടെ വഞ്ചന നിറഞ്ഞ സത്യസന്ധത........................................................ 43**

*ഗാന്ധി ഒരു ഭീരു.''ഹേ! രാം''എന്ന് പറഞ്ഞിട്ടില്ല. പക്ഷെ മൂത്രമൊഴി ക്കുകയും വായിൽ നിന്ന് നുരയും പുകയും വരുകയും ചെയ്തു......... 46

**അദ്ധ്യായം-7**

**ജിന്നക്ക് ന്യായമുണ്ടായിരുന്നു. എന്നാൽ ഗാന്ധി ഹിന്ദുക്കളെ വഞ്ചിച്ചു 49**

*ഗാന്ധിയും നെഹ്രുവും ഹിന്ദുക്കളുടെ പ്രതിനിധിയല്ല എങ്കിൽ വിഭജിത ഇൻഡ്യയുടെ സ്ഥാനമാനങ്ങൾ ആഗ്രഹിച്ചതും അലങ്കരി ച്ചതും എന്തിന്?......................................................................................51

*സൈനീകരെ അപമാനിക്കുന്ന ഗാന്ധി ; സൈനീകർ കക്കൂസ് വൃത്തിയാക്കണം എന്ന് ഗാന്ധിയുടെ കല്പന .......................................... 53

**അദ്ധ്യായം-8**

**ഗാന്ധിയും ഗാന്ധിയരും രാജ്യത്തിന്റെ ഏറ്റവും വലിയ ശത്രുക്കൾ........ 59**

*''നിങ്ങളുടെ ജീവിതം ഹിന്ദു ജാതിക്ക് ശാപമായിത്തീർന്നിരിക്കുന്നു'' ഗാന്ധിക്ക് പുത്രൻ രാംദാസ് ഗാന്ധിയുടെ ശാസന. ................................. 60

*ഗാന്ധിയും ഗാന്ധിസവും ഇൻഡ്യക്ക് നൽകിയ ദിനങ്ങളും (15 ആഗസ്ത്,26 ജനുവരി) ത്രിവർണ്ണപതാക എന്ന അപമാനവും. ............. 62

*ഗാന്ധി ദൈവദൂതൻ എന്ന് നടിക്കുന്നു. .................................................... 63

**അദ്ധ്യായം-9**

**ആത്മസ്തുതിയിൽ രമിക്കുകയും രാഷ്ട്രപിതാവെന്ന് ന്യായികരിക്കാൻ ശ്രമിക്കുന്നവനുമായ ഗാന്ധി........................................................................ 64**

*ഗാന്ധി പാപവും, കുറ്റവും അധർമ്മവും ചെയ്യാൻ ധൈര്യം പകരുന്നു. ....................................................................................................... 65

*1947 ആഗസ്ത് 14,15 അർദ്ധരാത്രികൾ; ഗാന്ധിയുടെ ജവഹർ മദ്യത്തിൽ മുങ്ങിത്താണ രാത്രികൾ ........................................................... 67

**അദ്ധ്യായം-10**

**ഗാന്ധിയുടെ ലളിത ജീവിതം എന്ന തട്ടിപ്പ്.................................................. 69**

*ലോകത്തിന്റെയും UNO യുടെയും കണ്ണിൽ ഇൻഡ്യയെയും ഹിന്ദുവിനെയും തരംതാഴ്ത്തിയ ഗാന്ധി..................................................... 70
*ജിന്ന പാക്കിസ്താൻ ഗവർണ്ണർ ജനറൽ എന്ന നിലയിൽ തന്നെ കാണുവാൻ ഗാന്ധിയെ അനുവദിച്ചില്ല.......................................................... 72
**അദ്ധ്യായം-11**
**ഗാന്ധി വധവും നാഥൂറാം ഗോഡ്സെയോടുള്ള ആദരാഞ്ജലിയും ...... 76**
*ഗാന്ധിയുടെ എല്ലാ അനുയായികളും പാപികളായ കുറ്റവാളികൾ ..... 79

## അദ്ധ്യായം-1

# അതിരുകവിഞ്ഞ ഗാന്ധിയൻ ക്രൂരതകൾ

ഗാന്ധിയുടെ അനുയായികൾ അദ്ദേഹത്തെ കരുണയുടെയും അഹിംസയുടെയും അക്രമരാഹിത്യത്തിന്റെയും ദൈവദൂതനായി പ്രശംസിച്ചു. എന്നാൽ ഇൻഡ്യൻ ചരിത്രത്തിൽ കുറ്റവാളികളുടെ സഹായിയും ക്രൂരനും ആയ ഗാന്ധിയെ അല്ലാതെ ഞങ്ങൾക്ക് അവർ അവകാശപ്പെടുന്ന തരത്തിലുള്ള ഒരു ഗാന്ധിയെ കാണുവാൻ കഴിഞ്ഞില്ല. ഇൻഡ്യയുടെ വിഭജന കാലയളവിൽ (1946-48) കൊത്തി അരിയപ്പെട്ട സിഖ്, ഹിന്ദു ജനങ്ങൾക്കും പാക്കിസ്താൻ മുസ്ലിങ്ങളാൽ ബലാത്സംഗം ചെയ്യപ്പെട്ടവരും, തട്ടിക്കൊണ്ടു പോകപ്പെട്ടതും, ക്രൂരമായ യാതനകൾ ഏൽക്കേണ്ടി വന്നവരുമായ അവരുടെ സ്ത്രീകൾക്കും കുട്ടികൾക്കും നേരെ യാതൊരു വിധത്തിലും ഉള്ള കാരുണ്യവും ഗാന്ധിയിൽ അവശേഷിച്ചിരുന്നില്ല. വളരെ അധികം ഹിന്ദു, സിഖ് സ്ത്രീകളും യുവതികളും അവരുടെ ജീവൻ കനാലുകളിലും, നദികളിലും, കിണറുകളിലും അവസാനിപ്പിച്ചു. ഈ വിധത്തിലുള്ള കാര്യങ്ങൾ സംഭവിച്ച് കൊണ്ടിരിക്കുമ്പോൾ കാരുണ്യത്തിന്റെയും സ്നേഹത്തിന്റെയും മൂർത്തീഭാവം അവരെ സഹായിക്കാനായി ഒന്നും തന്നെ ചെയ്തില്ല. അതേസമയം അദ്ദേഹം നോഖലി (ഇന്നത്തെ ബംഗ്ലാദേശിൽ) യിലെ അഭയാർത്ഥികളോട് ജീവഭയത്താൽ അവിടെ നിന്നും പാലയനം നടത്തരുത് എന്നും മടങ്ങി വീട്ടിൽ ചെന്ന് അവരെ കൊല്ലാൻ വരുന്നവരെ സ്നേഹിക്കുകയും അവരുടെ നന്മ ആഗ്രഹിക്കുകയും ചെയ്യുക എന്നുമുള്ള സാരോപദേശമാണ് നൽകിയത്. കത്തിയെരിയുന്ന ലാഹോറിലൂടെ (ഇന്നത്തെ പാക്കിസ്താനിൽ) യാത്ര ചെയ്യവെ പേടിച്ചരണ്ട ഹിന്ദുക്കളോട് അദ്ദേഹത്തിന്റെ ഉപദേശം ...''ലാഹോർ മരിക്കുകയാണെങ്കിൽ അതിനോടൊപ്പം മരിക്കുക'' എന്നതായിരുന്നു. (പാർട്ടീഷൻ ആൻഡ് ആഫ്റ്റർമത്- മെമോയിർസ് ഓഫ് ആൻ അംബാസിഡർ, കേവൽ സിംഗ്, പേജ് 49)

23 സെപ്തംബർ 1947 ലെ പ്രാർത്ഥനാ യോഗത്തിൽ ഗാന്ധി പറഞ്ഞു -''ദേരാ ഗാസി ഖാൻ മുതലും റാവൽപിണ്ഡി മുതലും ഞാൻ ഹിന്ദുക്കളുടെയും സിഖ്കാരുടെയും നിയോഗം കണ്ടു. അപ്പോഴും ഗാന്ധിക്ക് പാക്കിസ്താനിലെ ഓരോ ഭാഗങ്ങളിലുമുള്ള ഹിന്ദുക്ക

ൾക്കും സിഖ്കാർക്കും പാക്കിസ്താൻ അധികൃതർ പൂർണ്ണ സംരക്ഷണം നൽകും എന്നതിൽ യാതൊരു സംശയവും ഉണ്ടായിരുന്നില്ല. അദ്ദേഹം തന്റെ ഉപദേശം ഇപ്രകാരം ആവർത്തിച്ചു; 'നിങ്ങൾ വീടുകൾ ഉപേക്ഷിച്ച് പോകുന്നതിന് പകരം ആണുങ്ങളെപ്പോലെ മരിക്കുവാൻ തയ്യാറാകണം. അഭിമാനത്തോടും ധൈര്യത്തോടും വീരചരമം പ്രാപിക്കുന്ന കലയ്ക്ക് പ്രത്യേക പരിശീലനത്തിന്റെ ആവശ്യമില്ല.' (പേജ് 33, ഡൽഹി ഡയറി- എ കളക്ഷൺ ഓഫ് സ്പീച്ച്സ് ബൈ എം.കെ. ഗാന്ധി ഫ്രം 10-09-1947 ടു 30-01-1948 നവ്ജീവൻ പബ്ലീഷിംഗ് ഹൗസ്, അഹമ്മദാബാദ്).

ഇത്തരത്തിൽ വ്യർഥവും ഉപയോഗ ശ്യൂന്യവും ആയ ഉപദേശങ്ങളാണ് ഗാന്ധി നിരായുധരും, പ്രതിരോധശക്തി ഇല്ലാത്തവരും, നിസ്സഹായരുമായ സ്ത്രീകളും കുട്ടികളും അടങ്ങുന്ന ഹിന്ദു, സിഖ് സമൂഹത്തിന് നല്കിയിരുന്നത്. ഇത്തരത്തിലുള്ള കാരുണ്യവും അഹിംസയുമാണോ അദ്ദേഹം അവർക്ക് നൽകേണ്ടിയിരുന്നത്?. അതേസമയം ഗാന്ധി തന്റെ ദുർബലവും, ശുഷ്കിച്ച് എല്ലിൻ തോടായതും, രണ്ട് പെൺകുട്ടികളുടെ സഹായമില്ലാതെ നിവർന്ന് നില്ക്കാൻ ശേഷിയില്ലാത്തതുമായ തന്റെ ശരീരത്തെ 125 വർഷം വരെ തേജസുറ്റതാക്കുവാൻ വേണ്ടി ശുദ്ധമായ പശുവിൻ പാലും, തേനും, ഉണക്ക പഴവർഗ്ഗങ്ങളും നുകരുന്നതിൽ വ്യാപൃതനായിരുന്നു. ഗാന്ധിയുടെ ഇത്തരത്തിലുള്ള പ്രവർത്തി എത്രയോ ലജ്ജാകരമാണ് എന്ന് ആലോചിച്ച് നോക്കുക. സ്വാമി ശർദ്ധനന്ദ് ഡൽഹിയിലെ ചാന്ദ്നി ചൗക്കിൽ തന്റെ അനുയായികൾക്ക് വേണ്ടി ബ്രിട്ടീഷ് സൈന്യത്തിന്റെ തോക്കിൻ കുഴലിൽ നിന്നുതിർന്ന വെടിയുണ്ടകൾ നെഞ്ച് വിരിച്ച് നേരിട്ടതുപോലെ റാവൽപിണ്ഡിയിലേക്കും ദേരാ ഗാസി ഖാനിലേയ്ക്കും ചെന്ന് കൊണ്ട് മുസ്ലിങ്ങളോട് തന്റെ അനുയായികളായ ഹിന്ദുക്കളെയും സിഖ്കാരെയും കൊലചെയ്യുന്നതിന് മുന്നായി എന്നെ കൊല്ലൂ എന്ന് പറയുന്നതിന് പകരം എന്തിന് ഇത്തരത്തിലുള്ള നിർദയമായ അനുകമ്പയും മറ്റുള്ളവരോട് മരിക്കുവാൻ നിർദ്ദേശിക്കുന്ന ധർമ്മഭാഷണവും നൽകി?. അതിക്രൂരനായ ഔറംഗസേബ് എന്ന മുസ്ലിം ഭരണാധികാരിയുടെ ദണ്ഡനങ്ങളിൽ നിന്ന് കാശ്മീരി പണ്ഡിറ്റുകളെ രക്ഷിക്കാനായി ഗുരു തേഖ് ബഹദൂർ ജീവത്യാഗം ചെയ്തു. എന്തുകൊണ്ട് ഗാന്ധി ഇത്തരത്തിലുള്ള ഉദാഹരണങ്ങൾ അനുകരിക്കാൻ കൂട്ടാക്കിയില്ല?. ഇത്തരത്തിൽ മരിക്കാൻ ഭയമുള്ള ഭീരുവായിരുന്നു ഗാന്ധിയെങ്കിൽ തനിക്ക് വിധേയനായ, ഒരിക്കലും അനുസരണക്കേട് കാണിക്കാത്ത ഗവണ്മെന്റിനോട് പാക്കിസ്താനിലെ ഹിന്ദുക്കളുടെയും സിഖ്കാരുടെയും

ജീവൻ സംരക്ഷിക്കാൻ എന്തുകൊണ്ട് നിർദ്ദേശം നല്കിയില്ല?. എന്തുകൊണ്ട് അവരെ രക്ഷിക്കാൻ ഒരു ചെറുവിരൽ പോലും അനക്കിയില്ല. എന്നിരുന്നാലും പാകിസ്താനെതിരെ സംഭവിച്ച കാര്യത്തിന്റെ പ്രതിധ്വനി ഇൻഡ്യയിൽ മുഴങ്ങിയപ്പോൾ വൃദ്ധൻ ഉടനടി മരണം വരെ ഉപവസിക്കാൻ തയ്യാറായി. ഹിന്ദുവിനും, മുസൽ മാനും രണ്ട് നയങ്ങൾ സ്വീകരിക്കുന്ന, ഇരട്ടത്താപ്പ് തന്നയോ മഹാത്മാവാകാനുള്ള യോഗ്യത?.

ഒരുകാര്യം വളരെ വ്യക്തമായിരുന്നു, അദ്ദേഹം ഹിന്ദുക്കളോട് ക്രൂരമായ നിലപാടാണ് സ്വീകരിച്ചിരുന്നത്. അതിനുള്ള മറ്റൊരു ഉദാഹരണമാണ് മാപ്പിള ലഹള. ഈ ലഹളയിൽ 2500 ഹിന്ദുക്കളെ മുസ്ലിം വർഗ്ഗിയവാദികൾ വെട്ടിയരിഞ്ഞ് കൊലപ്പെടുത്തുകയും 20000 പേരെ മുസ്ലിംങ്ങൾ ബലം പ്രയോഗിച്ച് മതം മാറ്റുകയും ചെയ്തു. ഖിലാഫത്ത് പ്രസ്ഥാനത്തിന്റെ മുന്നേറ്റത്തിന് സംഭവിച്ച തോൽവിക്ക് ശേഷം തന്റെ പ്രസംഗത്തിൽ ഗാന്ധി അവരെ അഭിസംബോധന ചെയ്തത് ‘ ധീരന്മാരായ എന്റെ മാപ്പിള സഹോദരങ്ങളെ’ എന്നാണ്. ഹിന്ദുക്കളെ കൂട്ടക്കൊല നടത്തുന്നതാണോ ധീരത? വീര സാഹസം?.

എന്റെതന്നെ അനുഭവത്തിൽ നിന്നുള്ള ഒരു സംഭവം ഇവിടെ വിവരിക്കുന്നത് പ്രസക്തമാണ് എന്ന് തോന്നുന്നു. 1972 ഡിസംബറിൽ ഞാനും ഭാര്യയും കൂടി നങ്കൽ പട്ടണത്തിൽ നിന്നും അവളുടെ അമ്മാവി താമസിക്കുന്ന ഫിറോസ്പൂർ പട്ടണത്തിലേയ്ക്ക് പോയി. ഒരു ഞായറാഴ്ച ഞങ്ങൾ തുരി ബസാറിലെ ആര്യസമാജത്തിൽ വച്ച് നടന്ന സത്സംഗത്തിൽ പങ്കെടുത്തു. വളരെ തണുപ്പുള്ള ദിവസമായ തിനാൽ പത്തുപേർ മാത്രമേ സത്സംഗിൽ പങ്കെടുത്തുള്ളു. ഇടയ്ക്ക് സ്വാഭാവീകമായി ഞങ്ങളുടെ ശ്രദ്ധ ഏകദേശം 60 വയസ്സ് പ്രായം തോന്നിക്കുന്ന ടർബൻ ധരിച്ചിരിക്കുന്ന ബഹുമാന്യനായ ആര്യ സമാജം പ്രസിഡന്റിന്റെ നേർക്ക് തിരിഞ്ഞു. സത്സംഗത്തിന് ശേഷം അദ്ദേഹം ഞങ്ങളോട് സരസവും സ്നേഹപൂർണ്ണവുമായ ഭാഷയിൽ സംസാരിക്കുകയും ഞങ്ങളെപ്പറ്റി തിരക്കുകയും ചെയ്തു. ഞാൻ തിരിച്ച് അദ്ദേഹത്തെപ്പറ്റി ആരായുകയും ചെയ്തു. അദ്ദേഹം പറഞ്ഞു, 1947 വരെ അവർ ഷേഖ്പുര (പാക്കിസ്താനിലെ ലാഹോറിൽ നിന്നും 40 കി.മി.)യിൽ ആയിരുന്നു താമസിച്ചിരുന്നത്. അദ്ദേഹം വലിയ കോൺഗ്രസ്സ് പ്രവർത്തകൻ ആയിരുന്നു. ഗാന്ധിയുടെ ഉപദേശവും ഉദരണികളും അനുസരിച്ച് പ്രദേശത്തെ ഹിന്ദുക്കളെയും സിഖ്കാരെ യും സുരക്ഷിതമായ സ്ഥാനത്തേയ്ക്ക് പോകാൻ അനുവദിക്കാതെ അവിടെ തന്നെ തങ്ങാൻ അദ്ദേഹം പ്രേരിപ്പിച്ചു. ഫലം ഹിന്ദു പുരുഷന്മാരെ മുഴുവനായും മുസ്ലിങ്ങൾ കൊന്നൊടുക്കി. സ്ത്രീകളും

പെൺകുട്ടികളും തട്ടിക്കൊണ്ട് പോകപ്പെട്ടു. ഒരുകണക്കിന് അദ്ദേഹത്തിന്റെ കുടുംബം രക്ഷപ്പെട്ടു. മാനസീകമായി വളരെ ആഴത്തിൽ മുറിവേൽക്കപ്പെട്ട അദ്ദേഹത്തിന് താനാണ് ഈ മഹാപാതകത്തിന് ഉത്തരവാദി എന്ന് തോന്നി. 1947 ആഗസ്തിൽ നടന്ന ഈ ഹീനമായ ആക്രമണത്തിൽ 22000 (ഇരുപത്തി രണ്ടായിരം) ഹിന്ദുക്കളെ 48 മണിക്കൂറിനുള്ളിൽ മുസ്ലിങ്ങൾ, മുസ്ലീം സൈനീകർ, പോലീസുകാർ എന്നിവരുടെ സഹായത്താൽ നിർദയം വധിച്ചു. ഈ യഥാർത്ഥ്യം ഇൻഡ്യയുടെ പ്രഥമ പ്രധാനമന്ത്രി ജവഹർലാൽ നെഹ്രു അംഗീകരിച്ചിട്ടുള്ളതാണ്. (ഓർഗനൈസർ, 14-മെയ് -1995, കാമ്പേജ് ആൻഡ് കിംഗ്സ് ബൈ വി.പി. ബാട്ടിയ).

സത്യത്തിൽ ആര്യസമാജം പ്രസിഡന്റ് തെറ്റുകാരനല്ല. അദ്ദേഹം ഗാന്ധിയുടെ ഉപദേശത്തിന് അനുസരിച്ച് പ്രവർത്തിക്കുക മാത്രമാണ് ചെയ്തത്. എന്നിരിക്കയാലും അദ്ദേഹത്തിന് താൻ അതിന്റെ ഭാഗമായതിൽ അങ്ങേയറ്റം കുറ്റബോധമുണ്ട്. ആ കുറ്റബോധത്താൽ അദ്ദേഹത്തിന് തന്റെ ജോലിയിൽ ശ്രദ്ധിക്കാൻ കഴിയാതെ വന്നു. അങ്ങിനെ അദ്ദേഹം തന്റെ ജീവിതം സാമൂഹീകവും മതപരവുമായ സേവനങ്ങൾക്കായി ചിലവഴിക്കുന്നു. നേരെമറിച്ച് കോടിക്കണക്കിന് ജനങ്ങളെ തെറ്റായി വഴി നയിച്ചിട്ടും ഗാന്ധിക്ക് അതിന്റെ കുറ്റബോധം ലവലേശം ഒരിക്കൽപ്പോലും തോന്നിയിട്ടില്ല. 10 ലക്ഷം ഹിന്ദുക്കളും സിഖ്കാരും കൊലചെയ്യപ്പെട്ടിട്ടും അദ്ദേഹം തന്റെ വിഡ്ഢിത്വം നിറഞ്ഞ ഉപദേശം തുടർന്ന് കൊണ്ടിരുന്നു. അദ്ദേഹത്തിനെ സംബന്ധിച്ചിടത്തോളം ഹിന്ദുവിന്റെ ജീവന് ഒരു വിലയും ഉണ്ടായിരുന്നില്ല. മുസ്ലിങ്ങളുടെ ക്ഷേമവും ദുർബലമായ തന്റെ ശരീരം 125 വയസ്സുവരെ എങ്ങിനെ ജീവനോടെ ഇരുത്താം എന്നതിനെപറ്റിയുമാണ് അദ്ദേഹം ആകുലപ്പെട്ടിരുന്നത്.

## 40 ലക്ഷം ഹിന്ദുക്കളുടെ കൊലപാതകം : ഗാന്ധിയും നെഹ്രു കുടുംബവും ഉത്തരവാദികൾ

ഗാന്ധിയും നെഹ്രുവും കോൺഗ്രസ്സുകാരുമാണ് 1947ൽ 10 ലക്ഷം ഹിന്ദുക്കളും സിഖ്കാരും കൊല്ലപ്പെട്ടതിനും, ശേഷം 1971 ൽ 30 ലഷം ഹിന്ദുക്കൾ ഈസ്റ്റ് ബംഗാളിൽ (ഇന്നത്തെ ബംഗ്ലാദേശ്) കൊല്ലപ്പെട്ടതിനും ഉത്തരവാദികൾ. ചരിത്രപരമായ വസ്തുതകൾക്ക് വിധേയമായി ഹിന്ദു - മുസ്ലീം അടിസ്ഥാനം അനുസരിച്ചാണ് രാജ്യം വിഭജിക്കപ്പെട്ടത്. ക്രിസ്ത്യാനികൾ എവിടെയാണോ വിഭജനത്തിന് മുൻപ് അവിടെതന്നെ താമസിക്കും എന്ന് കരുതിയിരുന്നു. ഈ അടിസ്ഥാന വസ്തുതകൾ കോൺഗ്രസ്സും, ഗാന്ധിയും, നെഹ്രുവും

അടക്കം അംഗീകരിച്ചതാണ്. ആയതിനാൽ ഇൻഡ്യയിൽ ഉള്ളവരും പാക്കിസ്ഥാനിൽ നിന്ന് വന്നവർ അടക്കമുള്ള സർവ്വ ഹിന്ദു – സിഖ് ജനതയുടെയും ക്ഷേമവും സുരക്ഷയും ഇൻഡ്യൻ ഗവണ്മെന്റിന്റെ ധാർമ്മീക ഉത്തരവാദിത്വത്തിനും അപ്പുറം നിയമപരമായ കടമ തന്നെ ആയിരുന്നു. എന്നാൽ ഗാന്ധിയും നെഹ്രുവും ഇൻഡ്യൻ മുസ്ലിമിന്റെ ക്ഷേമത്തിലും സുരക്ഷയിലും മാത്രം തല്പ്പരരായിരുന്നുള്ളു. പാക്ക് അഭയാർത്ഥികളായി എത്തിയ ഹിന്ദുക്കളെയും അവരുടെ സുരക്ഷ യെയും പറ്റിയുള്ള കടമകളും ചുമതലകളും അവർ പാടെ അവഗണി ക്കുകയാണ് ഉണ്ടായത്.

മുസ്ലിം ലീഗിന്റെയും ജിന്നയുടെയും ആഹ്വാനത്തിന്റെ അനന്തര ഫലമായി (ഡയറക്റ്റ് ആക്ഷൻ) 1946 ആഗസ്തിൽ വൻതോതിൽ ഹിന്ദുക്കളെ ബംഗാളിൽ കൊന്നൊടുക്കി. കൂടാതെ വെസ്റ്റ് പഞ്ചാബി ൽ ഹിന്ദുക്കളെയും സിഖ്കാരെയും 1947ന്റെ ആരംഭത്തിൽ കൊന്നൊ ടുക്കുകയുണ്ടായി. ഈ സംഭവങ്ങളുടെ അടിസ്ഥാനങ്ങൾ ഉള്ളിൽ വച്ചുകൊണ്ട് ചില ബ്രിട്ടിഷ് ജെനറൽ ഉദ്യോഗസ്ഥർ ഹിന്ദു, സിഖ് ജനതയെ സുരക്ഷിതമായ മറ്റ് പ്രദേശങ്ങളിലേയ്ക്ക് മാറ്റിപാർപ്പി ക്കുവാൻ നെഹ്രുവിനോട് ഉപദേശിച്ചു. എന്നാൽ ഈ നിർദ്ദേശങ്ങളെ നെഹ്രു പാടെ അവഗണിക്കുകയാണ് ഉണ്ടായത്. (എ ലെറ്റർ ബൈ ബി.വി. ലിമായെ – ഓർഗനൈസർ 20/09/2000).

ഇനി നമുക്ക് ഗാന്ധി മുസ്ലിങ്ങളുടെ ക്ഷേമത്തിൽ എത്രമാത്രം തല്പ്പരനായിരുന്നു എന്ന് നോക്കാം. ബ്രിട്ടിഷ് ഗവർണ്ണർ ബറൊവ്സ് സ്ഥാനം ഒഴിയവെ, ഉടനടി വെസ്റ്റ് ബംഗാളിൽ ഗവർണ്ണറെ നിയമിച്ചു. സർദാർ പട്ടേൽ കെ.എം മുൻഷിയെ നിർദ്ദേശിച്ചെങ്കിലും, മുസ്ലിങ്ങൾ തങ്ങൾക്ക് യാതൊരു അനുകമ്പയും ലഭിക്കുകയില്ല എന്ന് ചിന്തിക്കു കയും അക്കാരണത്താൽ തന്നെ അദ്ദേഹത്തെ നിരാകരിക്കും എന്ന് ഗാന്ധി അഭിപ്രായപ്പെട്ടത് കൊണ്ട് സർദാർജി ആ സ്ഥാനത്തേയ്ക്ക് രാജാജിയുടെ (സി.രാജഗോപാലാചാരി) പേർ നിർദ്ദേശിച്ചു. ഗാന്ധി യും നെഹ്രുവും ആ നിർദ്ദേശത്തോട് പരിപൂർണ്ണമായ പിന്തുണ പ്രഖ്യാപിച്ചു. രാജാജി വെസ്റ്റ് ബംഗാൾ ഗവർണറായി നിയോഗിക്ക പ്പെടുകയും ഹിന്ദുക്കളെയും സിഖ്കാരെയും വെട്ടിയരിഞ്ഞ് പാക്കി സ്താൻ ഉണ്ടാക്കിയ മുസ്ലീം ലീഗിലെ മുസ്ലിങ്ങളുടെ താല്പര്യങ്ങളെ സംരക്ഷിക്കുകയും ചെയ്തു.(രാജാജി സ്റ്റോറി 1937 ടു 72 ബൈ രാജ് മോഹൻ ഗാന്ധി– പബ്ലിഷ്ഡ് ബൈ ഭാരതീയ വിദ്യാഭവൻ).

ഇത്തരത്തിൽ തന്നെ കരാറിന് വിപരീതമായി മി. ശ്രീപ്രകാശ (പാക്കിസ്ഥാനിൽ നിയോഗിക്കപ്പെട്ട പ്രഥമ ഇൻഡ്യൻ ഹൈക്കമ്മിഷ് ണർ)ക്ക് പാക്കിസ്ഥാൻ വിടുന്ന ഹിന്ദുക്കളുടെ കാര്യത്തിൽ യാതൊരു

താല്പര്യവും ഉണ്ടായിരുന്നില്ല എന്ന് മാത്രമല്ല ഇൻഡ്യയിൽ നിന്നും പാക്കിസ്താനിലേയ്ക്ക് കുടിയേറുന്ന മുസ്ലിങ്ങളുടെ കാര്യങ്ങളിൽ അദ്ദേഹം അതീവ തല്പ്പരനായിരുന്നുതാനും. അത് അദ്ദേഹം ഈ പുസ്തകത്തിൽ അംഗീകരിക്കുന്നുമുണ്ട്.( പാക്കിസ്ഥാൻ – ബർത്ത് ആൻഡ് എർളി ഡേയ്സ്, പേജ് 43, ‘ ഭരണഘടനാപരമായി പറയുകയാണെങ്കിൽ പാക്കിസ്താനിലെ ഹിന്ദുക്കളേക്കാൾ (അവർ പാക്കിസ്താൻ ഗവണ്മെന്റിന്റെ ഉത്തരവാദിത്വമാണ്) ഞാൻ അവരിൽ (മുസ്ലീങ്ങൾ) കൂടുതൽ തല്പ്പരനാണ്. കാരണം അവർ ഇൻഡ്യയിൽ നിന്നുള്ള മുസ്ലിങ്ങളാണ് ’. ‘അദ്ദേഹം ഇൻഡ്യൻ മുസ്ലീങ്ങളെ ഇൻഡ്യ യിലേക്ക് തന്നെ മടങ്ങുവാൻ പ്രേരിപ്പിക്കുകയും അതിന് സഹായം ചെയ്ത് കൊടുക്കുകയും ചെയ്തിരുന്നു. അവർ അതിന് തയ്യാറാകു കയാൽ തിരികെ ഇൻഡ്യയിലേയ്ക്ക് പോരുവാനുള്ള പെർമിറ്റ് നിരാകരിക്കുന്ന മേലുദ്യോഗസ്തരോട്– ഡെപ്യൂട്ടി. ഹൈകമ്മിഷ്ണർ, ഐ.സി.എസ് ഓഫീസർ; കയ്പ്പു നിറഞ്ഞതും വിദ്വേഷം കലർന്ന തുമായ ബന്ധങ്ങളാണ് ശ്രീപ്രകാശ നിലനിർത്തിയിരുന്നത്’ (പേജ്31).

ഡൽഹിയിൽ മുസ്ലിങ്ങളുടെ ആവശ്യ പ്രകാരം ട്രാൻസിറ്റ് ക്യാമ്പുകളിൽ നിന്നും റയിൽവേ സ്റ്റേഷനിലെ അഭയാർത്ഥി ട്രെയിനു കളിൽ നിന്നും അഭയാർത്ഥികളെ തിരികെ വീട്ടിൽ എത്തിച്ചിരുന്നു. (കാബേജ് ആൻഡ് കിങ്ങ്സ്, ബൈ വി.പി. ബാട്ടിയ, ഓർഗനൈസർ 24–04–1994). കൂടാതെ മുസ്ലീങ്ങൾക്ക് വേണ്ടി ഗാന്ധിയുടെ മരണം വരെ നിരാഹാരവും അവർക്ക് നല്ല കാലാവസ്ഥയും പരിചരണവും നൽകി കൊണ്ടിരുന്നു. അവരുടെ ഒഴിവാക്കപ്പെട്ട സ്ഥലങ്ങളിലും വീടുകളിലും പടിഞ്ഞാറൻ പാക്കിസ്ഥാനിൽ നിന്നുള്ള ഹിന്ദു, സിഖ് ജനത താമസിച്ചു. എന്നിരുന്നാലും മുസ്ലീങ്ങളുടെ ഇഷ്ടമില്ലാതെ ഒരു മുസ്ലിം സാന്ദ്രത നിറഞ്ഞ പ്രദേശങ്ങളിലും ഹിന്ദുക്കൾ താമസിക്കാൻ കൂട്ടാക്കിയിരുന്നില്ല. (ഗ്ലിംസെസ് ഓഫ് ബാപ്പു– ബൈ മനുബെൻ ഗാന്ധി, പേജ് 188–89).

ഇവിടെ ഒരു സംഭവം കൂടി ചൂണ്ടിക്കാട്ടുന്നത് നന്നായിരിക്കും. ഹിന്ദുമഹാസഭാ നേതാവ് ഡോ.ഖാരെ ഭരണഘടനാ അസംബ്ലിയിൽ ചോദിച്ചു.‘പാക്കിസ്താനിലെ എല്ലാ ഹിന്ദുക്കളെയും സിഖ്കാരെയും ഇൻഡ്യൻ പൗരന്മാരായി പ്രഖ്യാപിച്ച് അവർക്ക് സംരക്ഷണം ഉറപ്പ് വരുത്തണമെന്ന്..... എന്നാൽ സർദാർ പട്ടേൽ മറുപടി പറഞ്ഞത് ’ ഗവണ്മെന്റ് ആർക്കും വേണ്ടി അത്തരത്തിൽ ഒരു പ്രഖ്യാപനം നടത്താൻ തയ്യാറല്ല എന്നായിരുന്നു. (ട്രിബ്യൂൺ,09/12/1947). ഇവിടെ സർദാർ പട്ടേലിൽ നമുക്ക് പാക്കിസ്താനിൽ ദാരുണം മരിച്ച് വീണു കൊണ്ടിരിക്കുന്ന ഹിന്ദുക്കളെ സഹായിക്കാൻ തയ്യാറല്ലാത്ത ഉരുക്കു

മനുഷ്യനെ ദർശിക്കാൻ സാധിക്കും. ഇത് തീർച്ചയായും ഗാന്ധിയുടെ പൈശാചീകമായ പ്രഭാവവും ചീത്ത കൂട്ടുകെട്ടും കൊണ്ടാണ് എന്ന് മനസ്സിലാക്കാൻ സാധിക്കുന്നത്. അത് തന്നെയാണ് അദ്ദേഹത്തെ തന്റെ ധാർമ്മികവും നിയമപരമായതുമായ കടമയിൽ നിന്ന് പിന്തിരിപ്പിക്കുന്നതും. എങ്ങിനെയാണ് പാക്കിസ്താനിലെ മർമ്മച്ഛേദകമായ അവസ്ഥയിൽ നിസ്സഹായരായ ഹിന്ദുക്കൾക്ക് സർദാർ പട്ടേലിന്റെ മുന്നിൽ വരുവാനും ഇൻഡ്യൻ പൗരത്വത്തിന് വേണ്ടി അപേക്ഷ സമർപ്പിക്കുവാൻ കഴിയുന്നതും. അത് ചിന്തക്ക് തന്നെ അപ്പുറമാണ്.

പാക്കിസ്താൻ ഹിന്ദുക്കളെയും സിഖ്കാരെയും ഇല്ലാതാക്കാൻ ശ്രമിക്കുന്ന ഈ സാഹചര്യത്തിൽ ഇൻഡ്യൻ ഭരണാധികാരികൾ അവരുടെ കടമകൾ മനപ്പൂർവ്വം മറന്നു. ഏകദേശം 10 ലക്ഷം (ഒരു മില്യൺ) ഹിന്ദു-സിഖ് ജനതയെ മുസ്ലിങ്ങൾ 1947 ൽ (കൂടുതലും പടിഞ്ഞാറൻ പാക്കിസ്താനിൽ) കൊന്നൊടുക്കി. ശേഷിക്കുന്ന ഒന്നര (1.5) കോടി ഹിന്ദു ജനത ഒരുകണക്കിന് ഇൻഡ്യയിൽ എത്തപ്പെട്ടു. ഭീകരമായ ഈ ദുരന്തത്തിന്റെ കാരണക്കാരൻ തീർച്ചയായും ഗാന്ധിയാണ്. ( പാർട്ടിഷ്ൺ ദ... ഫേസ് ഓഫ് ദ കണ്ട്രി ബൈ എച്. ഡി. ഷൂരീ, ദ ട്രിബ്യൂൺ 11-12-1997).

ഗാന്ധി 1947ൽ 10 ലക്ഷം ഹിന്ദുക്കളെ കൊന്നതിന് ആണ് കാരണക്കാരനായതെങ്കിൽ, ഗാന്ധിയൻ രത്നമായ മകളും, ജവഹർ ലാൽ നെഹ്രുവും, ഇന്ദിരാഗാന്ധിയും കൂടി 30 ലക്ഷം ഹിന്ദുക്കളെ കിഴക്കൻ പാക്കിസ്താനിൽ 1971 ൽ കൊലചെയ്തതിന് കാരണക്കാരായി. (ബംഗ്ലാദേശ് ഗവണ്മെന്റിനോട് പാക്കിസ്താൻ ഇതിന് ക്ഷമാപണം നടത്തി. ട്രിബ്യൂൺ 29-ജനുവരി-1998, 14-സെപ്തംബർ-2000). ഫലത്തിൽ 30 ലക്ഷം പേരും ഹിന്ദുക്കളായിരുന്നു. ജസ്റ്റിസ്. ഹംദൂർ റഹ്മാൻ കമ്മിഷൻ റിപ്പോർട്ട് വ്യക്തമാക്കുന്നത് ശ്രീ. അടൽ റാവത്ത്, 3-സെപ്തംബർ-2000 ഓർഗനൈസറിലെ ലേഖനത്തിൽ ചൂണ്ടിക്കാട്ടുന്നു.‘‘ ഇൻഡ്യാ ടുഡേ ഉദ്ദരിക്കുന്നത് ഒരു ഉദ്യോഗസ്തൻ കമ്മിഷനോട് പറയുന്നത് ജെനറൽ നിയാസി, എത്രയോളം ഹിന്ദുക്കളെ നാം കൊന്നു എന്ന് സ്വയം ചോദിക്കുന്നതിനെപ്പറ്റി ആണ്. മെയ് മാസത്തിൽ ഹിന്ദുക്കളെ കൊല്ലാൻ ഓർഡർ ഉണ്ടായിരുന്നതിനാൽ പാക്കിസ്താൻ ആർമി മുസ്ലിങ്ങളിൽ നിന്നും തിരിച്ചറിയാൻ ഹിന്ദുക്കളുടെ വീടിനു മേൽ ‘H’ എന്ന് മഞ്ഞ പെയിന്റിൽ അടയാളപ്പെടുത്തിയിരുന്നു.

അടിസ്ഥാനപരമായ ചോദ്യം ഇതാണ്; ഇന്ദിരാഗാന്ധി പ്രധാന മന്ത്രിയായിരുന്ന വേളയിൽ എന്തുകൊണ്ട് കിഴക്കൻ പാക്കിസ്താനിലെ ഹിന്ദുക്കളുടെ ജീവന് സംരക്ഷണം നൽകിയില്ല?. നമ്മുടെ

സുരക്ഷാ സേന പിടിച്ചു കെട്ടിയ ഒരു ലക്ഷം പാക്കിസ്ഥാനികളായ പട്ടാളക്കാരെ ശിക്ഷിക്കുന്നതിന് പകരം അവരെ ഉല്ലസിപ്പിച്ചും നല്ല ഭക്ഷണവും സജ്ജീകരണങ്ങളും കൊടുത്ത് തൃപ്തിപ്പെടുത്തിയ ശേഷം പാക്കിസ്താനെ തിരികെ ഏൽപ്പിച്ചു. അവരെല്ലാവരും 30 ലക്ഷം ഹിന്ദുക്കളെ കൊന്നതിനും മറ്റ് ഹീനകൃത്യങ്ങൾ പ്രവർത്തിച്ച തിനും വധശിക്ഷക്ക് അർഹരായിരുന്നു. 1946 ലെ ഡയറക്റ്റ് ആക്ഷൻ അടക്കം സന്ദർഭങ്ങൾക്കനുസരിച്ച് 30 ലക്ഷം ഹിന്ദുക്കളെ കൊന്നൊടു ക്കിയതിന് ഉത്തരവാദികളായ മുസ്ലിങ്ങൾക്ക് ഈസ്റ്റ് ബംഗാൾ കൈമാറി. കൂടാതെ ബുദ്ധമതക്കാരുടെ സാന്ദ്രതകൂടിയ ചിറ്റോങ്ങ് ഹില്ലും കൂടി ഈ മുസ്ലീങ്ങൾക്ക് പകുത്ത് കൊടുത്തു. ഇന്ന് ബുദ്ധമത ക്കാർ അഭയാർത്ഥികളായി അവിടെ നിന്നും ഇൻഡ്യയിലേക്ക് വരുന്നു. ഏത് മാർഗ്ഗത്തിലാണോ ബംഗ്ലാദേശ് നാം അവർക്ക് നൽകിയത്. അതിനു പകരമായി സൈന്യത്തിനും നമുക്കും വലിയ വിലതന്നെ കൊടുക്കേണ്ടിവന്നു. സത്യത്തിൽ ബംഗ്ലാദേശ് നിർമ്മിച്ച് നൽകിയ തിന് പകരം വെസ്റ്റ് പഞ്ചാബിലേയും ഈസ്റ്റ് ബംഗാളിലേയും മുസ്ലിം ങ്ങളെ പരസ്പരം തമ്മിലടിക്കാൻ അനുവദിക്കുകയാണ് വേണ്ടിയിരു ന്നത്. ഇന്ന് ബംഗ്ലാദേശ് മറ്റൊരു പാക്കിസ്താനായി വളർന്നു കൊണ്ടിരിക്കുന്നു. ഇൻഡ്യ- പാക്കിസ്താൻ വിഭജന ന്യായം നിരത്തി ഇൻഡ്യയിൽ കുഴപ്പമുണ്ടാക്കാൻ പാകിസ്താന് കൂടുതൽ സമയവും ഊർജ്ജവും വിനിയോഗിക്കണമെങ്കിൽ വളർന്നു വരുന്ന ബംഗ്ലാദേശി ന് അത് വേണ്ടി വരുകയില്ല.

## കൊൽക്കത്ത ഹിന്ദുക്കളെ കൊല്ലാൻ മുസ്ലിം കൊലപാതകിക ൾക്ക് ഗാന്ധിയുടെ തുണ

പാക്കിസ്താന്റെ രൂപീകരണത്തിന് വേണ്ടി ജിന്നയും മുസ്ലിം ലീഗും കൂടി ആഹ്വാനം ചെയ്ത 16-ആഗസ്ത്-1946 ലെ ഡയറക്റ്റ് ആക്ഷന്റെ ഫലമായി വെറും രണ്ട് ദിവസത്തിനുള്ളിൽ 20000 ഹിന്ദു ക്കളെയാണ് മുസ്ലിങ്ങൾ വെട്ടിക്കൊലപ്പെടുത്തിയത്. 15000 പേർക്ക് മുറിവേൽക്കപ്പെട്ടു. ആ സമയത്ത് സുഹ്രാവർദി നയിക്കുന്ന മുസ്ലിം ലീഗ് ഗവണ്മെന്റാണ് ബംഗാൾ ഭരിച്ചിരുന്നത്. സുഹ്രാവർദി സ്വയം പോലീസ് ചീഫ് കണ്ട്രോൾ റൂം നിർമ്മിക്കുകയും സ്ഥിതിഗതികളെ നിയന്ത്രിക്കുന്നതായി വരുത്തി തീർക്കുകയും ചെയ്തു. നിർദ്ദേശം ലഭിക്കാഞ്ഞതിനാൽ പോലീസ് രണ്ട് ദിവസം ഒരു റൗണ്ട് വെടി പോലും ഉതിർക്കാതെ നിഷ്ക്രീയരായി നോക്കി നിന്നു. ജെനറൽ ബട്ചർ (ആർമി കമാന്റർ) കൽക്കത്ത സന്ദർശിച്ച ലോഡ് വാവെലി

നോട് റിപ്പോർട്ട് ചെയ്തത് സുഹ്രാവർദിയുടെ പൂർണ്ണമായും മതപരമായ ചായ്‌വിനെ പറ്റിയാണ് (രാജാജി സ്റ്റോറി, പേജ് 123-124)

മുന്നേ പറഞ്ഞതുപോലെ ഗാന്ധിജി കൊൽക്കത്ത ഹിന്ദുക്കളെ കൊന്നൊടുക്കിയ രാജാജിയെ ആണ് മുസ്ലീങ്ങളുടെ സുരക്ഷക്കായി ബംഗ്ലാദേശിന്റെ ഗവർണറായി ചുമതല ഏൽപ്പിച്ചത്. അതുകൊണ്ടും ഗാന്ധി തൃപ്തനായില്ല. അദ്ദേഹം കൊൽക്കത്തയിലെത്തി. സുഹ്രാവർദിയോട് ഗാന്ധി നമുക്ക് ഒരുമിച്ച് താമസിക്കാം എന്ന് പറഞ്ഞു. സുഹ്രാവർദി അത് അംഗീകരിച്ചു. ഗാന്ധി ബെല്ലിയഘാട്ടയിൽ എത്തിയത് കണ്ട 200 ഓളം ഹിന്ദു പ്രവർത്തകർ 'ഗാന്ധിയോട് തിരിച്ച് പോകുക' എന്ന് മുദ്രാവാക്യം മുഴക്കി. (രാജാജി സ്റ്റോറി,പേജ് 143)

ആഗസ്ത് 15 ന് ശേഷം കൊൽക്കത്തയിൽ മുസ്ലീം ചേമ്പർ ഓഫ് കോമേഴ്സിന് മുന്നാൽ പ്രസംഗിക്കവേ രാജാജി വ്യക്തിപരമായി ഒരു പ്രതിജ്ഞ ചെയ്തു.'എന്റെ തെറ്റുകളും ദൂഷ്യങ്ങളും എന്തുതന്നെ ആയിരുന്നാലും, ഞാൻ നിങ്ങൾക്ക് ഉറപ്പ് നല്കുന്നു, മേലാൽ എന്റെ ജീവിതത്തെ മനപ്പൂർവ്വം ഒരു മതത്തിനും ജാതിക്കും വേണ്ടി അനീതി കൊണ്ട് കളങ്കപ്പെടുത്തുകയില്ല അത് ഏത് സാഹചര്യത്തിൽ ആയിരുന്നാലും'. സ്വാതന്ത്രത്തിന് മൂന്നാഴ്ചക്ക് ശേഷം കൊൽക്കത്തയിലെ മുസ്ലിങ്ങൾക്ക് എതിരെ ഹിന്ദുക്കൾ പ്രതികാരം ചെയ്യുകയും കുറച്ച് മുസ്ലീങ്ങൾ മരണപ്പെടുകയും ചെയ്തു. എല്ലായിപ്പോഴും എന്നപോലെ ഗാന്ധി അതിനെതിരെ ശബ്ദമുയർത്തി വഷളാക്കി. കുപിതരായ ഹിന്ദു പ്രവർത്തകർ ഗാന്ധിയുടെ ഭവനം ആക്രമിക്കുകയും ഹിന്ദുക്കൾ അനുഭവിച്ചത് കൂടി ഒന്ന് ഓർക്കുന്നത് നന്നായിരിക്കുമെന്ന് ഗാന്ധിയെ ശകാരിക്കുകയും ചെയ്തു. ഒരു കല്ലും വടിയും ഗാന്ധിക്ക് നേരെ പാഞ്ഞു ചെന്നെങ്കിലും അത് ലക്ഷ്യത്തിൽ നിന്നും അല്പം മാറി പ്പോയി. ആൾക്കൂട്ടത്തെ ശാന്തമാക്കാനുള്ള മഹാത്മാവിന്റെ ശ്രമങ്ങൾ വിഫലമായിത്തീർന്നു. അദ്ദേഹത്തിന്റെ പ്രതികരണം... നിരാഹരസമര പ്രഖ്യാപനത്തിൽ അവസാനിച്ചു. (പേജ് 148)

നിരാഹാരത്തിന്റെ നാലാം നാൾ ഏകദേശം 500 ഓളം വരുന്ന കെൽക്കത്തയിലെ മുഴുവൻ പോലീസുകാരും, ബ്രിട്ടിഷ്, ആംഗ്ലോ ഇൻഡ്യൻ ഉദ്യോഗസ്ഥർ അടക്കം ഡ്യൂട്ടിക്ക് ഇടയിൽ 24 മണിക്കൂർ ഉപവാസം നടത്തി. വൈകുന്നേരം ഇരുട്ടി തുടങ്ങിയപ്പോഴേക്കും രാജാജി, ക്രിപാലാനി, സുഹ്രാവർദി, ഗോഷ് എന്നിവർ വന്ന് സ്ഥിതി സമാധാന പൂർണ്ണമാക്കിയിട്ടുണ്ട് എന്ന് അറിയിച്ചു. ചർച്ചയ്ക്കിടെ സോഷ്യലിസ്റ്റ് നേതാവ് രാം മനോഹർ ലോഹിയ ആയുധം വച്ച് ക്ഷമാപണം നടത്തി കീഴടങ്ങിയ 5 യുവാക്കളെ മുറിയിലേക്ക് കൊണ്ട് വന്നു. രാത്രി 09:15 ആയപ്പോൾ ഗാന്ധി നിരാഹാരം അവസാനിപ്പിച്ചു.

എത്ര കൊടും കുറ്റവാളികളായിരുന്നാലും സംഭ്രമജനകമായ ആവേശത്തോടുകൂടി മുസ്ലിങ്ങളെ സരക്ഷിക്കാനുള്ള തത്രപ്പാട് ഗാന്ധിയിൽ എന്നും പ്രകടമായിരുന്നു.

## പടിഞ്ഞാറൻ പഞ്ചാബിലെ മുസ്ലിങ്ങൾ പാക്കിസ്താനിലേക്ക് കുടിയേറുന്നത് ഗാന്ധി തടഞ്ഞു. മാസ്റ്റർ താരാസിംഗ് ഗാന്ധിയെ എതിർത്തു.

ഗാന്ധിയിൽ നിന്നുള്ള എതിർപ്പിന് വിരുദ്ധമായി നെഹ്രു, മൗലാനാ ആസാദ്, സിഖ് നേതാവ് മാസ്റ്റർ താരാസിംഗ് എന്നിവർ 5-സെപ്തംബർ-1947 ൽ ലാഹോറിൽ വച്ച് ഇൻഡ്യയും പാക്കിസ്താനും തമ്മിൽ ഒരു ഉടമ്പടി ഒപ്പുവച്ചു. അതനുസരിച്ച് ഈസ്റ്റ് പഞ്ചാബ് (ഇന്നത്തെ പഞ്ചാബ്, ഹരിയാന, ഹിമാചൽ സംസ്ഥാനങ്ങൾ ചേർന്നത്), വെസ്റ്റ് പഞ്ചാബ്, NWFP (നോർത്ത് വെസ്റ്റ് ഫ്രോണ്ടിയർ പ്രൊവിൻസ്) എന്നിവിടങ്ങളിലെ ഹിന്ദുക്കളെയും മുസ്ലിങ്ങളെയും പരിപൂർണ്ണമായി ഇരു രാജ്യങ്ങളും കൈമാറ്റം ചെയ്യണമായിരുന്നു. എന്നാൽ ഈ കരാറിനെ പൂർണ്ണമായി അവഗണിച്ചു കൊണ്ട് ഗാന്ധി പാനിപ്പത്തിൽ എത്തുകയും മുസ്ലിം കുടിയേറ്റം തടയുകയും ചെയ്തു. ഗാന്ധിയുടെ അഹങ്കാരത്തിന് തടയിടാൻ മാസ്റ്റർ താരാസിംഗും അവിടെ എത്തി. 06-ഡിസംബർ-1947 ലെ ട്രിബ്യൂണിൽ വന്ന വാർത്ത അനുസരിച്ച് 'വെസ്റ്റ് പഞ്ചാബിലെ ഹിന്ദുക്കളുടെയും സിഖുകാരുടെയും സ്വത്തുക്കളും വീടുകളും സംരക്ഷിക്കുന്നതിൽ ഇൻഡ്യാ ഗവണ്മെന്റ് പരാജയപ്പെട്ടതിന് എതിരെ മാസറ്റർ താരാസിംഗ് കോൺഗ്രസ്സ് ഗവണ്മെന്റിനെ കുറ്റപ്പെടുത്തുന്നത് റിപ്പോർട്ട് ചെയ്യപ്പെട്ടിരിക്കുന്നു. കൂടാതെ ഗാന്ധിയും മറ്റു ചില ഗവണ്മെന്റ് ഉദ്യോഗസ്തരും പാനിപ്പത്തിൽ മുസ്ലിം കുടിയേറ്റം നിരുത്സാഹപ്പെടുത്തുന്നതും ചൂണ്ടിക്കാട്ടിയിരിക്കുന്നു. ഈ കരാർ പ്രാബല്യത്തിൽ ഇരിക്കുന്നതിനാൽ ഈസ്റ്റ് പഞ്ചാബിൽ നിന്നും വെസ്റ്റ് പഞ്ചാബിൽ നിന്നും പൂർണ്ണമായും മുസ്ലിങ്ങളെ ഒഴിപ്പിക്കുമെന്ന് അദ്ദേഹം ഓർമ്മിപ്പിക്കുന്നു. പഞ്ചാബ്, ഹരിയാന, ഹിമാചൽ എന്നിവിടങ്ങളിലെ മുസ്ലിങ്ങളെ ഒഴിപ്പിച്ചതിന്റെ പൂർണ്ണമായ അഭിനന്ദനം മാസ്റ്റർ താരാസിംഗിന് മാത്രം അർഹിക്കുന്നതാണ്. എന്നിരുന്നാലും ഇന്ന് ഈ സംസ്ഥാനങ്ങളിൽ മുസ്ലിങ്ങൾ തിങ്ങി നിറഞ്ഞിരിക്കുന്നു. അതിന് കാരണം മുസ്ലിങ്ങൾ എളുപ്പത്തിൽ പെറ്റുപെരുകുന്നത് പ്രോത്സാഹിപ്പിക്കുന്ന ഒരു ജാതി ആയതിനാൽ തന്നെയാണ്.

ഈസ്റ്റ് പഞ്ചാബ് അഭയാർത്ഥി പുനരധിവാസ മന്ത്രി ആയിരുന്ന സർദാർ ഈശ്വർ മജ്ഹൈൽ ബാംഗയിൽ വച്ച് ഒരു പൊതുപ്രസംഗ

ത്തിൽ ഇപ്രകാരം പറഞ്ഞു. ‘‘ ഇരു രാജ്യങ്ങൾ എന്ന ആശയത്തിന്റെ രൂപകർത്താക്കൾ (പാക്കിസ്താനും, മുസ്ലിംങ്ങളും) ഇൻഡ്യയിൽ നിന്നുള്ളതും പാകിസ്താനിലുള്ളതുമായ മുസ്ലിങ്ങളെ പുനരധിവസിപ്പിക്കുന്നതിൽ വൻ പ്രതിസന്ധിയാണ് നേരിടുന്നത്. (ട്രിബ്യൂൺ, 18-10-1947, ഫ്രണ്ട് പേജ്)

## അദ്ധ്യായം-2

# കാശ്മീർ പ്രശ്നം ; ഗാന്ധി-നെഹ്രു സൃഷ്ടി ഹിന്ദുകൂട്ടക്കൊലയുടെ ഉത്തരവാദികൾ

ഗാന്ധി കാരണം മാത്രമാണ് നെഹ്രു പ്രധാനമന്ത്രി പദത്തിൽ എത്തിയത്. അല്ലെങ്കിൽ ആ സ്ഥാനം സർദാർ പട്ടേൽ അലങ്കരിക്കുമായിരുന്നു. അതിനാൽ സ്വന്തം പാപങ്ങൾക്ക് ഉപരിയായി നെഹ്രു ചെയ്ത തെറ്റുകൾക്കും ഉത്തരവാദി ഗാന്ധി മാത്രമാണ്. 20 മെയ് 1948 ലെ പ്രാർത്ഥനാ യോഗത്തിൽ ഗാന്ധി പറഞ്ഞു.'' മനോഹരമായ ഈ പുണ്യഭൂമി ത്യാഗവും, സേവന തല്പ്പരതയും നിറഞ്ഞ ഒരു മഹത്തായ ആത്മാവിന് ജന്മം കൊടുത്തതിൽ ഭാരതഭൂമിയുടെ മക്കളുടെ ഹൃദയങ്ങൾ ഹർഷപുളകം കൊള്ളേണ്ടതാണ്. ജവഹർലാൽ നെഹ്രു മറ്റുള്ളവരേക്കാൾ ശോഭ നിറഞ്ഞ രത്നമാണ് ''. (ഡൽഹി ഡയറി, പേജ് 362). നെഹ്രുവിനെ കുറിച്ച് ഇത്തരത്തിലുള്ള പുകഴ്ത്തലുകൾ ഗാന്ധിയുടെ പ്രഭാഷണങ്ങളിൽ എപ്പോഴും പ്രകടമായിരുന്നു.

മഹാരാജ ഹരി സിംഗിനെ സ്ഥാനഭ്രഷ്ടനാക്കി ഷൈഖ് അബ്ദുള്ളയ്ക്ക് അധികാരം കൈമാറ്റം ചെയ്തത് ഗന്ധിയുടെ ഗൂഢാലോചനയുടെ ഭാഗമായിരുന്നു. 25-12-1947 ലെ പ്രാർത്ഥനാ പ്രസംഗത്തിൽ ഗാന്ധി പറഞ്ഞു. 'ഷേഖ് അബ്ദുള്ളയെ ഞാൻ കാശ്മീരിന്റെ യഥാർത്ഥ നേതാവായി പരിഗണിക്കുന്നു. കാശ്മീരിലുള്ള എല്ലാവരും അദ്ദേഹത്തെ അനുകൂലിക്കണം. എതിരില്ലാത്ത വലിയൊരു മുസ്ലീം സമൂഹത്തിന്റെ പിന്തുണ അദ്ദേഹത്തിനുണ്ട്. ജമ്മുവിൽ ഉണ്ടായിട്ടുള്ള മുസ്ലിം കൂട്ടക്കൊലകൾക്കും പെൺകുട്ടികളെ തട്ടിക്കൊണ്ട് പോയത് തുടങ്ങീ ദുഖകരമായിട്ടുള്ള എല്ലാ സംഭവങ്ങൾക്കും പരിപൂർണ്ണ ഉത്തരവാദിത്വം മഹാരാജ ഹരി സിംഗിനാണ്. ആയതിനാൽ അതിന്റെ പരിപൂർണ്ണമായ ഉത്തരവാദിത്വം ഏറ്റെടുത്ത് മഹാരാജാ ഹരി സിംഗിനോട് ഗാന്ധിജി അധികാരം ഒഴിയുവാനും ഷേഖ് അബ്ദുള്ളക്ക് അവസരം കൊടുക്കുവാനും നിർദ്ദേശിച്ചു. (ഡൽഹി ഡയറി, പേജ് 283). മുസ്ലിം വർഗ്ഗീയവാദികളുടെ ആവശ്യങ്ങളെക്കാൾ വളരെ അപകടം നിറഞ്ഞതായിരുന്നു ഗാന്ധിയുടെ പ്രസ്ഥാവനകൾ. കാശ്മീർ താഴ്വരയിലെ ഇസ്ലാമീക വർഗീയ വാദികളെ സംതൃപ്തരാക്കുവാൻ വേണ്ടി ജമ്മുവിലെ ഹിന്ദു ഭൂരിപക്ഷത്തെയും ലഡാക്കിലെ ബുദ്ധമത ഭൂരിപക്ഷത്തെയും പാടെ അവഗണിച്ച് കൊണ്ട് ഗാന്ധി

മുസ്ലീങ്ങൾക്കിടയിൽ അനുകൂല പ്രഭാവമുള്ള ഷേഖ് അബ്ദുള്ളക്ക് കാശ്മീർ സംസ്ഥാനം നൽകുവാനും അധികാര കൈമാറ്റം നടത്തുവാനും കടുംപിടുത്തം നടത്തി. എന്തുകൊണ്ട് ഹിന്ദു ഭൂരിപക്ഷ പ്രദേശത്തിലെ ഹിന്ദുക്കൾക്ക് വേണ്ടി അവരുടെ നേതാവിനെ പാടെ അവഗണിച്ചു. ഗാന്ധി രഹസ്യമായി മതം മാറിയിരുന്നോ???.

യഥാർത്യത്തിൽ ദുഷ്ടന്മാരായ പത്തനികളും സിവിൽ വേഷം ധരിച്ചെത്തിയ പാക്കിസ്താനി പട്ടാളവും ജമ്മു-കാശ്മീർ ആക്രമിച്ച് അവർണ്ണനീയമായ തരത്തിലുള്ള ക്രൂരതകളും കൊലപാതകങ്ങളും ഹിന്ദു, സിഖ് ജനതകൾക്കിടയിൽ ഓരോ പട്ടണങ്ങൾ കേന്ദ്രീകരിച്ച് നടത്തി. ഹിന്ദുക്കളെ കൂട്ടക്കൊല ചെയ്യുന്നത് തടയാനും നുഴഞ്ഞു കയറ്റം ഇല്ലാതാക്കാനും കൂടുതൽ സൈന്യത്തെ ജമ്മു- കാശ്മീരിലേയ്ക്കയക്കാൻ നെഹ്രുവിനെ ഉപദേശിക്കുന്നതിന് പകരം ഗാന്ധി കണ്ണുമടച്ച് ഹിന്ദുക്കളെ പഴിച്ചു. പക്ഷപാതപരമായ ഈ സമീപനം ഒരു പാക്ക് ഏജന്റിനെപ്പോലെ ആയിരുന്നു. അങ്ങിനെ രണ്ട് മടങ്ങ് പാപമാണ് ഗാന്ധി അവിടെ നടത്തിയത്. ഒന്ന് ഹിന്ദുക്കൾക്ക് നേരെ നടന്ന കൊലപാതകങ്ങൾ മറയ്ച്ച് വയ്ക്കാൻ ശ്രമിച്ചു. അതിനെതിരെ ഒരക്ഷരം മിണ്ടിയില്ല. രണ്ട് ഹിന്ദുക്കൾ ജമ്മുവിൽ മുസ്ലിങ്ങളെ കൊല്ലുന്നു എന്ന നട്ടാൽ കിളിർക്കാത്ത നുണ പറഞ്ഞ് പരത്തി.

ഗാന്ധി തെളിച്ച വഴിയിലൂടെയും വരച്ച വരയിലൂടെയും തന്നെ തന്റെ തല ഗാന്ധിയുടെ കാൽക്കീഴിൽ വച്ച് നെഹ്രുവും പ്രവർത്തിച്ചു. നെഹ്രു മഹരാജ ഹരിസിംഗിനോട് സ്ഥാനം ഒഴിഞ്ഞ് ഷേഖ് അബ്ദുള്ളയെ അധികാരം ഏൽപ്പിക്കാൻ വെട്ടിത്തുറന്ന് പറഞ്ഞു. ശേഷം കാശ്മീർ ഉപേക്ഷിച്ച് സംസ്ഥാനത്തിന് പുറത്ത് പോകുവൻ നിർദ്ദേശിച്ചു. അങ്ങിനെ സ്ഥാനാരോഹണം സ്വീകരിക്കപ്പെടുകയും സൈന്യം ശ്രീനഗറിൽ എത്തിച്ചേരുകയും ചെയ്തു. (കൺവെർട്ടഡ് കാശ്മീർ ബൈ നരേന്ദ്ര സേഗാൾ, പേജ് 320)

അതിന്റെ അനന്തരഫലമായി പട്ടണങ്ങൾ പട്ടണങ്ങളായി കൊള്ളയടിച്ചും കൊലചെയ്തും ഹിന്ദുക്കൾക്ക് നേരെ അനവധി അതിക്രമങ്ങൾ ചെയ്തും എവിടെയും തടയപ്പെടാതെ പാക്കിസ്താനി നുഴഞ്ഞുകയറ്റക്കാർ ശ്രീനഗറിൽ എത്തി. പാക്കിസ്താനി നുഴഞ്ഞു കയറ്റക്കാർ മിർപൂരിൽ നാടത്തിയ അക്രമങ്ങൾക്ക് ഗാന്ധിയും നെഹ്രുവും മാത്രമാണ് കുറ്റക്കാർ. അവർ എന്ത് ചെയ്തു വെന്ന് കാണിക്കുന്ന ഒരു സംഭവം ഞാൻ ഇവിടെ പറയാം.

മിർപൂർ പട്ടണം, പാക്കിസ്താൻ അതിർത്തിയിൽ മലയോര പ്രദേശത്താണ് സ്ഥിതിചെയ്യുന്നത്. ജമ്മു-കാശ്മീരിലെ ഒരു ജില്ലാ തലസ്ഥാന കാര്യാലയം പ്രവൃത്തിച്ചിരുന്നതും ഇവിടെ ആയിരുന്നു.

1947ൽ 10000 പേർ ആയിരുന്നു ഇവിടുത്തെ ജനസാന്ദ്രത. അതിൽ 80% ഹിന്ദുക്കളും ബാക്കി മുസ്ലിങ്ങളും ആയിരുന്നു. കരാർ പ്രകാരം, മുന്നാലെ ആസൂത്രണം ചെയ്തത് അനുസരിച്ച് 1947ലെ വിഭജന സമയത്ത് മുസ്ലിം കുടുംബങ്ങൾ ഘട്ടം ഘട്ടമായി പട്ടണം ഒഴിഞ്ഞ് പോയി. ഇത് സത്യത്തിൽ മുസ്ലിങ്ങളെ മുഴുവനായും പട്ടണത്തിൽ നിന്ന് ഒഴിപ്പിച്ച ശേഷം ഹിന്ദുക്കളുടെ മേൽ ആക്രമണം നടത്താനുള്ള പാക്കിസ്താന്റെ തന്ത്രമായിരുന്നു. ശേഷം ആ പ്രദേശത്ത് ഹിന്ദു അഭയാർത്ഥികളാൽ നിറഞ്ഞ് ജനസാന്ദ്രത 25000 ആയിത്തീർന്നു.

അപകടം (പാക്കിസ്താന്റെ ചതി) മനസ്സിലാക്കിയ മിർപൂരിൽ നിന്നുള്ള 200 പേർ ജമ്മു വിമാനത്താവളത്തിൽ ചെന്ന് നെഹ്രുവിനെ സന്ദർശിക്കുകയും മിർപൂരിലേയ്ക്ക് സൈന്യത്തെ അയയ്ക്കുവാൻ അപേക്ഷിക്കുകയും ചെയ്തു. പക്ഷെ, '' മിർപൂരിലേക്ക് സൈന്യത്തെ അയയ്ക്കാൻ വേണ്ടും എന്ത് നല്ല പ്രവർത്തിയാണ് നിങ്ങൾ ചെയ്തിട്ടുള്ളത്'' എന്നായിരുന്നു നെഹ്രുവിന്റെ മറുപടി. അനന്തരഫലമായി 23 നവംബർ 1947 ന് പാകിസ്താനി നുഴഞ്ഞുകയറ്റക്കാർ മിർപൂർ ആക്രമിച്ചു. വേണ്ടത്ര സൈന്യം ഇല്ലാത്തതിനാൽ ഡിവിഷണൽ കമാന്റർ റാവു രത്തൻ, പൗരന്മാർക്ക് ആത്മ വിശ്വാസം നല്കുന്നതിന് പകരം സൈനീക ഉദ്യോഗസ്തരും കൂട്ടാളികളുമൊത്ത് 25-നവംബറിന് ഒളിച്ചോടി. ആർ.എസ്.എസ് പ്രവർത്തകർ നുഴഞ്ഞു കയറ്റക്കാർക്ക് എതിരെ പോരാടി നിന്നെങ്കിലും വൻതോതിലുള്ള നുഴഞ്ഞു കയറ്റക്കാർക്ക് സംഘപ്രവർത്തകർ വലിയ പ്രതിബന്ധം ആയിരുന്നില്ല. 25 നവബറിന് മീർപ്പൂർ തകർന്നടിഞ്ഞു. ആളുകൾ എങ്ങോട്ടെന്നില്ലാതെ പരക്കം പാഞ്ഞു. വൻതോതിൽ കൊള്ളയും കൊള്ളിവയ്പ്പും ബലാത്സംഗങ്ങളും നടന്നു. സ്ത്രീകൾ അഭിമാനം രക്ഷിക്കാൻ ആത്മഹത്യ ചെയ്യുകയോ, അല്ലെങ്കിൽ ജിഹാദി പാക്ക് മുസ്ലിങ്ങളുടെ കയ്യിൽ അകപ്പെട്ട് ബലാത്സംഗത്തിന് ഇരയായി അപമാനം സംഭവിക്കാതിരിക്കാൻ അവരുടെ പ്രീയപ്പെട്ടവർ തന്നെ കൊല്ലുകയോ ചെയ്തു. അടച്ചുപൂട്ടിയ വീടുകൾക്കുള്ളിൽ സുരക്ഷിത രാണെന്ന് കരുതിയവർ അതിക്രൂരമായി കൊല ചെയ്യപ്പെടുകയോ നിഷ്ഠൂരമായ സാഹചര്യങ്ങളിൽ തടവിലാക്കപ്പെടുകയോ ചെയ്യപ്പെട്ടു.

ചിതറിയോടിയവർ തങ്ങളുടെ കുടുംബങ്ങളുമായി ജമ്മു ലക്ഷ്യമാക്കി നീങ്ങി. എന്നാൽ പാക്കിസ്താനികളാൽ വളയപ്പെട്ട അവർ കുപ്രസിദ്ധമായ അലിബെഗ് കാമ്പിൽ എത്തപ്പെട്ടു. ജൂതന്മാരെ സർവ്വനാശം ചെയ്ത ജെർമ്മനിയിലെ ഔഷെൻവിത്സിൽ നിന്നും ഒട്ടും വിഭിന്നമായിരുന്നില്ല അലിബെഗ് കാമ്പിലെ അവസ്ഥ.

യുവതികളും സുന്ദരികളും ചെറിയ പെൺകുട്ടികൾ ഉൾപ്പടെയുള്ളവർ ഹറേമിൽ (ഇസ്ലാമീക വെപ്പാട്ടി ഭവനം) എത്തപ്പെടുകയോ അറബികൾക്ക് വില്ക്കപ്പെടുകയോ ചെയ്യപ്പെട്ടു. പുരുഷന്മാരെ പീഡിപ്പിച്ച് കൊല്ലുകയോ അടിമകളായ വേലക്കാരാക്കുകയോ ചെയ്തു.

അവസാനം നിസ്സഹായരായ അഭയാർത്ഥികളെ രക്ഷപ്പെടുത്തുവാനായി അന്താരാഷ്ട്ര റെഡ് ക്രോസ് എത്തിയെങ്കിലും 25000 ഹിന്ദുക്കളിൽ വെറും 4600 ഹിന്ദുക്കളെ മാത്രമേ അവർക്ക് കണ്ടെത്തുവാനായുള്ളു. ബാക്കി 20400 ഹിന്ദുക്കൾ എവിടെപ്പോയി എന്നുള്ളതിന് ഇന്നും ഒരു ഉത്തരം ഇല്ല. അലിബെഗ് കാമ്പിലെത്തിയ ഭൂരിപക്ഷം സ്ത്രീകളും പെൺകുട്ടികളും പിന്നീട് ഝലം കനാലിൽ ചാടി ആത്മഹത്യ ചെയ്തു. (ഫാൾ ഓഫ് മിർപൂർ ബൈ എസ്. കുമാർ മഹാജൻ, ഓർഗനൈസർ, 04-01-1998, ബൈ അനുപമ മഹാജൻ ആൻഡ് സൻസാർ ചന്ദെർ, ദ ട്രിബ്യൂൺ സാറ്റർഡേ പ്ലസ്, 29-11-97, ടിയർഫുൾ മെമറീസ് ഓഫ് മിർപൂർ ബൈ സൻസർ ചന്ദെർ ആസ് എ വിക്ടിം, ദ ട്രിബ്യൂൺ, 21-11-1998).

ഹിന്ദുക്കളുടെ ജീവൻ രക്ഷിക്കുക എന്ന കടമയിൽ നിന്നും നെഹ്രു മനപ്പൂർവ്വം പിൻമാറിയതാണ് എന്ന് ആർക്കും എളുപ്പം മനസ്സിലാക്കാവുന്നതാണ്. ആയതിനാൽ ഗാന്ധിയും നെഹ്രുവും വ്യക്തിപരമായി ഈ ഹിന്ദുകൂട്ടക്കൊലകളിൽ കുറ്റക്കാരാണ് എന്നതിൽ ലവലേശം സംശയമില്ല. ആയതുകൊണ്ട് അവരെയും കുറ്റവാളികളുടെ ഗണത്തിൽ തന്നെ പെടുത്തേണ്ടതാണ്.

## അദ്ധ്യായം-3

# ഗാന്ധിയുടെ കാപട്യം നിറഞ്ഞ അക്രമരാഹിത്യം (അഹിംസ) നാടകം

ഗാന്ധിജിയെ സംബന്ധിച്ചിടത്തോളം മുസ്ലിങ്ങൾ കൂട്ടക്കൊല നടത്തുന്നതിനെ എതിർക്കാതെ ഹിന്ദുക്കൾ സ്വയം മരിച്ചു വീഴാൻ തയ്യാറാകുന്നതിനെ അക്രമരാഹിത്യം എന്ന് വിളിക്കാം. അത് തന്നെയാണ് ഗാന്ധി ഹിന്ദുക്കൾക്കിടയിൽ പ്രസംഗിച്ച് ഫലിപ്പിക്കാൻ ശ്രമിച്ചിരുന്നതും. വിനയത്തോടെയുള്ള ഇതിന്റെ അനുഷ്ഠാനമില്ലായ്മ ഹിന്ദുക്കളെ ഗാന്ധിയുടെ കണ്ണിൽ ഇസ്ലാമീക വിരോധികളാക്കി. കെ.എം. മുൻഷി അദ്ദേഹത്തിന്റെ ഗ്രന്ഥത്തിൽ എഴുതി ( പിൽഗ്രിമേജ് ടു ഫ്രീഡം, ഭാരതീയ വിദ്യഭവൻ, പേജ് 75-76)'' അടുത്ത ദിവസം ഞാൻ ഗാന്ധിജിക്ക് എഴുതി. ''വർഗ്ഗീയ ഭ്രാന്ത് നിറഞ്ഞവർ ഹിന്ദുക്കൾക്കും അവരുടെ ഭവനത്തിനും, സ്ത്രീകൾക്കും, കുട്ടികൾക്കും എതിരെ അക്രമം നടത്തുമ്പോൾ ഹിന്ദുക്കൾ അഭയം തേടുകയോ, അതിനെ ചെറുത്ത് തോൽപ്പിക്കുകയോ വേണ്ടതല്ലേ?... ഗാന്ധി എന്നോട് അദ്ദേഹത്തെ കാണുവാൻ പറഞ്ഞു. എന്നിട്ടും അദ്ദേഹം എന്നോട് പറഞ്ഞത്, ''നിങ്ങൾക്ക് അങ്ങിനെ തോന്നുന്നു എങ്കിൽ അത് കോൺഗ്രസ്സിൽ നിന്നും പുറത്ത് പോയിട്ട് മതി.'' (കാമ്പേജ് അൻഡ് കിങ്ങ്സ് ബൈ വി.പി. ബാട്ടിയ, ഓർഗനൈസർ,31-12-1995). കെ.എം. മുൻഷിയുടെ ഈ കാഴ്ചപ്പാടാണ് അദ്ദേഹത്തെ ഗാന്ധിയുടെ കണ്ണിൽ മുസ്ലിം വിരുദ്ധനും വെസ്റ്റ് ബംഗാളിന്റെ ഗവർണ്ണർ സ്ഥാനം അലങ്കരിക്കാൻ കൊള്ളരുതാത്തവനും ആക്കി തീർത്തത്. ഗാന്ധിയുടെ ഈ നെറികെട്ട ചിന്ത തന്നെയാണ് ഹിന്ദു ഘാതകരായ മാപ്പിളമാരെ ''എന്റെ ധീരന്മാരായ മാപ്പിള സഹോദരങ്ങളെ'' എന്ന് അഭിസംബോധന ചെയ്യിച്ചത്. എന്തുകൊണ്ടെന്നാൽ മുസ്ലീങ്ങൾ ഹിന്ദുക്കളെ (കാഫിർ) കൊന്നുതള്ളിക്കൊണ്ട് അവരുടെ മതത്തെ സത്യസന്ധമായി പിന്തുടർന്ന് പോന്നിരുന്നു.

ഗാന്ധിക്ക് ഇരട്ടത്താപ്പ് നയങ്ങളാണ് ഉണ്ടായിരുന്നത്. ഒന്ന് ഹിന്ദുക്കൾക്കും തികച്ചും വ്യത്യസ്തമായ മറ്റൊന്ന് മുസ്ലിങ്ങൾക്കും. അങ്ങിനെ ഗാന്ധി പറഞ്ഞ് പറഞ്ഞ് ''പാക്കിസ്താനിലെ ഹിന്ദുക്കൾക്കും സിഖുകാർക്കും എതിരെ മുസ്ലിങ്ങൾ ചെയ്തതൊന്നും വലിയ കാര്യമല്ല'' എന്നു വരെ എത്തി. (ഡൽഹി ഡയറി, പേജ് 57,

ഗാന്ധീസ് പ്രേയർ സ്പീച്ച്, 07-10-1947 ) ഗാന്ധിയുടെ കാപട്യം നിറഞ്ഞ മുഖപടം ഇൻഡ്യക്കും ഹിന്ദുക്കൾക്കും എതിരെ എത്ര അപകടം നിറഞ്ഞതായിരുന്നു എന്ന് അല്പമെങ്കിലും ബുദ്ധിയുള്ള ആർക്കും ചിന്തിച്ചാൽ മനസ്സിലാക്കാവുന്നതാണ്.

## ഗാന്ധി പശുക്കളുടെ കശാപ്പുകാരൻ

ഗാന്ധി പറഞ്ഞു, “ ഗോക്കളുടെ സംരക്ഷണം ലോകത്തിന് ഹിന്ദുമതത്തിന്റെ സംഭാവനയാണ്. പശുക്കളെ സംരക്ഷിക്കാൻ ഹിന്ദുക്കൾ ഉള്ളിടത്തോളം ആ മതം നിലനില്ക്കുകയും ചെയ്യും. ഗോക്കളെ സംരക്ഷിക്കുമ്പോൾ ഉണ്ടാകുമെന്ന് പറയുന്ന മോക്ഷം (മുക്തി), സ്വാഭാവീകമായി വികാരം ഉള്ള ഏതൊന്നിനെയും സംരക്ഷിക്കുമ്പോൾ ഉണ്ടാകുന്നത് കൂടിയാണ് ”. ( ഓർഗനൈസർ, 09-02-1997). ഗോക്കളെ കശാപ്പ് ചെയ്യുന്നതിനെതിരെ ഗാന്ധി എപ്പോഴും പ്രസംഗിച്ചു കൊണ്ടിരുന്നു. അത് സ്വാതന്ത്രസമരത്തിന്റെ ഭാഗമാക്കി തീർക്കുകയും ചെയ്തു. 1921ൽ ഗോപാഷ്ടമി ആഘോഷ വേളക്കിടയിലെ ഒരു സമ്മേളനത്തിൽ പശുക്കളെ കശാപ്പ് ചെയ്യുന്നത് തടയുന്നതിനായി നിയമ നിർമ്മാണം നടത്തിയില്ലെങ്കിൽ രാജ്യ മെമ്പാടും ബ്രിട്ടിഷ് ഗവണ്മെന്റിനെതിരെ നിസ്സഹകരണം നടത്തും എന്ന് ഗാന്ധി ഒരു പ്രമേയം മുന്നോട്ട് വച്ചു. ഈ സമ്മേളനം ഡൽഹിയിലെ പട്ടൗഡി ഹൗസിൽ വച്ച് പ്രമുഖരായ ഹക്കിം അഹ്മൽഖാൻ, ഡോ. അൻസാരി, ലാലാ ലജ്പത് റായ്, പണ്ഡിറ്റ് മോത്തിൽ ലാൽ നെഹ്രു, പണ്ഡിറ്റ് മദൻ മോഹൻ മാളവ്യ, മറ്റ് കോൺഗ്രസ് നേതാക്കൾ എന്നിവരുടെ സാന്നിദ്ധ്യത്തിൽ വച്ചാണ് നടന്നത്. അതിനു ശേഷം കോൺഗ്രസ് സമ്മേളനങ്ങളോടൊപ്പം ഗോരക്ഷാ സമ്മേളനവും സംഘടിപ്പിച്ച് പോന്നു. ഗോസംരക്ഷണം സ്വാതന്ത്രത്തിന്റെ ഒരു ഉപാധി ആണെന്ന് എടുത്ത് കാണിക്കപ്പെട്ടു. (ലേഖനം,' വിൽ ഋഷി ദയാനന്ദ് സരസ്വതീസ് വാണിങ്ങ് കം ട്രൂ? ബൈ രാം ശങ്കർ അഗ്നിഹോത്രി, ഓർഗനൈസർ 26-02-1995). പക്ഷെ ഇതെല്ലാം ഹിന്ദുക്കളെ ഗാന്ധിക്ക് കീഴിൽ കൊണ്ട് വരിക എന്ന ലക്ഷ്യത്തോടെയുള്ള ഗാന്ധിയുടെ വശീകരണം മാത്രമായിരുന്നു.

15 ആഗസ്ത് 1947 ന് ശേഷം ഗോക്കളെ കശാപ്പ് ചെയ്യുന്നത് നിരോധിക്കുവാൻ അപേക്ഷിച്ചു കൊണ്ട് ലക്ഷക്കണക്കിന് ടെലഗ്രാമുകളും ആയിരക്കണക്കിന് കത്തുകളും ഗാന്ധിക്ക് ലഭിച്ചു. ഗാന്ധി ഹിന്ദുക്കളെ ശാസിക്കുകയാണ് ഉണ്ടായത്. ഗോക്കളെ കശാപ്പ് ചെയ്യുന്നത് കത്തുകളിലൂടെയും ടെലഗ്രാമുകളിലൂടെയും നിരോധി ക്കാനാവില്ലന്നും അങ്ങിനെ ചെയ്യുന്നത് മുസ്ലിങ്ങളോടുള്ള വലിയ

അനീതിയാണന്നും അദ്ദേഹം പറഞ്ഞു. 4 ആഗസ്ത് 1947 ലെ പ്രാർത്ഥനാ യോഗത്തിൽ പ്രസംഗിക്കവേ ഗോക്കളെ കശാപ്പ് ചെയ്യുന്നതിന് നിരോധനം ഏർപ്പെടുത്തന്നതിനെ എതിർത്തുകൊണ്ട് ഗാന്ധിജി പറഞ്ഞു. 'ഇൻഡ്യൻ യൂണിയനെ പൗരോഹിത്യ ഭരണത്തിലേക്ക് നയിക്കുകയും ഹിന്ദുക്കളുടെ വിശ്വാസങ്ങൾ അഹിന്ദുക്കളിൽ അടിച്ചേപ്പിക്കാൻ ശ്രമിക്കുകയുമാണോ ചെയ്യുന്നത്?. ഞാൻ (ഗാന്ധി) ഗോപൂജ ഉപേക്ഷിക്കുന്നില്ല. എന്നാൽ എന്റെ ഭക്തി നിയമം അനുസരിച്ച് മറ്റുള്ളവരിൽ അടിച്ചേൽപ്പിക്കാൻ കഴിയുകയില്ല.' (പേജ് 139-40 ഡൽഹി ഡയറി). ഇവിടെ ആരുടേയും മനസ്സിൽ സ്വാഭാവീകമായി ഉടലെടുക്കുന്ന ഒരു ചോദ്യം ഉണ്ട്. ഗാന്ധി എന്തിന് ഗോവധ നിരോധന നിയമ നിർമ്മാണം നടത്തണമെന്ന് ബ്രിട്ടീഷ് ഗവണ്മെന്റിനെ നിർബന്ധിച്ചു?. ആ സമയത്ത് ഇൻഡ്യയിൽ മുസ്ലിങ്ങൾ ഉണ്ടായിരുന്നില്ലേ?. ഗോവധ നിരോധനം എന്ന് പുലമ്പിയിരുന്നു എങ്കിലും ഗാന്ധിയുടെ ഉള്ളിൽ ലവലേശം ആത്മാർത്ഥത ഉണ്ടായിരുന്നില്ല. ഹിന്ദുക്കളെ വശത്താക്കി തന്റെ ജനസമ്മതി വർദ്ധിപ്പിക്കുക എന്ന സ്വാർത്ഥ ലക്ഷ്യം മാത്രമാണ് അതിന് പിന്നിൽ ഉണ്ടായിരുന്നത്. ജനങ്ങളെ വിവിധ തരത്തിലുള്ള വാഗ്ദാനങ്ങൾ നൽകി വഞ്ചിക്കുന്ന ഇന്നത്തെ അഴിമതിക്കാരായ നേതാക്കന്മാരിൽ നിന്നും ഒട്ടും വ്യത്യസ്ഥനായിരുന്നില്ല ഗാന്ധിയും എന്ന് തന്നെയാണ് ഗാന്ധിയുടെ ഓരോ പ്രവർത്തിയും അവലോകനം ചെയ്യുമ്പോൾ മനസ്സിലാക്കാൻ കഴിയുന്നത്.

ബ്രിട്ടീഷ് ഭരണകാലത്ത് ഇൻഡ്യയിൽ നിന്നും മാട്ടിറച്ചിയോ, മറ്റ് മൃഗങ്ങളുടേയോ, പക്ഷികളുടെയോ മാംസമോ കയറ്റുമതി ചെയ്തിരുന്നില്ല. പ്രാദേശീകമായി ചെറിയ തോതിൽ പശുക്കളെ കൊന്ന് മുസ്ലിങ്ങളും ക്രിസ്ത്യാനികളും അവരുടെ സ്വന്തം ആവശ്യങ്ങൾക്ക് ഉപയോഗിച്ചിരുന്നത് ഒഴിച്ചാൽ ഗോവധത്തിന് വലിയ പ്രാധാന്യം ഉണ്ടായിരുന്നില്ല. ബ്രിട്ടിഷ് ഗവണ്മെന്റും ഗോവധം പ്രോത്സാഹിപ്പിച്ചിരുന്നില്ല. പക്ഷെ 1947 നുശേഷം ഗാന്ധിയുടെ രത്നമായ ജവഹർലാൽ നെഹ്രു ഇറച്ചിയുടെ ഉത്പാദനം വർദ്ധിപ്പിക്കുവാൻ വേണ്ടി പദ്ധതികൾ ആരംഭിച്ചു. വ്യാവസായീകമായി കശാപ്പ് ശാലകൾക്ക് അനുമതി നല്കി. ഇത്തരത്തിലുള്ള ക്രൂരമായ സംഭാവനകൾ ഇൻഡ്യയ്ക്ക് അതിക്രൂരനായ മുസ്ലിം ജിഹാദി ഭരണാധിപനായ ഔറംഗസേബ് പോലും ചെയ്തിട്ടില്ല. ഇന്ന് അത്യന്താധുനീകമായ യന്ത്രസജ്ജികരണങ്ങളോട് കൂടി 18 കശാപ്പ് ശാലകളും 36000 ചെറുകിട കശാപ്പ് ശാലകളും ഇൻഡ്യയിലുണ്ട്. അവയിലൂടെ 3 കോടി പശുക്കളും പോത്തുകളും 10 കോടി ആട്, കോഴി, താറാവ് മുതലായവയും ഓരോ

വർഷവും കശാപ്പ് ചെയ്യപ്പെടുന്നു. ഈ മഹാപാപങ്ങളുടെ മുഴുവൻ ശാപവും ഗാന്ധി, നെഹ്രു, അവരുടെ അനുയായികൾ, കോൺഗ്രസ്സിനെ വോട്ട് ചെയ്ത് വിജയിപ്പിക്കുന്ന ഓരോർത്തർക്കും അടക്കം അർഹിക്കപ്പെട്ടതാണ്. കോൺഗ്രസ്സും ഗാന്ധിയും നെഹ്രുവും ചേർന്ന് ഹിന്ദുക്കളെ നശിപ്പിക്കാൻ അധിനിവേശ ശക്തികളുടെ പിന്തുടർച്ചയായി നടത്തിപ്പോന്ന കുടില തന്ത്രത്തിന്റെ കാലാകാലങ്ങളായുള്ള അനുവർത്തനം മാത്രമാണ് ഇന്നും ഇൻഡ്യയിൽ തുടർന്ന് പോയി കൊണ്ടിരിക്കുന്നത്.

വിവിധ ഹിന്ദു സംഘടനകളായ ആർ.എസ്.എസ്, ആര്യസമാജ്, ആൾ ഇൻഡ്യ ആന്റി കവ് സ്ലോട്ടേർസ് കമ്മറ്റി തുടങ്ങിയവർ പ്രക്ഷോഭം ആരംഭിക്കുകയും ഗോവധ നിരോധനത്തിനായി പൊതുജനങ്ങളുടെ അഭിപ്രായം ആരായുകയും ചെയ്തു. എന്നാൽ നെഹ്രു പാർലമെന്റിൽ ഒരു പ്രസ്താവന പുറപ്പെടുവിച്ചു.‘‘ ഒരു പക്ഷെ ഞാൻ രാജിവച്ചാലും ഗോവധം നിരോധിക്കുകയില്ല’’. 2- ഏപ്രിൽ-1955 ന് ലോകസഭയിൽ നെഹ്രു ആഞ്ഞടിച്ചു.‘‘സംസ്ഥാന ഗവണ്മെന്റുകൾ അസംബ്ലിയിൽ ഗോവധ നിരോധന ബില്ല് കൊണ്ട് വരികയോ അതിനെ പാസാക്കുവാൻ അനുവദിക്കുകയോ ചെയ്യരുത്’’. 1955 ഫെബ്രുവരി നെഹ്രു സർക്കാറിന്റെ ആരോഗ്യമന്ത്രി പശു, കാള മുതലായ മൃഗങ്ങളിൽ നിന്നും നിർമ്മിക്കാവുന്ന മരുന്നുകളെ സംബന്ധിച്ച് സംസ്ഥാന സർക്കാറുകൾക്ക് കത്തെഴുതി. കൂടാതെ ഡൽഹി, ബോംബേ എന്നിവിടങ്ങളിൽ പുതിയ കശാപ്പ് ശാലകൾ തുടങ്ങുന്നതിനുള്ള ഏർപ്പാടുകൾ ചെയ്തു. (ഓർഗനൈസർ, 26-02-1995)

ഗാന്ധിയുടെ അനുയായികൾ ഹിന്ദുക്കളെ പഴിച്ചുകൊണ്ടിരുന്നു. ഹിന്ദുക്കൾ മുസ്ലിങ്ങൾ പാകം ചെയ്യുന്ന ഭക്ഷണങ്ങൾ ഒന്നും തന്നെ സ്വീകരിക്കാറില്ല എന്നും അവരെ വൃത്തികെട്ടവരായാണ് ഹിന്ദുക്കൾ കാണുന്നതെന്നും ഗാന്ധിയൻ അനുയായികൾ ആരോപിച്ചു. ഹിന്ദുക്കൾ കൃത്യമായി അത്തരത്തിൽ തന്നെ ചെയ്തു കൊണ്ടിരുന്നു. മുസ്ലിങ്ങൾ പശുക്കളെ മോസ്ക്കുകൾക്ക് ഉള്ളിൽ വച്ച് കശാപ്പ് ചെയ്തിരുന്നു. പ്രത്യേകിച്ച് ബക്രീദിന്, അത് വളരെ മഹത്തരം എന്ന് കരുതുകയും ചെയ്തിരുന്നു. വിഭജനത്തിന് മുൻപ് വടക്ക് പടിഞ്ഞാറൻ പാക്കിസ്താൻ പ്രവശ്യയിൽ സ്ഥിതിചെയ്യുന്ന ദേരാ ഇസ്മയിൽ ഖാൻ ജില്ലയിലെ കുലാച്ചി പട്ടണത്തിൽ ഞങ്ങളുടെ വീടിന് മുൻപിൽ വളരെ വലിയ ഒരു മോസ്ക് ഉണ്ടായിരുന്നു. അവിടെ ബക്രീദിന് പശുക്കളെ കശാപ്പ് ചെയ്യുന്നത് പതിവായിരുന്നു. എങ്ങിനെയാണ് സംസ്കാര സമ്പന്നനയ ഒരുവന് സംസ്കാര ശ്യൂന്യരായ ഇത്തരത്തിലുള്ള ജനങ്ങളോട് സമൂഹത്തിൽ ആരോഗ്യകരമായ ബന്ധം

നിലനിർത്താൻ കഴിയുന്നത്. കൂടാതെ ആയിരം വർഷത്തോളമായി ഹിന്ദുക്കൾ മുസ്ലീങ്ങളാൽ ക്രൂരതകൾ സഹിച്ചു കൊണ്ടിരിക്കുന്നു. വാല്മീകി രാമായണത്തിൽ ലക്ഷ്മണൻ മാതാവ് കൗസല്യയുടെ മുന്നിൽ ശപഥം ചെയ്യുന്നത്; പശുവിനെ കാലുകൊണ്ട് ചവിട്ടുന്നത് പോലും പാപമായി താൻ കണക്കാക്കുന്നു എന്നും അതിൽ പങ്കാളി ആക്കപ്പെട്ടാൽ രാമനെയും നാടുകടത്തണമെന്നുമാണ്. പശുവിനെ കാൽ കൊണ്ട് ചവിട്ടുന്നതുപോലും കൊടിയ പാപമായി കണ്ടിരുന്ന ഹിന്ദു സംസ്കാരത്തിൽ സ്വാഭാവീകമായും സംസ്കാര ശ്യൂന്യരായി പശുക്കൾക്കെതിരെ ക്രൂരത നടത്തിപ്പോന്നിരുന്ന മുസ്ലിങ്ങളെ ഹിന്ദുക്കൾ അപവിത്രരായി കണക്കാക്കിപ്പോന്നു. ആരെയും പ്രകോപിപ്പിക്കുവാനല്ലെങ്കിലും ഒരു ചൈനീസ് പഴമൊഴി ഇവിടെ ഓർക്കുകയാണ്. ‘‘ ഈ ജന്മത്തിൽ നല്ലത് ചെയ്യുന്നവൻ ആരോ അവൻ ജന്മത്തിൽ ഭാരതത്തിൽ ജനിക്കുന്നതാണ്.’’

## അദ്ധ്യായം-4

# ഗാന്ധിയുടെ ഹിന്ദി വിരോധവും ഉറുദുവിനോടുള്ള മൃദു സമീപനവും

1947 ൽ വിഭജനത്തിന് മുൻപ് ഗാന്ധി ഹിന്ദി പൊതുഭാഷയായി ഉപയോഗിക്കുന്നതിനെപ്പറ്റി പ്രസംഗിച്ചിരുന്നു. എന്ന് മാത്രമല്ല ഹിന്ദി സാഹിത്യ സമ്മേളനത്തിൽ രണ്ട് വട്ടം ചെയർമാനും ആയിരുന്നു അദ്ദേഹം. എന്നാൽ 15-ആഗസ്ത് 1947 അടുത്ത് വന്നു കൊണ്ടിരിക്കെ ഗാന്ധി ഹിന്ദിയെ എതിർക്കാൻ തുടങ്ങി. 24 -ജൂലൈ- 1947 ലെ പ്രസംഗത്തിൽ ഗാന്ധി പറഞ്ഞു.'' രണ്ട് വട്ടം ഹിന്ദി സാഹിത്യ സമ്മേളനത്തിന്റെ ചെയർമാൻ ആയിരുന്നു ഞാൻ എങ്കിലും, എന്റെ കാഴ്ചപ്പാടിൽ ഹിന്ദിയും ദേവനാഗിരിയും ദേശീയ ഭാഷ ആക്കുവാൻ കഴിയില്ല ''. (ഗാന്ധി സാഹിത്യ പ്രാർത്ഥനാ പ്രവചൻ, പാർട്ട്-1, പേജ് 286)

ഈ സമയത്ത് യു.പി. ഗവണ്മെന്റ് ഔദ്യോഗീക ഭാഷ ഹിന്ദി ആയി പ്രഖ്യാപിച്ചിരുന്നു. ഇതിനെതിരെയുള്ള അടക്കാനാവാത്ത ദേഷ്യം ഗാന്ധി 15 ഒക്ടോബർ 1947 ലെ പ്രാർത്ഥനാ പ്രസംഗത്തിൽ പ്രകടിപ്പിച്ചു.'' പ്രെസ്സിൽ വച്ച് ഇനി മുതൽ യു.പി യുടെ ഔദ്യോഗീക ഭാഷ ദേവനാഗിരി ലിപിയോട് കൂടി ഹിന്ദി ആയിരിക്കുമെന്നത് അദ്ദേഹം കണ്ടിരുന്നു. അത് അദ്ദേഹത്തിനെ വേദനിപ്പിക്കാൻ കാരണം ഇൻഡ്യൻ യൂണിയനിലെ മൊത്തം മുസ്ലിം ജനസംഖ്യയുടെ നാലിൽ ഒന്ന് യു.പി യിൽ ആണ് താമസിച്ചിരുന്നത്.'' ശരിയായ രീതി ദേവനാഗിരിയും പേർഷ്യനും നിലനിർത്തണം. ഏതാണ് ഔദ്യോഗീകമായി അനുയോജ്യം എന്നതനുസരിച്ച് സ്വീകരിക്കണം. മുസ്ലിങ്ങളെയും തുല്യ സമത്വമുള്ള പൗരന്മാരായി നിലനിർത്തണം. അവരുടെ ആവശ്യം പരിഗണിച്ച് ഉർദ്ദുവിനും ആദരവ് നല്കണം. മുസ്ലീങ്ങളെ അടിച്ചമർത്തുകയും, ഓടിക്കുകയും, അവരെ നിരാകരിക്കുകയും, അവരുടെ ജീവിതം ക്ലേശകരമാക്കുകയും ചെയ്യുന്ന ഒരു സംസ്ഥാനത്തിന് രൂപം നല്കരുത് ''. ( ഡൽഹി ഡയറി, പേജ് 88)

ഗാന്ധിയുടെ ഈ പ്രസ്താവന ഉഗ്രവിഷമയവും, പ്രകോപനം നിറഞ്ഞതും മുസ്ലീം വർഗ്ഗീയവാദികൾ പുറപ്പെടുവിക്കുന്ന പ്രസ്താവനകളിൽ നിന്നും ഒട്ടും വിഭിന്നവും ആയിരുന്നില്ല. എന്നിരുന്നാലും ജിന്നക്കും മുസ്ലീം ലീഗിനും ഇതിലും ഭേദവും സംതുലിതവുമായ

കാഴ്ചപ്പാടുകളാണ് ഉണ്ടായിരുന്നത്. പാക്കിസ്താന്റെ രൂപീകരണത്തിന് ശേഷവും പലതവണ അവർ മുസ്ലീങ്ങളുടെ മാതൃരാജ്യം പാക്കിസ്താനാണ് എന്ന് പ്രഖ്യാപിച്ചിരുന്നു. ഇൻഡ്യയ്ക്ക് ഹൈന്ദവ സംസ്കാരവും സംസ്കൃതിയും അനുസരിച്ച് വികസിക്കുവാനുള്ള അവസ്ഥകൾ നിലനിന്നിരുന്നു. പക്ഷെ ഗാന്ധിയുടെ മേൽ പറഞ്ഞ തരത്തിലുള്ള മുസ്ലിം പ്രീണനവും വിധേയത്വം നിറഞ്ഞതുമായ നിലപാടുകൾ മുസ്ലിം ലീഗിനും വർഗ്ഗീയവാദികൾക്കും അംഗഭംഗം വന്ന ഇൻഡ്യയിൽ പുതുജീവൻ നൽകി. അതിന്റെ ഫലങ്ങൾ നമുക്ക് ഇന്ന് കാണാൻ കഴിയുന്നതാണ്. മുസ്ലീങ്ങൾ പുതിയ മാതൃരാജ്യം ഇൻഡ്യയിൽ നിർമ്മിക്കുന്നത് സ്വപ്നം കണ്ട് തുടങ്ങിയിരിക്കുന്നു.

## ദുർബല വിഭാഗം ഹിന്ദുക്കളോട് ക്രിസ്ത്യൻ, ഇസ്ലാം മതം സ്വീകരിക്കാൻ ഗാന്ധിയുടെ ആഹ്വാനം. ഹിന്ദുക്കൾ നന്ദി ഉള്ളവരായിരിക്കേണ്ടത് ഡോ. അംബേദ്കറിനോട് മാത്രം.

1932 ൽ ബ്രിട്ടിഷ് പ്രധാന മന്ത്രി സമുദായീക ബഹുമതികൾ പ്രഖ്യാപിച്ചു. അതിനായി ഹിന്ദു, സിഖ്, മുസ്ലിം, ക്രിസ്ത്യൻ, പട്ടിക ജാതി എന്നി വിഭാഗങ്ങൾ പ്രത്യേകം സമൂദായീക നേതാക്കളെ തിരഞ്ഞെടുക്കേണ്ടിയിരുന്നു. ഗാന്ധി ഇതിനോട് ഒരു അഭിപ്രായവും പറയാതെ മരണം വരെ നിരാഹാരം ആഹ്വാനം ചെയ്തു. പിന്നീട് ഗാന്ധി പറഞ്ഞു. പട്ടികജാതി വിഭാഗം ഹിന്ദുത്വം ഉപേക്ഷിച്ച് ഇസ്ലാം, ക്രിസ്ത്യൻ മതങ്ങൾ സ്വീകരിക്കുന്നതാണ് അഭികാമ്യം. (ഡോ. അംബേദ്കർ- വ്യക്തി ഔർ വിചാർ, പേജ് 10)

ഡോ. അംബേദ്കർ നിരിക്ഷിച്ച വസ്തുത ഇതാണ്. '' എന്റെ ദു:ഖം വട്ടമേശ സമ്മേളനത്തിൽ മഹാത്മജി എന്തുകൊണ്ട് ഈ അഭിപ്രായം പ്രകടിപ്പിച്ചില്ല. എന്റെ കാഴ്ചപ്പാട് അനുസരിച്ച് അദ്ദേഹവും ഒരേ പരിഗണന പട്ടികജാതി വർഗ്ഗത്തിന് നൽകിയിരുന്നു എങ്കിൽ ദൗർഭാഗ്യകരമായ നിരാഹാരത്തിലേയ്ക്ക് അത് നയിക്കപ്പെടുമായിരുന്നില്ല.'' ഇവിടെ ചൂണ്ടിക്കാട്ടേണ്ട മറ്റൊരു വസ്തുത ഡോ.അംബേദ്കർ സൈമൺ കമ്മിഷന് സമർപ്പിക്കാനിരുന്ന റിപ്പോർട്ടിൽ പട്ടിക ജാതിവർഗ്ഗങ്ങൾക്കും അവരുടെ പ്രതിനിധിക്കും പ്രത്യേക സംവരണം വേണമെന്ന് നിർദ്ദേശിച്ചിരുന്നു എങ്കിലും തൊട്ടുകൂടായ്മയും തീണ്ടിക്കൂടായ്മയും സ്ഥിതി കൂടുതൽ വഷളാക്കും എന്ന മുട്ടാപ്പോക്ക് ന്യായം നിരത്തി ഗാന്ധി പട്ടികജാതി വർഗ്ഗങ്ങൾക്കായുള്ള നേതൃസവരണം അട്ടിമറിക്കുകയാണ് ഉണ്ടായത് (അംബേദ്കർ പോളിസീസ് ആൻഡ് ഷെഡ്യൂൾഡ് കാസ്റ്റ്സ് -ബൈ പ്രകാശ്, ആഷിഷ് പുബ്ലിഷിങ്ങ് ഹൗസ്, ന്യൂഡൽഹി, പേജ് 141)

‘‘മഹാതമ ഗാന്ധി കോൺഗ്രസ്സും, മുസ്ലിങ്ങളുമായി ഒരു കരാർ ഉണ്ടാക്കാൻ പരിശ്രമം നടത്തി. അതനുസരിച്ച് മുസ്ലിങ്ങൾ മുന്നോട്ട് വച്ച 14 ആവശ്യങ്ങളും അദ്ദേഹം അംഗീകരിക്കാം എന്നും പകരം അദ്ദേഹം ഡോ.അംബേദ്കറിനെതിരെ മുന്നോട്ട് വച്ച ആവശ്യത്തിന് ദുർബല വിഭാഗങ്ങൾക്ക് വേണ്ടി അദ്ദേഹത്തോടൊപ്പം ചേരണം എന്നുമായിരുന്നു കരാർ’’ (പേജ് 139). ഗാന്ധി എത്രയും നീചമായ ചിന്തയുള്ളവനായിരുന്നു എന്നും ദുർബല വിഭാഗങ്ങളുടെ അവകാശ ങ്ങൾ അപഹരിക്കാൻ മുസ്ലീങ്ങളുടെ അർഹിക്കാത്ത ആവശ്യങ്ങൾ അംഗീകരിച്ച് കൊണ്ട് അദ്ദേഹത്തിന് എത്രയും തരം താഴാൻ കഴിയും എന്നും ഈ സംഭവം തെളിയിക്കുന്നു. ദുർബല വിഭാഗങ്ങൾ ഇസ്ലാം, ക്രിസ്ത്യൻ മതപരിവർത്തനം നടത്തുന്നതിന് അദ്ദേഹത്തിന് എതിർ പ്പില്ലന്നും അതാണ് ശരിയെന്നും ഹിന്ദുവായിരിക്കെവെ അവർക്ക് അവകാശം ഒന്നും തന്നെ ലഭിക്കില്ലന്നും ആക്കിത്തീർക്കാൻ ഗാന്ധിജി യുടെ ദുഷ്ടബുദ്ധി പ്രവർത്തിക്കുന്നത് നമുക്ക് ഇവിടെ കാണാം.

പട്ടികജാതി-വർഗ്ഗത്തിൽപ്പെട്ട ഹിന്ദുക്കൾ മൂന്ന് കാരണങ്ങളാൽ ഡോ.അംബേദ്കറിനോട് അതീവമായ നന്ദിയും കൂറും ഉള്ളവരായിരി ക്കേണ്ടതാണ്. ആദ്യമായി അദ്ദേഹം മുസ്ലീങ്ങളുടെ കൂടെ ചേർന്ന് ദുർബല വിഭാഗങ്ങൾക്ക് വേണ്ടി വാദിക്കുന്നതായി നടിച്ചില്ല. എന്നാൽ ഗാന്ധി മുസ്ലീങ്ങളോട് ചേർന്ന് ദുർബല വിഭാഗങ്ങൾക്ക് എതിരെ സംഘടിച്ചു ഗൂഢാലോചന നടത്തി. ഒരുവേള ഡോ.അംബേദ്കർ ഗാന്ധിയോട് യോജിച്ച് ദുർബല വിഭാഗങ്ങളോട് മതപരിവർത്തന ത്തിന് വിധേയരാകുവാൻ പറഞ്ഞു എങ്കിൽ ദുർബല വിഭാഗങ്ങൾ അദ്ദേഹത്തെ പഴിക്കുമായിരുന്നില്ല. പക്ഷെ അദ്ദേഹം അത്തരത്തിൽ പ്രവർത്തിക്കാത്തതിനാൽ തന്നെ എല്ലാത്തരത്തിലുമുള്ള അഭിനന്ദ നവും അർഹിക്കുന്നു.

രണ്ടാമതായി, 1940 ൽ ഡോ.അംബേദ്കർ ‘‘ തോട്ട്സ് ഓൺ പാക്കിസ്താൻ’’ എന്ന പേരിൽ ഒരു ഗ്രന്ഥം പ്രകാശനം ചെയ്തു. മുഴിവൻ ഹിന്ദുക്കളുടെയും മുസ്ലീങ്ങളുടെയും ക്രയവിക്രയം പാക്കി- സ്താൻ അംഗീകരിക്കണം എന്ന് അതിൽ അദ്ദേഹം അഭിപ്രായപ്പെ ട്ടിരുന്നു. ഇതിൽ നിന്നും അദ്ദേഹം എത്രയും ബുദ്ധിയും വിവേക ശാലിയും ആയിരുന്നു എന്ന് വേണം മനസ്സിലാക്കാൻ. യാഥർത്ഥ്യ ത്തെ മനസ്സിലാക്കി ഓരോ സാഹചര്യങ്ങളെയും അവലോകനം ചെയ്ത് ഹിന്ദുക്കൾക്ക് വേണ്ടപ്പോൾ മുന്നറിയിപ്പ് നൽകുക കൂടി ചെയ്തിരുന്നു ഡോ.അംബേദ്കർ. അദ്ദേഹം എഴുതി;

മുസ്ലീങ്ങളുടെയും ഹിന്ദുക്കളുടെയും ആചാരങ്ങളിലെയും രീതി കളിലേയും പൊതുവായ സവിശേഷതകൾ എന്ന് പറയപ്പെടുന്നവ

അപൂർണ്ണമായ മതപരിവർത്തനത്തിന്റെ ഭാഗം മാത്രമാണ്. അല്ലാതെ പൊതുവായ സംസ്കാരമല്ല. നൂറ്റാണ്ടുകളായി ബ്രിട്ടിഷ് ഭരണത്തിന്റെ കീഴിൽ അധിനിവേശവും മതപരിവർത്തനവും ആഴത്തിലേൽപ്പിച്ച മുറിവുകൾ മറക്കുവാനോ ശാന്തമാക്കുവാനോ ഇന്നും കഴിഞ്ഞിട്ടില്ല. ഇസ്ലാമീക ജിഹാദി ഭരണാധികാരികൾക്കെതിരെ പടപൊരുതിയ വീര നായകന്മാരുടെ ഓർമ്മകൾ ഹിന്ദു താലോലിക്കുന്നു. പാക്കിസ്താൻ ഇൻഡ്യയുടെ പ്രതിരോധ ശക്തിയെ ദുർബലപ്പെടുത്തി എന്ന വാദഗതി യുക്തി ഹീനമാണ്. കാരണം ഇൻഡ്യൻ സൈന്യം അതിന്റെ ഘടനയിൽ നൂറ് വർഷമായി സുശക്തവും പ്രബലവുമായിരുന്നു പ്രത്യേകിച്ച് പഞ്ചാബിലും വടക്ക് പടിഞ്ഞാറൻ പാക്ക് അതിർത്തി യിലും സൈന്യത്തിൽ മുസ്ലീങ്ങളും ഉണ്ടായിരുന്നു. പഞ്ചാബിലും വടക്ക് പടിഞ്ഞാറൻ പാക്ക് അതിർത്തിയിലും അഫ്ഗാനിസ്താൻ ആക്രമിക്കുകയാണെങ്കിൽ ഈ മുസ്ലിം സൈനീകർ എപ്രകാരമായി രിക്കും പ്രതികരിക്കുക എന്നത് പ്രസക്തവും കാണേണ്ടിയിരിക്കുന്ന തുമായ ഒരു ചോദ്യവും വിഷയവും ആയിരുന്നു. അത് എത്ര ദൗർഭാഗ്യകരമായിരുന്നാലും സുരക്ഷിതരായ ഒരു സൈന്യമാണ് സുരക്ഷിതമായ ഒരു അതിർത്തിയെക്കാൾ പ്രധാന്യം എന്നതിനാൽ പാക്കിസ്താനെ വേരോടെ തകർക്കുന്ന അയുധങ്ങൾ വാങ്ങുക എന്ന ത് വളരെ ആവശ്യമായിരുന്നു. (ജെനിസിസ് ഓഫ് പാക്കിസ്താൻ- ബൈ വി.വി. നഗർക്കർ, പേജ് 328-30)

കൂടാതെ ഡോ.അംബേദ്കർ അഭിപ്രായപ്പെടുന്നു; ‘ യുക്തി സഹജമായ കാര്യങ്ങൾ മനസ്സിലാക്കി പാക്കിസ്താന്റെ രൂപീകരണ ത്തോടൊപ്പം വിഭജന സമയത്ത് പാക്കിസ്താനിലുള്ള മുഴുവൻ ഹിന്ദുക്കളെയും ഇൻഡ്യയിലുള്ള മുഴുവൻ മുസ്ലിങ്ങളെയും ക്രയ വിക്രയം ചെയ്യുവാൻ തയ്യാറാകണം’. ഈ ഉപദേശം നാം സ്വീകരി ച്ചിരുന്നു എങ്കിൽ 1946-48 ലെ വിഭജന കാലഘട്ടത്തിൽ നടന്ന ഹിന്ദുകൂട്ടക്കൊലയും ഒഴിവാക്കാൻ കഴിയുമായിരുന്നു. കൂടാതെ കുടിയേറ്റ ജനതയുടെ ക്രയവിക്രയം സമാധാന പൂർണ്ണവും ക്രമ ത്തിലും നടക്കുമായിരുന്നു. ശ്രീമാൻ. ജിന്നയും അത് തന്നെയാണ് ആഗ്രഹിച്ചിരുന്നത്. അങ്ങിനെ എങ്കിൽ വർഗ്ഗിയ കലാപങ്ങളിൽ നിന്നും മുക്തമായി സുശക്തവും പുരോഗതിയുമുള്ള ഒരു ഭാരതം ഉണ്ടാവുമായിരുന്നു. എന്നാൽ എത്ര വലിയ ചതിയാണ് ഗാന്ധി നമ്മോട് ചെയ്തത് എന്ന് നോക്കുക. ഗാന്ധിയെ അനുഗമിച്ചത് വഴി ഹിന്ദുക്കൾ സ്വരാജ്യത്തെ നശിപ്പിക്കുകയും എല്ലാവിധത്തിലും കഷ്ട നഷ്ടങ്ങൾ നേരിടുകയും ചെയ്തു കൊണ്ടിരിക്കുന്നു.

ഡോ. അംബേദ്കറോട് കൃതജ്ഞതയുള്ളവർ ആയിരിക്കേണ്ടതിന്റെ മൂന്നാമത്തെ കാരണം, ആര്യന്മാർ പുറമേ നിന്ന് വന്ന അധിനിവേശരായ അക്രമകാരികളല്ല എന്നും അവർ ഭാരതീയർ തന്നെ ആയിരുന്നു എന്നുമുള്ള അദ്ദേഹത്തിന്റെ നിഗമനമാണ്. അത് അദ്ദേഹം തന്റെ “ ഹൂ വെർ ശൂദ്രാസ്?” എന്ന ഗ്രന്ഥത്തിൽ പ്രതിപാദിച്ചിട്ടുണ്ട്. (ആര്യ ജഗത്ത് (ലേഖനം)- ദേവേന്ദ്ര സ്വരൂപ്, 10-09-1995). തല തിരിഞ്ഞ യൂറോപ്പിയൻ എഴുത്തുകാരെപ്പോലെ ഗാന്ധിയുടെയും നെഹ്രുവിന്റെയും അനുയായികൾ ഇന്നും ആര്യൻ അധിനിവേശ സിദ്ധാന്തം ശരിയാണെന്ന് വിശ്വസിക്കുന്നു. നമ്മുടെ ചരിത്രരേഖകൾ അനുസരിച്ച് പൗരാണീക ചരിത്രത്തിന്റെ തെറ്റ് തിരുത്തുവാൻ തുനിയുമ്പോൾ ഗാന്ധിയൻ തെമ്മാടികൾ അതിനെതിരെ ശബ്ദിക്കുവാൻ തുടങ്ങും. അംബേദ്കറിനെ എതിർത്തുകൊണ്ട് ഗാന്ധിയുടെ പുറകേ പോകുന്ന ഹിന്ദുക്കൾ വെറും ശുംഭന്മാരും രാജ്യദ്രോഹികളും മാത്രമാണ്.

## അദ്ധ്യായം-5

# രാമനും കൃഷ്ണനും ജീവിച്ചിരുന്നില്ല ; ഗാന്ധി

എല്ലാ ഹിന്ദു വിഭാഗങ്ങളും സനാതന ധർമ്മം അനുഷ്ഠിച്ചിരുന്നു. ആര്യ സമാജവും, സിഖ്, ബുദ്ധ, ജൈന മതക്കാരും രാമന്റെയും കൃഷ്ണന്റെയും ചരിത്രത്തിൽ വിശ്വസിച്ചിരുന്നു. എന്നാൽ ഗാന്ധിയുടെ അഭിപ്രായത്തിൽ രാമനോ കൃഷ്ണനോ ജീവിച്ചിരുന്നവരല്ല എഴുത്തുകാരുടെ ഭാവനാ സൃഷ്ടിമാത്രമായിരുന്നു. ഗാന്ധി 27-ജൂലൈ -1937ലെ ഹരിജൻ- ൽ പറഞ്ഞു. ' ഞാൻ രാമന്റെയോ കൃഷ്ണന്റെയോ പേർ പറയുവാൻ ആഗ്രഹിക്കുന്നില്ല. കാരണം അവർ ചരിത്രപുരുഷന്മാർ ആയിരുന്നില്ല. പക്ഷെ ഞാൻ അബുബക്കറിന്റെയും ഉമറിന്റെയും പേർ പറയുവാൻ ആഗ്രഹിക്കുകയാണ്.' ഗാന്ധി 05 -ഒക്ടോബർ 1925 ലെ തേജ്-ൽ നടത്തിയ പ്രസ്ഥാവന ഇപ്രകാരമായിരുന്നു. 'മഹാഭാരതത്തിൽ പറഞ്ഞിരിക്കുന്ന കൃഷ്ണൻ ഭൂമിയിൽ ജനിച്ചിട്ടില്ല'.

രാമന്റെയും കൃഷണന്റെയും ചരിത്രത്തിൽ വിശ്വസിക്കാത്ത ക്രിസ്ത്യാനികളായ യൂറോപ്പിയൻ എഴുത്തുകാരുടെ സമാനമായ ചിന്താഗതിയാണ് ഗാന്ധി വച്ച് പുലർത്തിയിരുന്നത്. അവർ ഇൻഡ്യയുടെ ചരിത്രവും സംസ്കാരവും ലക്ഷക്കണക്കിന് വർഷങ്ങൾ പഴക്കമുണ്ടെന്ന് വിശ്വസിക്കാൻ തയ്യാറാകാത്തവർ ആയിരുന്നല്ലോ!. ഹിന്ദു യുഗ കണക്ക് കൂട്ടലുകൾ അനുസരിച്ച്, ഭൂമിയുടെ രൂപീകരണത്തിന് ശേഷം ഉണ്ടായിട്ടുള്ളതും 2000 മില്യൺ വർഷം പഴക്കവുമുണ്ട് ഹിന്ദു സംസ്കാരത്തിന്. കൃത്യമായി പറഞ്ഞാൽ 1,97,29,49,102 വർഷവും ഭൂമിയുടേത് 4,32,00,00,000 വർഷവുമാണ് വേദങ്ങൾ അനുസരിച്ചും ജ്യോതിഷവും പ്രകാരവും. ലോകത്തിൽ ഇന്നുവരെ ഉണ്ടായിട്ടുള്ള മത സംസ്കാരങ്ങളിൽ ഹിന്ദുക്കൾ മാത്രമാണ് ഭൂമിയുടെ ആയുസ്സും രൂപികരണവും കൃത്യമായി രേഖപ്പെടുത്തിയിരിക്കുന്നത്.

ഗാന്ധിയുടെ ജനങ്ങളെ കബളിപ്പിക്കുന്ന രാമരാജ്യം എന്ന പ്രസ്ഥാവനയെ അടിസ്ഥാനമാക്കി ഏതൊരുവനും ഉന്നയിക്കാവുന്ന ചോദ്യമാണ്. രാമൻ ഉണ്ടായിരുന്നില്ലങ്കിൽ പിന്നെ എങ്ങിനെയാണ് രാമരാജ്യം ഉണ്ടാവുക എന്നത്? അതിന്റെ പ്രസക്തി എന്തെന്നുള്ള

തും?. ജനങ്ങളെ വിഡ്ഢിയാക്കാൻ അതിസമർത്ഥനായിരുന്നു ഗാന്ധി എന്നത് മാത്രമല്ല ആ കഴിവ് എങ്ങിനെ ശരിയായ രീതിയിൽ ഉപയോഗിക്കണം എന്നതിനുള്ള കുബുദ്ധിയും അദ്ദേഹത്തിൽ അന്തർലീനമായിരുന്നു. ഗാന്ധിയുടെ രത്നമായിരുന്ന നെഹ്രു, തന്റെ '' ജവഹർലാൽ നെഹ്രു ആൻ ഓട്ടോബയോഗ്രഫി, പേജ് 72 ''– ൽ രാമരാജ്യം എന്ന ആശയത്തെ പരിഹസിച്ചിരിക്കുന്നു. നെഹ്രു പറയുന്നു .'ഗാന്ധിജിയുടെ രാമരാജ്യം സുവർണ്ണകാലഘട്ടമായിരുന്നു എന്നും അതാണ് തിരിച്ച് വരേണ്ടതെന്നുമുള്ള ചില പദപ്രയോഗങ്ങൾ എന്നിൽ അസഹ്യത ഉണ്ടാക്കിയിരുന്നു. പക്ഷെ എനിക്ക് എതിർക്കുവാനുള്ള ശക്തി ഉണ്ടായിരുന്നില്ല. ഗാന്ധിജി ഇപ്രകാരത്തിലുള്ള വാക്കുകൾ ഉപയോഗിക്കുന്നത് അത് ജന മനസ്സുകളിൽ ആഴത്തിൽ പതിഞ്ഞിട്ടുള്ളവയും മനസ്സിലാക്കപ്പെട്ടവയും ആയതിനാലാണ് എന്ന് ചിന്തിച്ച് ഞാൻ സമാധാനിക്കാൻ ശ്രമിച്ചിരുന്നു. കൂടാതെ അദ്ദേഹത്തിന് ജനങ്ങളുടെ മനസ്സ് അറിഞ്ഞ് അവരെ കയ്യിലെടുക്കുവാനുള്ള കഴിവുണ്ടായിരുന്നു.'

മുകളിലെ വരികളിൽ നിന്നും നെഹ്രുവിന് രാമരാജ്യം എന്നാൽ പുച്ഛം ആയിരുന്നു എന്നും, ഗാന്ധി ജനങ്ങളെ കയ്യിലെടുക്കാൻ ഉപയോഗിച്ചിരുന്ന ഒരു ഉപാധി മാത്രമായിരുന്നു ആ വാക്ക് എന്നും നെഹ്രു ചിന്തിച്ചിരുന്നു എന്നതും മനസ്സിലാക്കാവുന്നതുമാണ്. മറ്റൊരു തരത്തിൽ പറഞ്ഞാൽ ഗാന്ധി തന്റെ അനുയായികളെ കൂട്ടുവാൻ വേണ്ടി രാമരാജ്യത്തിന്റെ പേർ പറഞ്ഞ് ജനങ്ങളെ മണ്ടന്മരാക്കിയിരുന്നു എന്ന് നെഹ്രു ചിന്തിച്ചിരുന്നു. ആയതുകൊണ്ട് തന്നെ നെഹ്രുവിന്റെ സംബന്ധിച്ചിടത്തോളം ഗാന്ധി ഒരു വലിയ നയവഞ്ചകനായിരുന്നു.

## ഗാന്ധി ആര്യസമാജത്തെയും സ്വാമി ദയാനന്ദിനെയും നിന്ദിക്കുന്നു.

ആര്യസമാജത്തിന്റെ സ്ഥാപകനായ സ്വാമി ദയാനന്ദ സരസ്വതി എക്കാലത്തെയും മഹത്തായ വ്യക്തിത്വമാണ്. ബ്രിട്ടിഷ് ഭരണത്തിന്റെ തുടക്കത്തിൽ തന്നെ സ്വാതന്ത്രത്തെക്കുറിച്ച് ഉദ്ബോധനം നടത്തുകയും സ്വയംഭരണത്തിന്റെ ആവശ്യകതകളെക്കുറിച്ച് മനസ്സിലാക്കിതരുകയും ചെയ്ത വ്യക്തിയുമാണ്. അദ്ദേഹം ഹിന്ദു സമൂഹത്തിനിടയിൽ നിലനിന്നിരുന്ന തിന്മകൾക്ക് എതിരെ പ്രവർത്തിക്കുകയും മതപരമായ അന്ധവിശ്വാസങ്ങളും അനാചാരങ്ങളും ഉന്മൂലനം നടത്താൻ പ്രയത്നിക്കുകയും ചെയ്തു. മുസ്ലിം ഭരണാധികാരികളുടെയും ബ്രിട്ടിഷ് ഭരണത്തിന്റെയും ആയിരം വർഷം അടിമകളാക്കപ്പെട്ട

ഹിന്ദു സമൂഹത്തിനിടയിൽ ഉടലെടുത്ത അപകർഷതാ ബോധം മൂലം വലിയ തോതിൽ ഹിന്ദുക്കൾ മുസ്ലിം, ക്രിസ്ത്യൻ മതങ്ങളിലേയ്ക്ക് പരിവർത്തനം ചെയ്യപ്പെടാൻ തുടങ്ങി.

അദ്ദേഹം ഹിന്ദുക്കളോട് അവരുടെ മതം വേദങ്ങളിൽ അതിഷ്ഠിതവും, ഇന്ന് ലോകത്ത് ഉള്ളതിൽ വച്ച് ഏറ്റവും പഴക്കം ചേർന്ന മതവും, സർവ്വവ്യാപീകവുമാണ് എന്ന് പറഞ്ഞു. അദ്ദേഹം മുസ്ലിം മതത്തെയും ക്രിസ്ത്യൻ മതത്തെയും വെല്ലുവിളിച്ചു. ഹിന്ദു ധർമ്മം തന്നെയാണ് ഉന്നതമെന്ന് യുക്തികൊണ്ട് തെളിയിക്കുകയും ചെയ്തു. അദ്ദേഹത്തിന് ഹിന്ദുക്കൾക്കിടയിൽ നടന്നുകൊണ്ടിരുന്ന മതം മാറ്റം തടയുവാൻ സാധിച്ചിരുന്നു. പുരാതനമായ ആ സംസ്കാരത്തിനെ അറിയുവാൻ താല്പര്യമുള്ളവർക്ക് വേണ്ടി ഹൈന്ദവ സംസ്കാരത്തിന്റെ വാതായനങ്ങൾ അദ്ദേഹം ഹിന്ദു ജനതയ്ക്ക് മുന്നിൽ തുറന്നിട്ടു. ഇൻഡ്യയിലേയ്ക്ക് ഹിന്ദുക്കളെ മതപരിവർത്തനം ചെയ്യുവാനെത്തിയ ചില മതപരിവർത്തകർ ആര്യസമാജത്തിന്റെ ഉജ്ജ്വല പ്രഭവത്താൽ ഹിന്ദുക്കളായി മാറി. ഗാന്ധിയുടെ സ്വഭാവശുദ്ധിയില്ലാത്ത മകൻ ഹരിലാൽ ഗാന്ധി ഇസ്ലാം മതത്തിലേക്ക് പരിവർത്തനം ചെയ്യുകയും ആര്യസമാജം അദ്ദേഹത്തെ ഹിന്ദു മതത്തിലേയ്ക്ക് തിരികെ മടക്കികൊണ്ട് വരികയും ചെയ്തു.

അത്രയ്ക്ക് യുഗപ്രഭാവനും മഹാനുമായ ദയാനന്ദ സരസ്വതിയെ പറ്റിയും ആര്യസമാജ് സമൂഹത്തെ പറ്റിയും വിമർശിച്ച് ഗാന്ധി "യങ്ങ് ഇൻഡ്യ" യിൽ (28-മെയ്-1924) എഴുതി. " സത്യാർത്ഥ പ്രകാശ് പോലുള്ള ഇത്രയും നിരാശാജനകമായ ഒരു ഗ്രന്ഥം ഞാൻ ഇതുവരെയും കണ്ടിട്ടില്ല." തുടരുന്നു." സ്വാമി ദയാനന്ദ വിശാലമായ ഹൈന്ദവ സംസ്കാരത്തെ സങ്കുചിതമായ മനോഭാവമുള്ളതാക്കി തീർത്തിരിക്കുന്നു. മാത്രമല്ല ആര്യ സമാജക്കാർ പെൺകുട്ടികളെ തട്ടിക്കൊണ്ട് പോകുന്നവരാണ്. (ആര്യ ജഗത്ത്, 13-11-1994)

മുസ്ലിങ്ങൾ തട്ടിക്കൊണ്ട് പോയ ഹിന്ദു പെൺകുട്ടികളെ ആര്യസമാജം രക്ഷിച്ച് കൊണ്ട് വരികയും അവർക്ക് വേണ്ടി അനവധി ആശ്രമങ്ങളും പുനരധിവാസ ഭവനങ്ങളും നിർമ്മിക്കുകയും ചെയ്തിരുന്നു. ഇതിനെതിരെ കള്ളങ്ങളും കുപ്രചരണങ്ങളും നടത്തിയ ഗാന്ധി ഏതു തരത്തിൽ പെട്ടവനാണന്ന് ഇതിനകം വായനക്കാർക്ക് മനസ്സിലായിക്കാണും. ചതിയനും നുണയനുമായ അദ്ദേഹം രണ്ടിരട്ടി പാപങ്ങളാണ് ചെയ്തുകൂട്ടിയത്. ഒന്നാമതായി മുസ്ലിങ്ങൾ ചെയ്ത പാതകങ്ങൾക്ക് കൂട്ട് നിന്ന് അവയെ മറയ്ക്കുകയും രണ്ടാമതായി ആര്യസമാജത്തിനെതിരെ തെറ്റായ കുറ്റാരോപണം നടത്തുകയും.

ഈ രണ്ട് മഹാപാതകങ്ങളും അദ്ദേഹത്തിന് ജനങ്ങളിൽ നിന്നും മറയ്ക്കാൻ സാധിച്ചാലും ഈശ്വരനിൽ നിന്നും മറയ്ക്കാൻ കഴിയില്ല.

എന്നാൽ ഇന്നത്തെ മിക്കവാറും ആര്യ സമാജക്കാർ വെറും വിഡ്ഢികളണ്. അവരുടെ ഭൂരിഭാഗം പണ്ഡിതരും, പ്രഭാഷകരും, എഴുത്തുകാരും അന്ധമായി ഗാന്ധിയെ പിന്തുടരുന്നവരാണ്. പ്രായോഗീകമായി ഭൂരിഭാഗവും മറ്റ് ഹിന്ദുക്കളെ പോലെ ഗാന്ധി മഹാനാണ് എന്ന് വിശ്വസിക്കുന്നവരാണ്. അവരിൽ പലരും പറയുന്നത് ഗാന്ധി രാഷ്ട്രപിതാവും സ്വാമി ദയാനന്ദ് രാഷ്ട്രത്തിന്റെ മുത്തച്ഛനുമാണ് എന്നതാണ്. അങ്ങിനെയെങ്കിൽ ഗാന്ധി സ്വാമി ദയാനന്ദിനെ പിന്തുടരേണ്ടതല്ലേ?. ഇപ്രകാരം ആര്യസമാജ ഗാന്ധിയ വിഭാഗം സ്വാമി ദയാനന്ദിന്റെ പ്രതിച്ഛായയെയും അന്തസിനെയും വികലമാക്കി ഒരേ നുകത്തിൽ കെട്ടിയിരിക്കുന്നു. ഇത്തരത്തിലുള്ളവരാണ് ഹിന്ദു മതത്തിനും രാജ്യത്തിനും ഉപദ്രവകാരികളായിരിക്കുന്ന പ്രവർത്തി ചെയ്തു കൊണ്ടിരിക്കുന്നത്. ഗാന്ധിയുടെ ജീവിതം മുഴുവൻ പാപ പങ്കിലമായ പ്രവർത്തികളാൽ ഭരിതമാണ്. അദ്ദേഹത്തിന്റെ ശിഷ്യരും അനുയായികളും ആ പാപത്തെ പങ്കു വച്ച് കൊണ്ടിരിക്കുകയും ചെയ്യുന്നു. മഹാനായ പണ്ഡിതനും ഉന്നത വ്യക്തിത്വത്തിന്റെ ഉടമയുമായ സ്വാമി ദയാനന്ദ സരസ്വതിയുടെ ഒരു സാധാരണ ശിഷ്യൻ പോലും ആകാനുള്ള യോഗ്യത ഗാന്ധിയിൽ ഇല്ല എന്നതാണ് സത്യം.

## രക്തസാക്ഷികളായ സ്വാമി ശ്രദ്ധാനന്ദ്, സർദാർ ഭഗത് സിംഗ് എന്നിവർക്ക് മേലുള്ള ഗാന്ധിയുടെ വിശ്വാസ വഞ്ചന

സ്വാമി ശ്രദ്ധാനന്ദ് ആര്യസമാജ നേതാവായിരുന്നിട്ട് കൂടിയും ഗാന്ധിയുമായി നല്ല ബന്ധത്തിൽ ആയിരുന്നു. 1919 ലെ ജാലിയൻ വാലാബാഗ് കൂട്ടക്കൊലയ്ക്ക് ശേഷം അമൃത്സറിൽ കോൺഗ്രസ്സ് സമ്മേളനം സംഘടിപ്പിക്കാനുള്ള ധൈര്യം ആർക്കും ഉണ്ടായിരുന്നില്ല. നിർണ്ണായകമായ ആ അവസരത്തിൽ സ്വാമി ശ്രദ്ധാനന്ദ് മുഖ്യ അഥിതിയും ചെയർമാനുമായി അമൃത് സറിൽ വെച്ച് വിജയകരമായി കോൺഗ്രസ്സ് സമ്മേളനം നടത്തി. രണ്ടാമതായി ഡൽഹിയിലെ ഘണ്ടാഘറിൽ അദ്ദേഹം സത്യാഗ്രഹം നയിക്കുകയും പ്രക്ഷോഭകാരികളെ വെടിവയ്ക്കാൻ ബ്രിട്ടിഷ് പട്ടാളത്തിന് ആജ്ഞ ലഭിച്ചപ്പോൾ അദ്ദേഹം ‘‘ നിറയൊഴിക്കുമെങ്കിൽ ആദ്യം എന്റെ നെഞ്ചിൽ നിറയൊഴിക്കുക’’ എന്ന് ആക്രോശിക്കുകയും ചെയ്തു. അതിനാൽ ബ്രിട്ടിഷ് പട്ടാളം സത്യാഗ്രഹികളെ നിറയൊഴിക്കാൻ ധൈര്യപ്പെട്ടില്ല. സത്യാഗ്രഹ മുന്നേറ്റത്തിൽ ഗാന്ധിയുടെ വലതു കൈ എന്ന പോലെ

പ്രവർത്തിച്ച് ആദ്യമായി പ്രതിജ്ഞ ചെയ്തത് സ്വാമി ശ്രദ്ധാനന്ദ് ആയിരുന്നു.

23 ഡിസംബർ 1925 ൽ മുസ്ലിം വർഗ്ഗീയ വാദിയായ അബ്ദുൾ റഷീദ് സ്വാമി ശ്രദ്ധാനന്ദിനെ മൃഗീയമായി കൊലപ്പെടുത്തിയപ്പോൾ ഗാന്ധി സ്വതസിദ്ധമായ ചെറ്റത്തരം കാണിച്ചു. മുസ്ലീങ്ങൾ അദ്ദേഹത്തിന്റെ മരണം ആഘോഷിച്ചു. ഗാന്ധി ഭീകരമായ ഈ കൊലപാതകത്തെ അപലപിക്കുകയോ കുറ്റവാളികളെ ശിക്ഷിക്കണമെന്ന് ആവശ്യപ്പെടുകയോ ചെയ്തില്ല. അതിന് വിപരീതമായി അദ്ദേഹം കൊലപാതകിയായ അബ്ദുൾ റഷിദിന് ''പ്യാരെ ഭായ് റഷീദ്'' (പ്രീയ സഹോദരൻ റഷീദിന്) എന്ന് അഭിസംബോധന ചെയ്തുകൊണ്ട് കത്തെഴുതുകയാണ് ഉണ്ടായത്. പിന്നീട് അക്ഷരാർത്ഥത്തിൽ റഷീദുമായി ഗാന്ധി സഹോദരബന്ധം സ്ഥാപിക്കുകയും ചെയ്തു. ബ്രിട്ടിഷ് ഭരണമായതിനാൽ ഇത്തരം കാര്യങ്ങളിൽ തീർച്ചയായും നീതി ലഭിക്കുമെന്ന് ഉറപ്പുണ്ടായിരുന്നു. പിന്നീട് അബ്ദുൾ റഷീദിനെ അറസ്റ്റ് ചെയ്യുകയും തൂക്കിക്കൊല്ലൻ വിധിക്കുകയും ചെയ്തു. ഗാന്ധി കൊലപാതകിക്ക് വേണ്ടി ഇതിനെതിരെ വൈസ്രോയിക്ക് ദയാ ഹർജി സമർപ്പിച്ചു. എന്നാൽ ദയാഹർജി തള്ളുകയും കുറ്റവാളിയെ തൂക്കിക്കൊല്ലുകയും ചെയ്തു. (എ വ്യൂ ഓഫ് ഗാന്ധിസം- ബൈ എ.ബി. കേൽക്കർ, ഓർഗനൈസർ,2-2-1997)

ഇതിന് ഏകദേശം സമാനമായി, ലാല ലജ്പത്റായിയെ അതീവ ഗുരുതരമായ രീതിയിൽ തല്ലിച്ചതച്ചതിന്റെ പ്രതികാരമായി ബ്രിട്ടീഷ് പോലീസ് ഉദ്ദ്യോഗസ്തനെ കൊലചെയ്തതിന് മരണ ശിക്ഷയ്ക്ക് വിധിക്കപ്പെട്ട സർദാർ ഭഗത് സിംഗിന്റെ ശിക്ഷ ജീവപര്യന്തമാക്കുവാനുള്ള അപേക്ഷ ഗാന്ധി നിരസിക്കുകയാണ് ഉണ്ടായത്. ഭഗത് സിംഗിന് വേണ്ടി വൈസ്രോയിയോട് അപേക്ഷിക്കാൻ ഗാന്ധി തയ്യാറായിരുന്നില്ല എന്ന് മാത്രമല്ല. ഭഗത് സിംഗും കൂട്ടരും ഈ പാപപങ്കിലമായ കുറ്റത്തിന് ശിക്ഷിക്കപ്പെടുകതന്നെ വേണം എന്ന് പ്രഖ്യാപിക്കുകയും ചെയ്തു. ( ആര്യ ജഗത്,13-12-1994, കാമ്പേജ് ആൻഡ് കിംഗ്സ്- ബൈ വി.പി. ബാട്ടിയ, ഓർഗനൈസർ, 16-12-1997).

## ആര്യസമാജത്തിന്റെയും ഹിന്ദു മഹാസഭയുടെയും സമാധാനപരമായ പ്രതിക്ഷേധങ്ങൾ വർഗ്ഗിയമെന്നും രാജ്യദ്രോഹപരമെന്നും മുദ്രകുത്തുന്ന ഗാന്ധി ഹൈദരാബാദിലെ ഇസ്ലാമീക ഭരണാധികാരിയായ നിസാമിനെ പിന്തുണയ്ക്കുന്നു.

ഹൈദരാബാദിലെ ഇസ്ലാമീക ഭരണാധികാരിയായ നിസാം ആര്യസമാജം പ്രസിദ്ധീകരിച്ച സ്വാമി ദയാനന്ദസരസ്വതിയുടെ

സത്യാർത്ഥ പ്രകാശ് എന്ന ഗ്രന്ഥം നിരോധിക്കുകയും. സംസ്ഥാനത്തെ എല്ലാ ഹിന്ദു ക്ഷേത്രങ്ങളിലെയും ആരാധനകൾക്ക് വളരെ അധികം വിലക്കുകൾ ഏർപ്പെടുത്തുകയും ഇസ്ലാമീക തീരുമാനങ്ങൾ അടിച്ചേൽപ്പിക്കുകയും ചെയ്തു. ആയതിനാൽ 1939 ൽ വളരെ സമാധാനപൂർണ്ണമായി ആര്യസമാജവും ഹിന്ദു മഹാസഭയും ചേർന്ന് ഹൈദരാബാദിലെ നിസാം ഭരണത്തിനെതിരെ സമരം ആരംഭിച്ചു. അതേ കാലഘട്ടത്തിൽ ഗാന്ധിയുടെ നിസ്സഹകരണ സമരവും നടക്കുന്നുണ്ടായിരുന്നു. ഗാന്ധി ഉടനെ ഹൈദരാബാദ് സംസ്ഥാന കോൺഗ്രസ്സിനോട് നിസ്സഹകരണ സമരക്കാരെ പരിപൂർണ്ണമായും സമരഭൂമിയിൽ നിന്നും പിൻവലിക്കാൻ ആവശ്യപ്പെട്ടു. 'ആര്യ സമാജത്തിന്റെയും ഹിന്ദു മഹാസഭയുടെയും സമരമാണ് അത് എന്ന് തെറ്റുദ്ധരിക്കാൻ ഇടയുള്ളതിനാൽ ആണ് അപ്രകാരം ചെയ്തത്. ' ഹിന്ദു മഹാസഭയുടെയും ആര്യസമാജത്തിന്റെയും സമരത്തിന് വർഗ്ഗീയനിറം ആണ് ഉള്ളത്. നിസ്സഹകരണ സമരം ഇതിനോടൊപ്പം തുടർന്നാൽ അതിന്റെ ദേശീയ സ്വഭാവം നഷ്ടപ്പെടും'. (ഹരിജൻ,20 ജനുവരി,18 ഫെബ്രുവരി,27 മെയ്,1939, കാമ്പേജ് ആൻഡ് കിങ്ങ്സ്-ബൈ വി.പി. ബാട്ടിയ, ഓർഗനൈസർ 03-12-1955)

ഗാന്ധി ഇതിനെപ്പറ്റി വിശദ്ധീകരണം നൽകിക്കൊണ്ട് പിന്നീട് രാജകുമാരി അമൃത് കൗറിന് എഴുതി ; '' എനിക്ക് സഹായിക്കാൻ കഴിയുന്നിടത്തോളം കാലം മഹനീയനായ നിസാം ഗവന്മെന്റിന് യാതൊരു വിധത്തിലുമുള്ള വിഷമങ്ങളും നേരിടരുത് എന്ന് ഞാൻ ചിന്താകുലനായിരിക്കുന്നു.''( ഓർഗനൈസർ,3-12-1955)

പ്രതികരണശേഷിയുള്ള ഹിന്ദുക്കളെ ദേശവിരുദ്ധരെന്നും വർഗ്ഗീയവാദികളെന്നും മുദ്രകുത്തുകയും മതഭ്രാന്തനും ഹിന്ദുക്കളെ അടിച്ചമർത്താൻ ശ്രമിക്കുന്നവനുമായ നിസാമിനെ പിന്തുണക്കുകയും ചെയ്യുന്ന ഗാന്ധിയുടെ കപാട്യം നിറഞ്ഞ പൈശാചീക മുഖത്തെ ഏതൊരുവനും മുകളിൽ പറഞ്ഞ വരികളിൽ ദർശിക്കാവുന്നതാണ്. ഗാന്ധിയുടെ അനുയായികളും കോൺഗ്രസ്സുകാരും ഇതേ മാർഗ്ഗം പിന്തുടരുന്നവരും 1947 ലെ വിഭജനത്തിലു ശേഷം അസ്തമിച്ചു എന്ന് കരുതിയ മുസ്ലീം ഭീകരതയെ പ്രോത്സാഹിപ്പിക്കുന്നവരുമാണ് എന്ന് സമൂഹത്തിലെ അവരുടെ വാക്കുകളിൽ നിന്നും പ്രവർത്തികളിൽ നിന്നും മനസ്സിലാക്കാവുന്നതാണ്. ഇതു തന്നെയാണ് ഇൻഡ്യയെ ദുർബലമാക്കി തീർക്കുന്നതും.

ഗാന്ധിയും അനുയായികളും ജമ്മുവിൽ രാജാ ഹരിസിംഗിനോട് പറഞ്ഞതു പോലെ നിസാമിനോട് സംസ്ഥാനം ഒഴിഞ്ഞ് പുറത്ത് പോകാനും ഭരണം ഹിന്ദു നേതാക്കൾക്ക് കൈമാറാനും ഗാന്ധി

എന്തുകൊണ്ട് പറഞ്ഞില്ല. ഇവിടെ ശ്രദ്ധാർഹമായ ഒരു കാര്യം ഷൈഖ് അബ്ദുള്ളക്കും മുസ്ലിങ്ങൾക്കും വേണ്ടി നിലകൊണ്ട ഗാന്ധി ഹിന്ദുവിനെ എന്നും ചതിക്കുകയായിരുന്നു. നിസാം ചെയ്തത് പോലെ രാജ ഹരി സിംഗ് ഒരിക്കലും മുസ്ലിങ്ങൾക്ക് മതപരമായി ഒരു വിധത്തിലുമുള്ള പ്രതിബന്ധങ്ങളും ഏർപ്പെടുത്തിയിരുന്നില്ല.

## അദ്ധ്യായം-6

# പാക്കിസ്താന്റെ രൂപികരണം എന്റെ ജഡത്തിനു മീതെ മാത്രം; ഗാന്ധിയുടെ വഞ്ചന നിറഞ്ഞ സത്യസന്ധത

ഗാന്ധി തന്റെ ലഘു ആത്മകഥാ സംഗ്രഹമായ ''സങ്ക്ശിപ്ത് ആത്മകഥ'' പേജ് 226-227 ൽ എഴുതിയിരിക്കുന്നു.'ഞാൻ സത്യത്തെ ഈശ്വരനായി കരുതുന്നു'. അഹിംസയും സത്യവുമാണ് എന്റെ രണ്ട് ശ്വാസകോശങ്ങൾ. അവ ഇല്ലാതെ എനിക്ക് നിലനിൽക്കാൻ കഴിയില്ല എന്ന് അദ്ദേഹം സാധാരണയായി പറയുന്നു. എത്രയും കാപട്യം നിറഞ്ഞതും വഞ്ചനാത്മകവുമാണ് അദ്ദേഹത്തിന്റെ അഹിംസയും സത്യവും എന്ന് നാം മുൻപ് മനസ്സിലാക്കിയതാണ്. ആ വാക്കുകൾ ഹിന്ദുക്കളെ ചതിക്കാൻ വേണ്ടി മാത്രം ഗാന്ധി ഉപയോഗിച്ചിരുന്നതാണ്. അതിനെ മനസ്സിലാക്കാൻ താഴെപറയുന്ന ഒരേ ഒരു ഉദാഹരണം മാത്രം ധാരാളമാണ്.

1943 ൽ രാജാജി ( സി. രാജഗോപാലാചാരി ) പാക്കിസ്താന്റെ രൂപികരണത്തിന് വേണ്ടി പദ്ധതി തയ്യാറാക്കുകയും ഗാന്ധിയുടെ അനുമതി നേടുകയും ചെയ്തു. ഗാന്ധി, രാജാജിയെ ജിന്നയുമായി കൂടിയാലോചന നടത്താൻ ചുമതലപ്പെടുത്തി. രാജാജി ജിന്നയുമായി ചർച്ച ചെയ്തു എങ്കിലും ചർച്ച പരാജയമായിപ്പോയി. എന്തെന്നാൽ ജിന്നയ്ക്ക് മുഴുവൻ പഞ്ചാബും, ബംഗാളും, ആസാമും, ബലൂചിസ്ഥാനും, സിന്ധും.... എല്ലാം വേണമായിരുന്നു. രാജാജിയുടെ പദ്ധതി അനുസരിച്ച് 1947ലെ പാക്കിസ്താൻ (നിലവിലുള്ള) പോലെ തന്നെ രൂപികരിക്കാനായിരുന്നു ഉദ്ദേശ്യം. 1944 ൽ രാജാജിയുടെ പദ്ധതി അനുസരിച്ച് ഗാന്ധി സ്വകാര്യമായി ജിന്നയുമായി 9-സെപ്തംബർ1944 മുതൽ 27- സെപ്തംബർ-1944 വരെ ജിന്നയുടെ മുംബയിലുള്ള മലബാർ ബംഗ്ലാവിൽ വച്ച് പതിനാല് (14) തവണ ചർച്ച നടത്തി. പാക്കിസ്താന്റെ രൂപികരണത്തിന് ശേഷവും പ്രതിരോധം അടക്കമുള്ള മൂന്ന് മേഖലകളിൽ പൊതുവായ ഉടമ്പടികൾ ഉണ്ടാക്കമെന്ന് ഗാന്ധി ജിന്നയ്ക്ക് ഉറപ്പ് കൊടുത്തു. എന്നാൽ ജിന്ന അത് പാടെ നിരാകരിക്കുകയും പാക്കിസ്താന്റെ രൂപികരണത്തിന് ശേഷം താൻ മറ്റ് രാജ്യങ്ങളെ കൂട്ട് പിടിച്ച് ഇൻഡ്യയെ അക്രമിക്കും എന്ന് മറുപടി നൽകുകയും ചെയ്തു. (ഡിവൈഡ് ആൻഡ് കിറ്റ്, പേജ് 45- ബൈ

പാൻഡെറൽ മൂൺ ലണ്ടൻ, കാബേജ്സ് ആൻഡ് കിങ്ങ്സ് – ബൈ വി.പി. ബാട്ടിയ ഓർഗനൈസർ 22–09–1996)

മുകളിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങളിൽ നിന്നും 1943 ൽ പാക്കിസ്താന്റെ രൂപികരണത്തിനായി ഗാന്ധി സമ്മതം നൽകുക മാത്രമല്ല, ജിന്നയുമായി വളരെ ഗൗരവമായി ചർച്ചകൾ നടത്തി യിരുന്നു എന്നത് വ്യക്തമാണ്. എന്നാൽ 1945–46 ലെ തിരഞ്ഞെടുപ്പിൽ വിജയം കൈവരിക്കാൻ വേണ്ടിമാത്രം പാക്കിസ്താന്റെ രൂപികരണം എന്റെ ശവശരീരത്തിന് മീതെ മാത്രം നടക്കുകയുള്ളു എന്ന കള്ള പ്രഖ്യാപനം നടത്തി ഹിന്ദുക്കളെ പാടെ ചതിക്കുകയായിരുന്നു. പാക്കിസ്താന്റെ രൂപീകരണത്തിന് മുൻപ് വരെ ആ പ്രദേശങ്ങളിൽ താമസിച്ചിരുന്ന ഹിന്ദുക്കൾ അവസാന നിമിഷം വരെ ഗാന്ധിയുടെ വാക്കുകളെ വിശ്വസിച്ചു. പാക്കിസ്താന്റെ രൂപികരണത്തിന് ശേഷം തങ്ങളെ കാത്തിരിക്കുന്നത് ജിഹാദിന്റെ വാളുകളാണ് എന്ന് അവർ അറിഞ്ഞിരുന്നില്ല. അക്കാലത്ത് ഞാൻ സിയാൽക്കോട്ടിലെ (ഇന്ന് പാക്കിസ്താനിൽ) ഹൈസ്കൂളിൽ പഠിക്കുകയായിരുന്നു. വിഭജനം ഉണ്ടാകുകയില്ല എന്ന് വിശ്വസിച്ച് പാക്കിസ്താന്റെ രൂപികരണത്തിന് രണ്ടുമൂന്ന് മാസങ്ങൾക്ക് മുൻപ് അവിടെ പുതുതായി മുറികൾ ഉണ്ടാക്കിയിരുന്നു. എന്നാൽ ചതിയനും വഞ്ചകനുമായ ഗാന്ധി ഒന്ന് പറയുകയും അതിന് എതിരായി പ്രവർത്തിക്കുകയും ചെയ്യുന്നതിന്റെ ഫലമായി വൻതോതിലുള്ള ഹിന്ദുക്കളുടെയും സിഖ്കാരുടെയും കൂട്ടക്കൊലകൾക്ക് അത് കാരണമായിത്തീർന്നു. യാഥാർത്ഥ്യങ്ങൾ അദ്ദേഹം ജനങ്ങളോട് പറഞ്ഞില്ല. എന്ന് മാത്രമല്ല അദ്ദേഹത്തിന്റെ സ്വഭാവത്തിൽ സുതാര്യതയോ ശുദ്ധിയോ ഉണ്ടായിരുന്നില്ല. അങ്ങിനെ ഉണ്ടായിരുന്നെങ്കിൽ പാക്കിസ്താനിൽ നിന്നും രക്ഷപ്പെടാൻ ജനങ്ങൾ വേണ്ട സജ്ജീകരണങ്ങൾ ഒരുക്കുമായിരുന്നു. ഇവിടെ സൂചിപ്പി ക്കേണ്ട ഒരുകാര്യം അന്നത്തെ വൈസ്രോയി ആയിരുന്ന മൗണ്ട് ബാറ്റൻ മുസ്ലീങ്ങൾ ഭൂരിപക്ഷമുള്ള ജനവാസ പ്രദേശങ്ങൾ മാത്രമേ പാക്കിസ്താന്റെ രൂപികരണത്തിനായി ലഭിക്കുകയുള്ളു എന്നും അത് ഗാന്ധിയെ കൊണ്ട് സാധിക്കുന്നതല്ല എന്നും ജിന്നയെ പറഞ്ഞ് ബോദ്ധ്യപ്പെടുത്തിയിരുന്നു. പാർട്ടിഷൻ ആൻഡ് ആഫ്റ്റർമത്, പേജ്75 –ബൈ കേവൽ സിംഗ്. ഇതിൽ ഇപ്രകാരം പറഞ്ഞിരിക്കുന്നു. ''ഒരു ദിവസം വൈകുന്നേരം വൈസ്രെഗൽ ലോഡ്ജിൽ വച്ച് ക്ഷണിക്ക പ്പെട്ട ഒരു ഡസനോളം വരുന്ന മറ്റ് അഥിതികളോടൊപ്പം ഞങ്ങൾക്ക് ഒരു സൽക്കാരം ഉണ്ടായിരുന്നു. സൽക്കാരമുറിയുടെ വാതിക്കൽ മൗണ്ട്ബാറ്റൻ ജിന്നയെ വിളിച്ചു നിർത്തി പർട്ടിഷന്റെ രൂപത്തെ കുറിച്ച് വിവരിച്ചു. വിഭജിക്കപ്പെട്ട പാക്കിസ്താന്റെ പ്രവശ്യകളായ

ബംഗാളും പഞ്ചാബും ഇൻഡ്യക്കും പാക്കിസ്താനും ഇടയിലാണന്ന സത്യം മനസ്സിലാക്കിയ ജിന്ന ഞെട്ടിപ്പോയി. ജിന്ന അപ്പോൾ തന്നെ ഇത്തരത്തിൽ വികലമാക്കപ്പെട്ട പാക്കിസ്താൻ ഞാൻ സ്വീകരിക്കാൻ തയ്യാറല്ല എന്ന് മൗണ്ട്ബാറ്റനോട് പറഞ്ഞു. അതിന് മറുപടിയായി മൗണ്ട്ബാറ്റൻ പറഞ്ഞു. മി.ജിന്ന നിങ്ങൾ പാക്കിസ്താൻ ചോദിച്ചു. നിങ്ങൾക്ക് അത് ലഭിക്കുകയും ചെയ്തു. ഇനി അതിൽ മറ്റം ഉണ്ടാവുകയില്ല. മുസ്ലിം ഭൂരിപക്ഷ പ്രദേശങ്ങൾ പാക്കിസ്താനോട് ചേരണം എന്ന് പറയുമ്പോൾ ഹിന്ദു ഭൂരിപക്ഷപ്രദേശങ്ങൾ ഇൻഡ്യയോട് ചേരുക എന്നത് അവരുടെ അവകാശമാണ്.''

മുകളിൽ പറഞ്ഞ സംഭവങ്ങളിൽ നിന്നും ചില ചോദ്യങ്ങൾ ഉയരുന്നു

1.ഗാന്ധി ഹിന്ദുക്കളുടെ പ്രതിനിധി ആയിട്ടാണോ ജിന്നയോട് ചർച്ച നടത്തിയത്?. അങ്ങിനെ അല്ല എങ്കിൽ എന്ത് മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലാണ്/ അധികാരത്തിന്റെ പേരിലാണ് അദ്ദേഹം ജിന്നയോട് ചർച്ച നടത്തിയത്?. മുസ്ലിങ്ങളുടെയും ഹിന്ദുക്കളുടെയും കൂടി പ്രതിനിധിയായാണ് ഗാന്ധി ജിന്നയോട് സംസാരിച്ചതെങ്കിൽ എങ്ങിനെയാണ് ഇൻഡ്യയുടെ മുസ്ലിം ഭൂരിപക്ഷ പ്രദേശങ്ങൾ പാക്കിസ്താന്റെ രൂപികരണത്തിന് വിട്ടുകൊടുക്കാൻ അദ്ദേഹത്തിന് കഴിയുക?

2.ഹിന്ദുക്കളുടെ പ്രതിനിധിയായാണ് ഗാന്ധി ജിന്നയോട് സംസാരിച്ചതെങ്കിൽ അത് എന്തുകൊണ്ട് പൊതുവായി പ്രഖ്യാപിച്ചില്ല. അതിനുശേഷം ഹിന്ദുക്കളുടേതായ താല്പര്യങ്ങൾ കാണുവാനും സംരക്ഷിക്കാനും തയ്യാറയില്ല?. നല്ലത് എന്ന് തോന്നിപ്പിക്കുന്ന വിധത്തിലുള്ള എല്ലാ സംരഭങ്ങളുടെയും പിന്നിലെ പുകമറയ്കുള്ളിൽ കഴുകൻ കണ്ണുകളും ഉള്ളിലൊളിപ്പിച്ച് ചതിയുടെ മുഖവുമായി ഗാന്ധി എന്നും ഉണ്ടായിരുന്നു.

3. മൗണ്ട്ബാറ്റൻ പ്രയോഗിച്ച യുക്തി ജിന്നയുടെ വായ് മൂടിക്കെട്ടാൻ തരത്തിലുള്ളതായിരുന്നു. വേണമെങ്കിൽ ഗാന്ധിക്കും അതിന് കഴിയുമായിരുന്നു. ഇത് ഗാന്ധി യുക്തിഹീനൻ എന്ന് വെളിവാക്കുന്നതും ബ്രിട്ടിഷുകാർ മുസ്ലീം അനുകൂലികളോ ഹിന്ദു വിരുദ്ധരോ അല്ല ന്യായത്തിന്റെ പക്ഷത്തായിരുന്നു എന്ന് തെളിയിക്കുന്നതുമാണ്. അതുകൊണ്ട് തന്നെ ഗാന്ധിയും അനുയായികളും സ്വന്തം വിഡ്ഢിത്വങ്ങൾക്കും പരാജയങ്ങൾക്കും ബ്രിട്ടീഷുകാരെ പഴിചൊരിയുന്നത് ന്യായികരിക്കാവുന്നതല്ല.

അവസാനമായി, ബുദ്ധിശ്യൂന്യരായ ഹിന്ദുക്കളുടെ വിഡ്ഢിത്തരത്തിന് അതിരുകളില്ല എന്ന് അടിവരയിട്ട് ഉറപ്പിക്കുന്ന കാര്യം, അവർ

ചതിയനും നുണയനും നയവഞ്ചകനും 10 ലക്ഷം ഹിന്ദുക്കളുടെയും സിഖ്കാരുടെയും കൂട്ടക്കൊലയ്ക്ക് ഉത്തരവാദിയും രാജ്യത്തിനുമേൽ തെറ്റായ അനവധി കാര്യങ്ങൾ അടിച്ചേൽപ്പിക്കുകയും ചെയ്ത ഒരു വ്യക്തിയെ മഹത്തായ നേതാവ് മുതൽ രാഷ്ട്രപിതാവ് വരെ ആക്കി തീർത്തു എന്നതാണ്. മറ്റ് കുട്ടി ദൈവങ്ങളായ കറകളഞ്ഞ ഗാന്ധിയർ എന്ന് സ്വയം വിശേഷിപ്പിക്കുന്ന രാജേന്ദ്ര പ്രസാദ്, മൊറാർജി ദേശായ്, വിനോഭ ഭാവെ, ലാൽ ബഹദൂർ ശാസ്ത്രി എന്നിവർ ഗാന്ധിയുടെ തെറ്റുകൾക്കും ചതിക്കും കൂട്ട് നിന്ന് ഹിന്ദുക്കളെ ചതിച്ച ഒരേ ഗണത്തിൽപ്പെട്ട കുറ്റവാളികൾ തന്നെയാണ്.

## ഗാന്ധി ഒരു ഭീരു.‘‘ഹേ! രാം’’എന്ന് പറഞ്ഞിട്ടില്ല. പക്ഷെ മൂത്ര മൊഴിക്കുകയും വായിൽ നിന്ന് നുരയും പുകയും വരുകയും ചെയ്തു.

ഗാന്ധി തന്റെ ആത്മകഥയിൽ (ഹിന്ദി ആത്മകഥ) പേജ് 19 ൽ സ്വയം സമ്മതിക്കുന്നു.‘‘ ഞാൻ ഒരു ഭീരുവാണ്. കള്ളന്മാരെയും, പാമ്പുകളെയും, പ്രേതങ്ങളെയുമെല്ലാം എനിക്ക് ഭയമാണ്. എന്നു മാത്രമല്ല രാത്രിയിൽ ഒറ്റയ്ക്ക് പുറത്ത് പോകുവാനുള്ള ധൈര്യം എനിക്കില്ല. രാത്രിയിൽ മുറിയ്ക്കുള്ളിൽ ലൈറ്റ് ഇടാതെ ഉറങ്ങുവാൻ എനിക്ക് കഴിയുകയില്ല. എനിക്ക് എന്റെ ഈ ദുർബലതയെപ്പറ്റി എന്റെ ഭാര്യയോട് പറയുവാൻ ലജ്ജയായിരുന്നു. കുട്ടിയായിരുന്നപ്പോൾ മാത്രമല്ല മുതിർന്നപ്പോളും ഗാന്ധിയുടെ മാനസീകാരോഗ്യം ഇതേ തരത്തിൽ ഉള്ളതായിരുന്നു. ആ ഭീരുത്വം ജീവിതകാലം മുഴുവൻ അങ്ങിനെ തന്നെ തുടരുകയും ചെയ്തു.

18-01-1948 ലെ പ്രസംഗത്തിൽ ഗാന്ധി പറഞ്ഞു.‘‘ ഞാൻ ഒരു പ്രവാചകനല്ല. എന്നിരുന്നാലും ഒരുകാരണത്താൽ അല്ലെങ്കിൽ മറ്റൊരു കാരണത്താൽ അവർക്ക് (ഹിന്ദുക്കൾ) ഇൻഡ്യയിലെ മുസ്ലീങ്ങളുമായി സൗഹൃദപരമായ രീതിയിൽ കഴിയുവാൻ സാധിക്കുകയില്ല. ലോകത്തിലുള്ള മുസ്ലിങ്ങൾ എല്ലാം അവർക്ക് ശത്രുക്കളായ് തീരുകയും ഇൻഡ്യ അവർക്ക് നഷ്ടപ്പെടുകയും ചെയ്യും എന്ന് മനസ്സിലാക്കാനുള്ള കഴിവും ബുദ്ധിയും ദൈവം വേണ്ടുവോളം എനിക്ക് നൽകിയിട്ടുണ്ട്’’. (ഡൽഹി ഡയറി, പേജ്-354)

മുകളിൽ പറഞ്ഞതിൽ നിന്നും ഗാന്ധി ലോക മുസ്ലിങ്ങളുടെ ഐക്യം എന്നത് സ്വാഭാവീകവും പ്രകടവുമായ ആഗ്രഹവുമായി പരിഗണിച്ചിരുന്നു എന്നത് വളരെ വ്യക്തമാണ്. എങ്കിൽ എന്തുകൊണ്ട് ഒറ്റരാജ്യത്തിനുള്ളിലുള്ള (ഇൻഡ്യ) ഹിന്ദുക്കളുടെ ഐക്യം അദ്ദേഹം ആഗ്രഹിച്ചിരുന്നില്ല അല്ലെങ്കിൽ അതിന് എതിരായിരുന്നു?. വിഭജി

ക്കപ്പെട്ട ഇൻഡ്യയിലുള്ള ഹിന്ദുക്കളോട് പാക്കിസ്താനിൽ നിന്നും പ്രാണഭയത്താൽ ഓടിപ്പോരുന്ന ഹിന്ദുക്കളുടെ കാര്യത്തെ കുറിച്ച് ചിന്തിക്കേണ്ടതില്ല എന്ന് ഉപദേശിച്ചത് എന്തിന്?. സ്വയം ഒരു ഭീരു ആയതിനാൽ ഗാന്ധി ബാക്കി ഹിന്ദുക്കളും ഭീരുക്കളായിരിക്കുവാനും മുസ്ലിങ്ങളെ ഭയപ്പെട്ട് ജീവിക്കണം എന്നും ആഗ്രഹിച്ചിരുന്നു. പക്ഷെ അദ്ദേഹത്തിന്റെ അനുയായികൾ ഗാന്ധിയെ പരിപൂർണ്ണനായും ധൈര്യശാലിയായും ചിത്രീകരിച്ചിരുന്നു. വെടിയേറ്റ് വീണ നിമിഷം പോലും പൂർണ്ണ രാമഭക്തനും മരണ സമയത്ത് ‘‘ഹേ! രാം’’ എന്ന് പറഞ്ഞതായും ഉള്ള കള്ളക്കഥകളും നുണകളും പ്രചരിപ്പിക്കുകയും ചെയ്തു.

എന്നാൽ സത്യാവസ്ഥ 01-ജൂലൈ-1996 ൽ ‘‘ ശക്തി സമാചാർ, 16 മാകസ് ലയിൻ, കൊൽക്കത്ത-7 പുറത്ത് വിട്ടിരുന്നു. ഇതിൽ വായിക്കാവുന്നത് എം.കെ. ഗാന്ധി, നാഥൂറാം ഗോഡ്സെയുടെ വെടിയേറ്റ് വീണ് മരണപ്പെടുന്നതിന് മുൻപ് ‘ഹേ! രാം’ എന്ന് പറഞ്ഞിട്ടില്ല എന്നതാണ്. മറിച്ച് ശ്വാസം മുട്ടുമ്പോൾ ഉണ്ടാകുന്ന ‘ഫ്യൂസ്’ എന്നതരത്തിലുള്ള ശബ്ദം മാത്രമേ പുറത്ത് വന്നുള്ളു. ഗോഡ്സെ വിചാരണ സമയത്ത് ഇത് പറഞ്ഞെങ്കിലും ആരും ആ സമയത്ത് അദ്ദേഹത്തെ വിശ്വസിച്ചില്ല. മരണത്തെപ്പോലും ഭയക്കാതെ അന്ത്യ നിമിഷത്തിൽ ചുണ്ടുകളിൽ രാമനാമം ഉരുവിട്ടുകൊണ്ട് ധീരനായ മനുഷ്യനെപ്പോലെ ഗാന്ധി മരിച്ച് വീണു എന്ന രീതിയിൽ പൊടിപ്പും തൊങ്ങലും നിറച്ച നുണക്കഥകൾ അനുയായികളും കോൺഗ്രസ്സുകാരും പ്രചരിപ്പിച്ചു കൊണ്ടിരുന്നു. സത്യത്തിൽ വെടി യേറ്റ് മരണപ്പെടുന്ന സമയത്ത് പേടിച്ച് വിറച്ച് മുണ്ടിൽ മൂത്ര മൊഴിക്കുകയും വായിൽ നിന്ന് നുരയും പുകയും വരികയും ഉരുളകിഴങ്ങ് സഞ്ചി പോലെ നിലത്ത് വീഴുകയുമാണ് ഉണ്ടായത്’’. ഈ സത്യം ഗാന്ധിയുടെ മുൻ അംഗരക്ഷകനായിരുന്ന മി. വി. കല്യാണം പുറത്ത് വിട്ടിരുന്നു. 08 -ഫെബ്രുവരി- 1999 ബുധനാഴ്ച മദ്രാസിലെ (ചെന്നൈ) ഫോറം ഓഫ് ലൗഡ് തിങ്കിങ്ങിൽ സംസാരി ക്കവെ വി. കല്യാണം പറഞ്ഞു.‘‘ എന്റെ മേൽ നിന്നും വെടിയുണ്ട 6 ഇഞ്ച് വ്യത്യാസത്തിൽ ലക്ഷ്യം തെറ്റുകയാണ് ഉണ്ടായത്. എന്താണ് യാഥാർത്യത്തിൽ ആ ദിവസം നടന്നതെന്ന് എനിക്കറിയാം. സംഭവി ക്കാത്ത ഒന്നിനെ കുറിച്ച് പറഞ്ഞ് ലോകത്തെ മുഴുവൻ വിഡ്ഡികളാ ക്കുകയാണ് ചെയ്തിരിക്കുന്നത് ‘‘.

ഗാന്ധിയുടെ പ്രതിയോഗിയായ മി.ജിന്ന അദ്ദേഹത്തെ ആടിനെ പോൽ ഭീരുവായാണ് കണക്കാക്കിയിരിക്കുന്നത്. ഗാന്ധിയെ കുറിച്ച് വളരെ യാഥാർത്യവും താല്പര്യം ഉണർത്തുന്നതുമായ ചിത്രമാണ്

സൈലേഷ് കുമാർ ഉപാദ്ധ്യായ് യുടെ ''മുഹമ്മദ് അലി ജിന്ന ആൻഡ് ക്രിയേഷൻ ഓഫ് പാക്കിസ്താൻ'' എന്ന പുസ്തകത്തിൽ പറയുന്നത്. പേജ് 244 ഇപ്രകാരം വായിക്കാം. '' ഒക്ടോബർ 10 ന് കിറ്റ ലീഗ് സംഘടിപ്പിച്ച പൊതുസമ്മേള്ളനത്തിൽ വച്ച് അദ്ദേഹം ഗാന്ധിയുടെ അക്രമരാഹിത്യ സത്യാഗ്രഹ സമരത്തെ പരസ്യമായി നിന്ദിച്ചിരിക്കുന്നു. കൂടാതെ രൂക്ഷമായി പരിഹസിച്ചു കൊണ്ട് ഇങ്ങനെ പറയുന്നു. നേതാവായിത്തീരാൻ പോലീസിന്റെ ലാത്തിയുടെ മർദ്ദനം സഹിച്ച് ഒരു ആടിനെപ്പോലെ ഇരിക്കുകയും, പിന്നീട് ജയിലിൽ പോകുകയും, ശരീരഭാരം കുറഞ്ഞു വെന്ന് ആവലാതിപ്പെട്ടുകൊണ്ട് ജയിൽ മോചനത്തിനായി ശ്രമിക്കുകയും ചെയ്യുന്നു (ഉറക്കെയുള്ള ചിരികൾ പടരുന്നു)....

ഗാന്ധിയെ എത്ര കൃത്യമായി ജിന്ന അളന്നിരിക്കുന്നു എന്ന് നമുക്ക് മനസ്സിലാക്കാം.

## അദ്ധ്യായം-7

# ജിന്നക്ക് ന്യായമുണ്ടായിരുന്നു. എന്നാൽ ഗാന്ധി ഹിന്ദുക്കളെ വഞ്ചിച്ചു

മി. ജിന്ന സത്യസന്ധനും ധൈര്യശാലിയും ആയ വ്യക്തി ആയിരുന്നു. എന്നാൽ ഗാന്ധിക്ക് കള്ളം പറയുന്നതും യാഥാർത്യങ്ങളെ വളച്ചൊടിക്കുന്നതുമായ ശീലം ഉണ്ടായിരുന്നു. മാർച്ച് 1940 ന് ലാഹോറിൽ മുസ്ലിം ലീഗിന്റെ 27-മത് സമ്മേളനത്തിൽ പ്രസിഡൻഷ്യൽ അഭിസംബോധന ചെയ്യുമ്പോൾ ജിന്നക്ക് തന്റെ ആശയം വളരെ വ്യക്തമായിരുന്നു. ''നമ്മൾ, 100 മില്യൺ /അതിൽ കൂടിയാലും/ (വിഭജിക്കുന്നതിന് മുൻപ് ഭാരതത്തിലെ ആകെ മുസ്ലിം ജനസംഖ്യ 100 മില്യൺ ആയിരുന്നു) വരുന്ന മുസ്ലീങ്ങൾ ഒരു രാജ്യമാണ്. നമ്മുടേതായ നാഗരീകതയും, സംസ്കാരവും, ഭാഷയും, സാഹിത്യവും, കലയും, വാസ്തുവിദ്യയും, നാമവും, സംജ്ഞകളും, മൂല്യവും, ഓഹരിയും, നിയമവും, ധാർമ്മീക സംഹിതകളും, ആചാരങ്ങളും, കലണ്ടറും, ചരിത്രവും, സംമ്പ്രദായങ്ങളും, കാഴ്ചപ്പാടുകളും, ആഗ്രഹങ്ങളും എല്ലാമുള്ള രാജ്യം. ചുരുക്കത്തിൽ ജീവിതത്തെ കുറിച്ചും ഇതരമായ കാര്യങ്ങളെ കുറിച്ചും നമ്മുടേത് മാത്രമായ വ്യക്തമായ കാഴ്ചപ്പാടുള്ളതും എല്ലാ അർത്ഥത്തിലും അന്താരാഷ്ട്ര തലത്തിലുള്ള ഒരു രാജ്യം. (ട്രിബ്യൂൺ, സണ്ടേ റീഡിങ്ങ്, 23-11-1993, അയോദ്ധ്യ ആൻഡ് ആഫ്റ്റർ, ബൈ അജയ് അഹൂജ, ലേഖനം)

മുസ്ലിം ലീഗും ജിന്നയും പാക്കിസ്താന്റെ രൂപികരണത്തിന് വേണ്ടി നിരത്തിയ വാദ പ്രതിവാദങ്ങളിൽ എത്രയും നീതിയുക്തമായ കാരണങ്ങളാണ് ഉന്നയിക്കുന്നത് എന്നുള്ളത് മുൻ അദ്ധ്യായത്തിലും ജമീൽ ഉദ് ദിന്റെ 'സം ആസ്പെക്റ്റ്സ് ഓഫ് പാക്കിസ്താൻ എന്ന ഗ്രന്ഥത്തിലും, ലാൽ ബഹദൂറിന്റെ 'സ്ട്രഗിൾ ഓഫ് പാക്കിസ്താൻ, പേജ് 235 ലും കാണാൻ കഴിയും. അവസാനത്തേതിൽ ഇപ്രകാരം എഴുതിയിരിക്കുന്നു ''ലീഗ് മുന്നോട്ട് വയ്ക്കുന്ന മറ്റൊരു കരണം പാക്കിസ്താൻ എന്നത് ഹിന്ദുക്കളുടെയും മുസ്ലീങ്ങളുടെയും പൂർണ്ണ സ്വാതന്ത്ര്യം ആണ്. ഹിന്ദുക്കൾ ആവശ്യപ്പെടുന്ന ഏകീകൃത ഇൻഡ്യ എന്നത് ഹിന്ദു ഭരിക്കുന്ന, മുസ്ലീങ്ങൾ കീഴടങ്ങി ജീവിക്കുന്ന ഇൻഡ്യയാണ്. ലീഗ് ലക്ഷ്യമിടുന്നത്, ഹിന്ദുക്കൾക്കും മുസ്ലിങ്ങൾക്കും പരമാധികാരമുള്ള അവരുടേതായ മാതൃരാജ്യമാണ്. അതുവഴി

സ്വഭരണവും, സ്വന്തം കഴിവിനും ബുദ്ധിക്കും സംസ്കാരത്തിനും സമ്പ്രദായങ്ങൾക്കും അനുസരിച്ച് സ്വരാജ്യത്തിന്റെ ഭാവിക്ക് വേണ്ടി പ്രയത്നിക്കാനുള്ള അവസരവും ലഭിക്കും. ''

കൂടുതൽ സംസ്ഥാനങ്ങൾ വേണമെന്ന ദുരാഗ്രഹം ഉണ്ടായിരുന്നെങ്കിലും ജിന്ന മുസ്ലീങ്ങളുടെ മാതൃരാജ്യമായി പാക്കിസ്താന്റെ രൂപികരണം മാത്രമല്ല. അതേ അവസരം ഹിന്ദുക്കൾക്ക് അവരുടെ മാതൃരാജ്യമായ വിഭജിത ഇൻഡ്യയുടെ രൂപത്തിൽ ലഭിക്കുന്നതിൽ മനസ്സുള്ളവനായിരുന്നു എന്നത് വ്യക്തമാണ്. അങ്ങിനെ ഇരിക്കെ തന്നെ ജിന്ന 10 ജനുവരി 1941 ന് മുംബൈയിൽ വച്ച് നടന്ന മുസ്ലിം എഡ്യുക്കേഷൻ സർവീസ് ലീഗിന്റെ സമ്മേളനത്തിൽ പ്രകടിപ്പിച്ച കാഴ്ചപ്പാട് ഇപ്രകാരമാണ്.'' ഇൻഡ്യയിലുള്ള എല്ലാ രാഷ്ട്രീയ പാർട്ടികളും പാക്കിസ്താൻ മുന്നോട്ട് വെച്ച പദ്ധതി അംഗീകരിച്ച് കൊണ്ട് ഹിന്ദുക്കളെയും മുസ്ലീങ്ങളെയും അവരവരുടെ മാതൃരാജ്യങ്ങളിൽ പുനരധിവസിപ്പിക്കുന്നതിന് ഉള്ള നടപടി എടുക്കണം. (ജെനിസിസ് ഓഫ് പാക്കിസ്താൻ- ബൈ വി.വി. നഗർക്കർ, പേജ് 332)

പാക്കിസ്താന്റെ രൂപീകരണം ഏകദേശം തീരുമാനിക്കപ്പെടവേ, ജിന്ന വീണ്ടും ഇപ്രകാരം ഒരു പ്രഖ്യാപനം നടത്തി.'' ഒരു സംശയവും വേണ്ട പാക്കിസ്താനിൽ വസിക്കുന്ന ഹിന്ദുക്കൾക്ക് മാതൃരാജ്യമായ ഹിന്ദുസ്ഥാനിലേയ്ക്ക് പോകണമെങ്കിൽ അവർക്ക് അതിനുള്ള പരിപൂർണ്ണ സ്വാതന്ത്രമുണ്ട്. മറിച്ച് ഹിന്ദുസ്ഥാനിൽ വസിക്കുന്ന മുസ്ലീങ്ങൾക്ക് പാക്കിസ്താനിലേയ്ക്ക് കുടിയേറണമെങ്കിൽ അതിന് വേണ്ട അവസരം ലഭിക്കണം. ഉടനടിയോ പിന്നിടോ ഈവിധമുള്ള മാറ്റിപാർപ്പിക്കലുകൾ നടക്കണം. അതിനായി ഹിന്ദുസ്ഥാന്റെയും പാക്കിസ്താന്റെയും ഭരണകൂടങ്ങൾ കൂടിയാലോചിച്ച് ഇക്കാര്യം ഗൗരവമായി പരിഗണിച്ച് ഫലവത്തായ രീതിയിൽ ജനങ്ങളുടെ ക്രയവിക്രയം നടത്തുകയും വേണം. (പേജ് 457, ജെനിസിസ് ഓഫ് പാക്കിസ്താൻ)

മി. ജിന്നയുടെ പ്രസ്താവന വളരെ വ്യക്തവും സംതുലിതവും ആയിരുന്നു. ഹിന്ദുക്കളോട് ഒരു അനീതിയും അതിൽ കാണുവാൻ ഉണ്ടായിരുന്നില്ല. നേരെമറിച്ച് ഗാന്ധി 24-സെപ്തംബർ-1947 ൽ അദ്ദേഹത്തിന്റെ പ്രാർത്ഥനാ സമ്മേളനത്തിൽ ഇപ്രകാരം പറഞ്ഞു. 'കോൺഗ്രസ്സും ബ്രിട്ടണും സമ്മതം മൂളിയില്ലായിരുന്നു എങ്കിൽ ഇന്ന് പാക്കിസ്താൻ ഉണ്ടാവുമായിരുന്നില്ല. പാക്കിസ്താനിലെ മുസ്ലീങ്ങൾ അത് അർഹിക്കപ്പെടുകയും ഇല്ലായിരുന്നു. (ഡൽഹി ഡയറി, പേജ് 35). അതിനാൽ ഗാന്ധിയെ സംബന്ധിച്ചിടത്തോളം പാക്കിസ്താൻ എന്നത് പാക്കിസ്താനിൽ വസിച്ചിരുന്ന മുസ്ലിങ്ങൾക്ക് വേണ്ടി

ഉള്ളതായിരുന്നു. അല്ലാതെ ഇൻഡ്യയിൽ വസിക്കുന്ന മുസ്ലിമിന് വേണ്ടിയുള്ളതോ, പാക്കിസ്താനിൽ വസിക്കുന്ന ഹിന്ദുവിന് വേണ്ടിയുള്ളതോ അല്ലായിരുന്നു. അങ്ങിനെ ഇൻഡ്യ എന്നത് എല്ലാവർക്കും താമസിക്കാവുന്ന ഒരു ധർമ്മശാലയോ, സത്രമോ ആയിരുന്നു. ഗാന്ധി പലവട്ടം ഊന്നിപ്പറഞ്ഞ രണ്ട് കാര്യങ്ങൾ ഇൻഡ്യ '' ഹിന്ദു രാജ്യമല്ല'' എന്നും 'പാക്കിസ്താനിലെ ഹിന്ദു,സിഖ് ജനങ്ങൾക്ക് എന്തു തന്നെ സംഭവിച്ചാലും അത് നമ്മുടെ പ്രശ്നമല്ല'' എന്നതും (ഡൽഹി ഡയറി, പേജ് 57-71).

അങ്ങിനെ ഗാന്ധി ഹിന്ദുക്കൾക്ക് അവരുടെ മാതൃരാജ്യം ഇല്ലാതാക്കി. എന്നാൽ ജിന്ന ഇരുവർക്കും അത് ലഭിക്കുവാൻ സന്നദ്ധത പ്രകടിപ്പിച്ച വിശാല മനസ്സുള്ളവനായിരുന്നു. ഗാന്ധിയുടെ വിക്രീയകളുടെ അനന്തിരഫലമായി ലോകത്തിലെ ഏറ്റവും പഴക്കമേറിയ പൈതൃകത്തിന്റെ ഉടമകൾക്ക് മതൃരാജ്യം ഇല്ലാത്ത അവസ്ഥ സംജാതമായി. ബംഗ്ലാദേശിൽ നിന്നോ പാക്കിസ്താനിൽ നിന്നോ വരുന്ന ദരിദ്രരായ ഹിന്ദുക്കളെ തിരിഞ്ഞുനോക്കാൻ പോലും ഇന്ന് ആരും തയ്യാറല്ല. അനധികൃത ഇസ്ലാമീക നുഴഞ്ഞു കയറ്റക്കാരെ ബംഗ്ലാദേശിൽ നിന്നോ പാക്ക് അനധീകൃത ഇൻഡ്യയിൽ നിന്നോ ഓടിക്കാൻ ആർക്കും ധൈര്യവും ഇല്ല. ഇൻഡ്യ ദുർബലമായ രാജ്യമായി പരിണമിച്ചതിന് കാരണം, പാക്കിസ്താനി നുഴഞ്ഞുകയറ്റക്കാരുടെ ക്രൂരതകൾ തടുക്കാൻ കഴിവില്ലാത്തവർ ആയതിനാലാണ്. എന്തുകൊണ്ടെന്നാൽ പതിനഞ്ച് കോടി മുസ്ലീങ്ങൾ ഇൻഡ്യയിലുണ്ട്. ഹിന്ദുക്കൾ മനപ്പൂർവ്വം കുഴപ്പങ്ങൾ ക്ഷണിച്ച് വരുത്തുവാൻ ധൈര്യപ്പെടുന്നില്ല.

## ഗാന്ധിയും നെഹ്രുവും ഹിന്ദുക്കളുടെ പ്രതിനിധിയല്ല എങ്കിൽ വിഭജിത ഇൻഡ്യയുടെ സ്ഥാനമാനങ്ങൾ ആഗ്രഹിച്ചതും അലങ്കരിച്ചതും എന്തിന്?

ഗാന്ധിയും നെഹ്രുവും പൊതുജനങ്ങളോട് ജീവിതത്തിൽ ഒരിക്കലും അവർ ഹിന്ദുക്കളുടെ പ്രതിനിധി ആണെന്ന് പറഞ്ഞിട്ടില്ല. അവർക്കെതിരെയുള്ള ഗുരുതരമായ ഒരു കുറ്റം ''ജിന്നയുടെ പ്രസ്ഥാവന അനുസരിച്ച് ഉള്ളത് അടക്കം ഹിന്ദുക്കളുടെ മാതൃരാജ്യമായ വിഭജിത ഇൻഡ്യ ഭരിക്കാനും സ്ഥാനങ്ങൾ ഏറ്റെടുക്കുവാനും എന്ത് അടിസ്ഥാന അവകാശമാണ് ഗാന്ധിക്കും നെഹ്രുവിനും ഉണ്ടായിരുന്നത്?. അല്പമെങ്കിലും ആത്മാഭിമാനം അവരിൽ ഉണ്ടായിരുന്നു എങ്കിൽ അവർ വൈസ്രോയിയോട് തങ്ങൾ ഹിന്ദുക്കളുടെ പ്രതിനിധികൾ അല്ല എന്ന് പറയണമായിരുന്നു. എന്നിട്ട് രാജ്യഭരണം

ഹിന്ദുക്കളുടെ പ്രതിനിധികൾക്ക് കൈമാറണമായിരുന്നു. കാരണം രാജ്യത്തിന്റെ വിഭജനം ഹിന്ദുക്കൾക്കും മുസ്ലീങ്ങൾക്കും പ്രത്യേകം മാതൃരാജ്യം എന്ന ആശയത്തിന്റെയും മാനദണ്ഡത്തിന്റെയും മാത്രം അടിസ്ഥാനത്തിൽ ആയിരുന്നു.

ബ്രിട്ടിഷ് ഗവണ്മെന്റ് ഒരുവേള നെഹ്രുവിനും കോൺഗ്രസ്സിനും ഹിന്ദുക്കളുടെ പ്രതിനിധി എന്ന ധാരണയിൽ ഭരണം കൈമാറി എങ്കിൽ തന്നെ ഡിസംബർ 1946 ൽ ബൽദേവ് സിംഗ്, നെഹ്രു, ജിന്ന എന്നിവർ ലണ്ടനിൽ പോകുകയും, ബ്രിട്ടീഷ് പ്രെസ്സിൽ അവർ യഥാക്രമം സിഖ്, ഹിന്ദു, മുസ്ലിം പ്രതിനിധികളാണന്ന് പ്രസ്താവിക്കുകയും ചെയ്തിരുന്നു. (ട്രിബ്യൂൺ, 27-01-1948). ഇതിൽ നിന്നും നെഹ്രു ഹിന്ദുക്കളുടെ പ്രതിനിധിയായാണ് ലണ്ടനിൽ പോയത് എന്ന് വ്യക്തമാണ്. എന്നാൽ ജീവിതത്തിൽ ഒരിക്കലും ഹിന്ദുക്കളോട് ഉള്ള കടമ നിറവേറ്റിയില്ല. എപ്പോഴെല്ലാം അവർ ബ്രിട്ടിഷ് ഗവണ്മെന്റും, ജിന്നയുമായും സമ്മേളനങ്ങളിലും യോഗത്തിലും പങ്കെടുക്കുമ്പോൾ ഹിന്ദുക്കളുടെ ഓഹരി ലഭിക്കുവാൻ വേണ്ടി മാത്രം ഹിന്ദു പ്രതിനിധി ആയിരിക്കുകയും, ശേഷം ഹിന്ദുക്കളെ സമർത്ഥമായി ചതിക്കുകയും ചെയ്തിരുന്നു. ഈ നേതാക്കളുടെ സ്വഭാവശുദ്ധി ഇല്ലായ്മക്ക് അനുയായികൾ വിശദ്ധീകരണം നൽകണം.

30 സെപ്തംബർ 1947 ലെ പ്രാർത്ഥനാ സമ്മേളനത്തിൽ ഗാന്ധി പറഞ്ഞു. ‘‘ പ്രഭാതത്തിൽ ചില സുഹൃത്തുക്കൾ മിയൻവാലിയിൽ (വെസ്റ്റ് പഞ്ചാബ് ) വെച്ച് അദ്ദേഹത്തെ സന്ദർശിക്കുകയുണ്ടായി. മിയാൻവാലിയിൽ നിന്നുള്ള ആ സുഹൃത്തുക്കൾ പറഞ്ഞു ഞങ്ങൾ ഉപേക്ഷിച്ച് പോന്നവർ ബലമായി മതപരിവർത്തനം ചെയ്യപ്പെടുകയോ, കൊലപ്പെടുകയോ, ദാരിദ്രം അനുഭവിക്കപ്പെടുകയോ, സ്ത്രീകളും പെൺകുട്ടികളും തട്ടിക്കൊണ്ട് പോകപ്പെടുകയോ ചെയ്യപ്പെട്ടിട്ടുണ്ടാകാം എന്ന് ഞങ്ങൾ ഭയപ്പെടുന്നു.

ആ സുഹൃത്തുക്കൾ ഗാന്ധിയോട് ചോദിച്ചു. അവരെ സംരക്ഷിക്കേണ്ടത് ഇൻഡ്യാ ഗവണ്മെന്റിന്റെ ചുമതല ആയിരുന്നില്ലേ?. ഗാന്ധിയുടെ മറുപടി- പാക്കിസ്താനിലെ ന്യൂനപക്ഷത്തെ സംരക്ഷിക്കാൻ രണ്ട് മാർഗ്ഗങ്ങൾ ഉണ്ടായിരുന്നു. ഏറ്റവും നല്ല മാർഗ്ഗം ക്വയ്ദ് -ഇ-ആസാം ജിന്നയും അദ്ദേഹത്തിന്റെ മന്ത്രിമാരും ന്യൂനപക്ഷങ്ങളുടെ സുരക്ഷ ഉറപ്പാക്കുകയും അവർക്ക് ശക്തി പകരുകയുമായിരുന്നു വേണ്ടത്. അപ്പോൾ അവർക്ക് ഇൻഡ്യയിലേയ്ക്ക് കുടിയേറണ്ടതിനെപ്പറ്റി ചിന്തിച്ച് ഉത്കണ്ഠപ്പെടേണ്ടി വരുമായിരുന്നില്ല. ഒഴിഞ്ഞ് പോയ പ്രദേശങ്ങൾ ഒഴിക്കപ്പെട്ടവർക്ക് തന്നെ ഉറപ്പാക്കുക എന്നത് പാക്കിസ്താന്റെ താല്പര്യത്തെ ആശ്രയിച്ചിരിക്കുന്ന കാര്യമാണ്.

അങ്ങിനെ വരുമ്പോൾ തീർച്ചയായും തട്ടിക്കൊണ്ട് പോകലുകളോ മതപരിവർത്തനങ്ങളോ ഉണ്ടാവുകയില്ല. (ഡൽഹി ഡയറി, പേജ് 50) എത്രയും നാണംകെട്ട രീതിയിലാണ് ഗാന്ധി സഹായം നിക്ഷേധിക്കുന്നത് എന്ന് ഏവർക്കും മനസ്സിലാക്കാവുന്നതാണ്. ഇത്തരത്തിൽ കാപട്യവും വഞ്ചനയും ലോകചരിത്രത്തിൽ മറ്റൊരിടത്തും കാണാൻ സാധിക്കില്ല. ചുരുക്കത്തിൽ ചെന്നായ്ക്കൾ ആടുകളുടെ സുരക്ഷ ഉറപ്പാക്കുകണം എന്നതാണ് ഗാന്ധി പറഞ്ഞു വരുന്നത്. ഇവിടെ ഓർമ്മിപ്പിക്കേണ്ട മറ്റൊരു പ്രധാന കാര്യം, ഹിന്ദു- മുസ്ലിം ജനതയുടെ ക്രയവിക്രയത്തിന്റെ കരാർ നിലനിൽക്കുന്ന കാലയളവിലാണ് ഇത് ചതിയൻ ഗാന്ധി പറയുന്നത് എന്നതാണ്. 5-സെപ്തംബർ- 1947 ൽ ലാഹോറിൽ വെച്ചുള്ള മാസ്റ്റർ താരാ സിംങിന്റെ പ്രയത്നത്തിന്റെ ഫലമായി ഒപ്പ് വച്ച ഈ കരാർ അനുസരിച്ച് കിഴക്ക് പടിഞ്ഞാറൻ പഞ്ചാബിനിടയിൽ ഉള്ള ഹിന്ദു-മുസ്ലിം, സിഖ് ജനതയെ പൂർണ്ണമായി മാറ്റണമായിരുന്നു. വെസ്റ്റ് പഞ്ചാബിൽ നിന്നും ഹിന്ദു, സിഖ് ജനതയെ ഈസ്റ്റ് പഞ്ചാബിലേയ്ക്ക് മാറ്റുക എന്നത് ഇൻഡ്യാ ഗവണ്മെന്റിന്റെ ചുമതലയുമായിരുന്നു. ഇൻഡ്യാ ഗവണ്മെന്റിന്റെ കടമകളെയും ചുമതലകളെയും നിറവേറ്റുന്നതിന് നിർദ്ദേശം നൽകുന്നതിന് പകരം അഭയാർത്ഥികളായി വന്ന ഹിന്ദുക്കളെയും സിഖുകാരെയും തിരികെ അയച്ചത് ഗാന്ധിയുടെ ശിക്ഷ അർഹിക്കുന്നതും നിർലജ്ജാകരവുമായ പ്രവർത്തിയാണ്.

## സൈനീകരെ അപമാനിക്കുന്ന ഗാന്ധി ; സൈനീകർ കക്കൂസ് വൃത്തിയാക്കണം എന്ന് ഗാന്ധിയുടെ കല്പന

ഏതൊരു ഭരണകൂടത്തിന്റെയും പ്രാഥമീകവും എറ്റവും പ്രാധാന്യമർഹിക്കുന്നതുമായ ചുമതലയാണ് രാജ്യത്തിന്റെ അതിർത്തികളിലെ സംരക്ഷണം ഉറപ്പാക്കുക എന്നത്. പുറമേ നിന്നുള്ള അനവധി അധിനിവേശ ആക്രമങ്ങൾക്ക് പല കാലങ്ങളായി ഇൻഡ്യ ഇരയായിട്ടുണ്ട്. അതിൽ ഇസ്ലാമീക അധിനിവേശം വളരെ പ്രാധാന്യം അർഹിക്കുന്നു. മനുഷ്യത്വ രഹിതമായ ക്രൂരതകളാലും ദുഷ്ടപ്രവർത്തികളാലും കടന്നുകയറ്റക്കാരായ ഈ അക്രമകാരികൾ ഹിന്ദുക്കളുടെ മേൽ ആധിപത്യം സ്ഥാപിച്ചു. ഹിന്ദുക്കൾ അനുഭവിച്ച ദുരന്തത്തിന് സമാനമായും സമാന്തരമായും ലോകത്തിൽ എങ്ങും തന്നെ ഒരു ചരിത്രവും നിലനിൽക്കുന്നുമില്ല. പുരാണങ്ങളിൽ ഭാരതത്തിന്റെ അതിർത്തി കടന്ന് വന്ന അസുരന്മാരായി ചിത്രീകരിക്കപ്പെട്ട കാടന്മാരായ പടിഞ്ഞാറൻ രാജ്യക്കാർ മുതൽ ബ്രിട്ടീഷ് അധിനിവേശം വരെ ആ അക്രമപരമ്പരകളുടെ ചരിത്രം നീണ്ട് നിവർന്ന് കിടക്കുന്നു. ഒരു

കാലത്ത് ഇൻഡ്യ ബുദ്ധമത സാഹിത്യങ്ങൾ അനുസരിച്ച് ഗാന്ധാരം മുതൽ (അഫ്ഗാനിസ്ഥാൻ) കാംബോജം വരെ (ഏഷ്യ) പടർന്ന് കിടന്നിരുന്നു. ഏകദേശം ആയിരം വർഷങ്ങൾക്കുള്ളിലാണ് ഇന്ന് കാണുന്നത് പോലെ പകുതിയായി പരിണമിച്ചിട്ടുള്ളത്. എങ്കിലും ഇക്കാലത്തും ഗാന്ധിയും, നെഹ്രുവും അവരുടെ അനുയായികളും സൈനീകരെ പൂർണ്ണമായും അവഗണിക്കുകയും അവരോട് വിരോധം കാട്ടുകയും ചെയ്യുന്നു. ഗാന്ധിയരുടെ പ്രവർത്തികളിൽ ധീരരായ സൈനീകരോട് എന്നും അവജ്ഞയും പുച്ഛവുമാണ് ഉണ്ടായിട്ടുള്ളത്.

വിഭജനത്തിന് ഉടനടി, രാജ്യത്തെ വഴിപിഴപ്പിച്ച ഗാന്ധി ഒരു പ്രസ്താവന നടത്തി. '' സൈനികരായ ഭടന്മാരുടെ ജോലി അത്രയ്ക്ക് ബഹുമാനം അർഹിക്കുന്നതാണ് എന്ന് പറയുവാൻ ഞാൻ ആഗ്രഹി ക്കുന്നില്ല. അവർ നിലം ഉഴുകണം, കിണറുകൾ കുഴിക്കണം, കക്കൂസു കൾ വൃത്തിയാക്കുകയും വേണം.'' ( ദ ഡിഫൻസ് ആൻഡ് ഫോറിൻ പോളിസീസ് ഓഫ് ഇൻഡ്യ - ബൈ വി. ലോങ്ങർ സ്റ്റർലിങ്ങ് പബ്ലിഷേർസ്, (അ റിവ്യൂ ഇൻ ദ ട്രിബ്യൂൺ 25-06-99)

5-സെപ്തംബർ 1947 ന് അദ്ദേഹം പറഞ്ഞു.'' ഞാനല്ല ഇൻഡ്യാ ഭരിക്കുന്നത്. ഞാൻ ഭരിച്ചിരുന്നു എങ്കിൽ രാജ്യത്ത് പോലീസോ, മിലട്ടറിയോ ഉണ്ടാവുകയില്ല.'' (മഹാത്മ- ബൈ ഡി.ജി. ടെണ്ടുൽക്കർ പേജ് 138/ ഓർഗനൈസർ 08-06-1947)

04-12-1947 ലെ പ്രസംഗത്തിൽ അദ്ദേഹം വീണ്ടും ഇപ്രകാരം പറഞ്ഞു,'' ഇൻഡ്യയുടെ സൈനീകവൽക്കരണം എന്നത് രാജ്യത്തി ന്റെ നാശമാണ്. അതുവഴി ലോകത്തിന്റെയും ( മഹാത്മ, പേജ് 213, ഓർഗനൈസർ 08-06-1997), കബേജ് ആൻഡ് കിങ്ങ്സ് ബൈ വി.പി. ബാട്ടിയ ). ഈ ദൗർഭാഗ്യകരമായ പരാമർശം ഗാന്ധി നടത്തിയത് പാക്കിസ്താൻ കാശ്മീർ ആക്രമിക്കുകയും വലിയ തോതിൽ ഹിന്ദു ക്കളെ കൂട്ടക്കൊല നടത്തുകയും ഹിന്ദു സ്ത്രീകളെ തട്ടിക്കൊണ്ട് പോകുകയും ചെയ്ത വേളയിലാണ്.

ആദ്യത്തെ ഗാന്ധിയൻ പ്രസിഡന്റ് ആയിരുന്ന ഡോ. രാജേന്ദ്ര പ്രസാദ് , 1950 ൽ ഗാന്ധി പീസ് ഫൗണ്ടേഷനിൽ സംസാരിക്കവേ പറഞ്ഞത് '' ലോകസമാധാനത്തിന് മാതൃകയായി ഇൻഡ്യ അതിന്റെ സൈന്യത്തെ പിരിച്ച് വിടണം എന്നായിരുന്നു.'' (ലെറ്റർ ബൈ ഡോ. അരവിന്ദ് എസ് ഗോഡ്ബോലെ, ഓർഗനൈസർ 27-10-1996)

ഗാന്ധിയൻ സമ്പ്രദായം അനുസരിച്ച് നെഹ്രു, ജമ്മു-കാശ്മീർ ആക്രമിച്ച പാകിസ്താനി സൈന്യത്തെ അഭിമുഖീകരിക്കാൻ വളരെ ചെറിയ സൈന്യത്തെയാണ് അയച്ചത്. ഇൻഡ്യയുടെ ആദ്യ ബ്രിഗേഡിന്റെ കമാന്ററായ ലെഫ്റ്റനന്റ് ജനറൽ ഐ.പി. സെൻ 18

ദിവസത്തെ പ്രയത്നം കൊണ്ട് പാക്കിസ്താൻ കയ്യടക്കിയ കാശ്മീർ താഴ്വര മുതൽ ഉരി വരെയുള്ള ഗോത്ര അതിർത്തി ഒഴിപ്പിക്കുകയും മുസാഫറബാദിൽ നിന്നുമുള്ള മുന്നേറ്റത്തെ തടയുകയും ചെയ്തു. അദ്ദേഹത്തിന്റെ ''സ്ലെൻഡർ ആൻഡ് ത്രെഡ്'' എന്ന പുസ്തകത്തിൽ പറയുന്നു. 'ഡൽഹിയിൽ നിന്നും ഉള്ള രാഷ്ട്രീയ നേതൃത്വത്തിന്റെ പിന്തുണയിലും ദുർബലപ്പെട്ട സൈന്യത്തെ ബലപ്പെടുത്താൻ കൂടുതൽ സൈന്യത്തെ അയക്കുന്നതിലും നിരാശാജനകമായ തണുപ്പൻ പ്രതികരണമാണ് ഉണ്ടായിരുന്നത്''. ലെഫ്റ്റനന്റ് ജെനറൽ ഐ.പി. സെൻ അദ്ദേഹത്തിന്റെ പുസ്തകത്തിൽ പറയുന്നു. നിർണ്ണായകമായ സന്ദർഭങ്ങളിൽ ഇൻഡ്യൻ സൈന്യത്തിന്റെ അനുപാതം പാക്ക് സൈന്യത്തിന്റെ ആറിൽ ഒന്നായിരുന്നു. മറ്റ് സമയങ്ങളിൽ മൂന്നിൽ ഒന്നിന് മീതെ ഒരിക്കലും ആയിരുന്നുമില്ല. എന്നിരുന്നിട്ടും ഇൻഡ്യൻ സൈന്യത്തിന് മുൻപിൽ പാക്കിസ്താൻ എന്ന പുതിയ രാജ്യത്തിന് ജയിക്കുവാൻ കഴിഞ്ഞില്ല.'' (ഓർഗനൈസർ, 19-07-1998, കാമ്പേജ് ആൻഡ് കിങ്ങ്സ്- ബൈ വി.പി. ബാട്ടിയ). നെഹ്റു ഇൻഡ്യയുടെ പ്രതിരോധത്തെ കുറിച്ച് പരിപൂർണ്ണ വിസ്മൃതിയിൽ ആയിരുന്നു. എപ്പോൾ മറ്റുള്ളവരാൽ അതിനെക്കുറിച്ച് ഓർമ്മിപ്പിക്കപ്പെട്ടുവോ അപ്പോൾ ''ആർക്കെതിരെയുള്ള പ്രതിരോധം എന്നായിരുന്നു അദ്ദേഹത്തിന്റെ മറുപടി. (എം.എം കോത്താരിയയുടെ ഓർഗനൈസറിലെ ലേഖനത്തിൽ നിന്ന്, 06-12-1998).

ലാൽബഹദൂർ ശാസ്ത്രിയും ചെയ്തത് സമാനമായ കാര്യമാണ്. നമ്മുടെ വീരന്മാരായ സൈനീകർ രക്തം നല്കി പാക്കിസ്താനിൽ നിന്നും പിടിച്ചെടുത്ത ജമ്മു- കാശ്മീറിന്റെ ഭാഗവും, സിന്ധ് പ്രവശ്യയിലുള്ള ഹിന്ദു ഭൂരിപക്ഷ ജില്ലയായ തപർക്കറും 1965 ൽ തഷ്കന്ധിൽ വച്ച് ലാൽബഹദൂർ ശാസ്ത്രി പാക്കിസ്താന് തിരിച്ച് നൽകുകയും ഹൃദയസ്തഭനത്താൽ അവിടെ വച്ച് തന്നെ മരിക്കുകയും ചെയ്തു. ഭീരുവായ ഈ മനുഷ്യനെ ഗാന്ധിയൻ അനുയായികൾ രക്തസാക്ഷിയാക്കി. തഷ്കന്ധിൽ പോകുന്നതിന് മുൻപ് അദ്ദേഹം മരിച്ചിരുന്നു എങ്കിൽ നമ്മുടെ സൈനീകരുടെ ജീവൻ നൽകി പിടിച്ചെടുത്ത പ്രദേശങ്ങളും പ്രയത്നവും ഒരിക്കലും വ്യർത്ഥമായി പോവുമായിരുന്നില്ല. ഇയാളെപ്പോലെ ബുദ്ധിഹീനനും സാമർത്ഥ്യമില്ലാത്തവനുമായ ഒരാൾ പ്രധാന മന്ത്രിയായിരുന്നത് നമ്മുടെ ദൗർഭാഗ്യം ഒന്നുകൊണ്ട് മാത്രമാണ്. ഇന്ദിരാഗാന്ധിയുടെ സ്വകാര്യ ഉപദേഷ്ടാവായ ശ്രീമതി. രാജ് തപർ, ലാൽ ബഹദൂർ ശാസ്ത്രിയെ പറ്റി വളരെ യാഥാർത്യമായതും താല്പര്യമുണർത്തുന്നതുമായ ഒരു ചിത്രമാണ് പങ്കുവയ്ക്കുന്നത്. ആ സ്ത്രീ പറയുന്നു. ' വ്യോമസേനയുടെ ആക്രമണങ്ങളെയും

ബോംബിങ്ങിനെയും കുറിച്ച് വിവരിക്കാൻ തുടങ്ങുമ്പോൾ തന്നെ ശാസ്ത്രി നടുങ്ങി വിറയ്ക്കുകയും ഉടനടി രാത്രിയിൽ തന്നെ വീട്ടിലേയ്ക്ക് പായുകയും ചെയ്ത കഥകൾ ഇന്ദിരാ ഗാന്ധിയുടെ മാന്ത്രീക വലയത്തിൽ നിന്നു തന്നെ പങ്കുവയ്ക്കപ്പെട്ടതാണ്. ഇന്ദിരാ ഗാന്ധി തന്നെയായിരുന്നു ഇത്തരത്തിലുള്ള അറിവുകളുടെ പ്രധാന ഉറവിടവും. ''വിറയ്ക്കുന്ന ഒരു എലിയുടെ ചിത്രം വരക്കുന്നതിനായി അവർ വളരെ പ്രയത്നിച്ചിരുന്നു. അയാളുടെ ചട്ടക്കുട് വളരെ ചെറുതായതിനാൽ അതിന് വേണ്ടി അവർക്ക് അധികം യത്നിക്കേണ്ടി വന്നിരുന്നില്ല ''. (കാബേജ് ആൻഡ് കിങ്ങ്സ് ബൈ വി.പി. ബാട്ടിയ, ഓർഗനൈസർ, 14-12-1997)

ഇതിനോട് അനുബന്ധിച്ച് ഞാൻ മറ്റൊരു സംഭവം ഇവിടെ വിവരിക്കാൻ ആഗ്രഹിക്കുന്നു. ഇത് അംബാല നിയോജക മണ്ഡലത്തിലെ എം.പി.യും, ഹിമാചൽ പ്രദേശ് ഗവർണ്ണറും ആയിരുന്ന ഡോ.സൂരജ് ഭാൻ അവിടുത്തെ പ്രാദേശീകമായ ഒരു ക്ഷേത്രത്തിൽ വച്ച് ഒരു വർഷം മുൻപ് വിവരിച്ചതാണ്. ജനസംഘത്തിന്റെയും ആർ.എസ്.എസിന്റെയും പ്രവർത്തകൻ എന്ന നിലയിൽ അദ്ദേഹം 1965ലെ യുദ്ധത്തിൽ മുറിവേൽക്കപ്പെട്ട സൈനീകരെ സന്ദർശിക്കാനും അവരുടെ ക്ഷേമം അന്വേഷിക്കാനും അവർ ചെയ്ത മഹത്തായ പ്രവർത്തിയെ അഭിനന്ദിക്കാനുമായി മിലിറ്ററി ഹോസ്പിറ്റൽ സന്ദർശിക്കുകയുണ്ടായി. കുശലാന്വേഷണം ചോദിക്കവേ താൻ വളരെ സുഖമായിരിക്കുന്നു എന്ന് കമ്പളത്തിൽ മൂടിപ്പുതച്ച ഒരു സൈനീകൻ മറുപടി പറഞ്ഞു. താങ്കൾ സുഖമായിരിക്കുന്നു എങ്കിൽ എന്താണ് ആശുപത്രിയിൽ തങ്ങുന്നത് എന്ന ഡോ. സൂരജ് ഭാന്റെ ചോദ്യത്തിന് മറുപടിയായി സൈനീകൻ കമ്പളം മാറ്റി. അദ്ദേഹത്തിന്റെ രണ്ട് കാലുകളും യുദ്ധത്തിൽ നഷ്ടപ്പെട്ടിരുന്നു. ഡോ. സൂരജ് ഭാൻ അദ്ദേഹത്തോട് ചോദിച്ചു. എങ്ങിനെയാണ് താങ്കൾക്ക് സുഖമായിരിക്കുന്നു എന്ന് പറയാൻ കഴിയുന്നത്?. സൈനീകൻ മറുപടി പറഞ്ഞു; ഇപ്പോൾ ഞങ്ങളുടെ നിയന്ത്രണത്തിലായിരിക്കുന്ന ലാഹോർ- സിയാൽകോട്ട് മേഖലയിൽ യുദ്ധം ചെയ്ത് കൊണ്ടിരിക്കുമ്പോഴാണ് എനിക്ക് എന്റെ രണ്ട് കാലുകളും നഷ്ടപ്പെട്ടത്. അതിനാൽ ഞാൻ വളരെ സന്തോഷവാനാണ്. കാലുകളുടെ നഷ്ടം എന്നെ അലട്ടുന്നതേ ഇല്ല.

ലാൽ ബഹദൂർ ശാസ്ത്രി യാതൊരു ഉടമ്പടികളും നേട്ടവും ഇല്ലാതെ ആ മേഖലകൾ പാക്കിസ്താന് കൈമാറുമ്പോൾ ഇത്തരത്തിലുള്ള ധീരരായ സൈനീകരുടെ കഠിനമായ ദുഃഖം ഏതെങ്കിലും ഒരുവന് സങ്കൽപ്പിക്കാൻ കഴിയുമോ?. ഇത്തരത്തിലുള്ള പ്രധാന മന്ത്രിമാരാണ് സൈന്യത്തിന്റെ ധാർമ്മീകത നശിപ്പിക്കുന്നത്.

ഇന്ദിരാഗാന്ധിയും ഒട്ടും വ്യത്യസ്തയായിരുന്നില്ല. ബംഗ്ലാദേശിൽ ഹീനമായ കുറ്റങ്ങൾ ചെയ്ത (പ്രത്യേകിച്ച് ഹിന്ദുക്കൾക്കെതിരെ) ഒരു ലക്ഷം വരുന്ന പാക്കിസ്താനി യുദ്ധതടവുകാരെ ശിക്ഷിക്കാതെ വിട്ടയച്ചു. ബംഗ്ലാദേശ് ബംഗാളി മുസ്ലീങ്ങൾക്കായി നിർലോഭം വിട്ടുകൊടുത്തു. ഇന്ന് അത് മറ്റൊരു പാകിസ്താനായി തീർന്നിരിക്കുന്നു. എന്താണ് ഇന്ദിരക്ക് ഉണ്ടായ നേട്ടം?. അതിന് പകരം പഞ്ചാബി മുസ്ലീങ്ങളെയും ബംഗാളി മുസ്ലിങ്ങളെയും പരസ്പരം പോരടിക്കാൻ വിടുകയായിരുന്നു എങ്കിൽ നമുക്ക് നേട്ടമുണ്ടായേനെ. ഇതിന്റെ ദുഖകരമായതും കഴിവുകേട് നിറഞ്ഞതുമായ മറ്റൊരു വശം എന്നത്, ഒരു ലക്ഷം പാക്കിസ്താനി യുദ്ധത്തടവുകാരെ വെറുതെ വിട്ടയച്ചപ്പോൾ പകരം പാക്കിസ്താനിൽ ജയിലിൽ കഴിയുന്ന ഇൻഡ്യൻ സൈനീകരെ വിട്ടയയ്ക്കണമെന്ന് പറയുവാൻ ഇന്ദിര മെനക്കെട്ടില്ല. അവർ ഇന്നും പാക്കിസ്താനിലെ ജയിലുകൾക്കുള്ളിൽ നരക യാതനകൾ അനുഭവിക്കുന്നു.

ഇന്ദിരാഗാന്ധിയുടെ മകൻ രാജീവ് ഗാന്ധി വിഡ്ഢിത്വത്തിന്റെ ഒരു പടവുകൂടി മുന്നിൽ ആയിരുന്നു. ഇൻഡ്യൻ പീസ് കീപ്പിങ്ങ് ഫോർസ് (IPKF) നോട് സിൻഹളകളുടെ തീഷ്ണ വിവേചനങ്ങൾക്ക് ഇരകളായ ഹിന്ദു തമിഴ് വിഭാഗമായ LTTE ക്കാരെ ആക്രമിക്കാൻ ഉത്തരവിട്ടു. ശ്രീലങ്കയിലെ ഹിന്ദുക്കൾ ഇൻഡ്യക്കാരെ പോലെ ആട്ടിൻപറ്റങ്ങളാണ് എന്ന് അദ്ദേഹം ധരിച്ചിരിക്കണം. എന്നാൽ അദ്ദേഹത്തിന് അവരെ നശിപ്പിക്കാൻ കഴിഞ്ഞില്ല. അവർ പുലികളായി. 1000 സൈനീകരുടെ മരണത്തിന് കാരണമായ ഈ വികടസാഹസത്തിന് രാജീവ് ഗാന്ധി മാത്രമാണ് ഉത്തരവാദി. യുദ്ധം മൂലം വളരെയേറെ സൈനീകർക്ക് മുറിവേൽക്കപ്പെട്ടു. 100 കോടി രൂപയുടെ നഷ്ടമാണ് ഗവണ്മെന്റിന് സംഭവിച്ചത്. ഹിന്ദുക്കളായ തമിഴരോടുള്ള സിൻഹളാ ഗവണ്മെന്റിന്റെ നയത്തിൽ വളരെ വിശാലത ഈ യുദ്ധത്തിനാൽ വന്നു. രാജീവ് ഗാന്ധിയോടുള്ള പ്രതികാരവും ആത്മ രക്ഷാർത്ഥവും LTTEക്കാർ രാജീവ് ഗാന്ധിയെ കൊലപ്പെടുത്തി.

അവസാന ഗാന്ധിയൻ പ്രധാനമന്ത്രിയായിരുന്ന ശ്രീ. ഐ.കെ. ഗുജ്റാൽ ഒരു അത്ഭുതജീവി ആയിരുന്നു. പാക്കിസ്താനി തീവ്രവാദികളോടൊപ്പം തോൾ ചേർന്ന് വിഗ്രഹാരാധകരായ ഹിന്ദുക്കൾക്ക് എതിരെ ജിഹാദ് നടത്തിയ അഫ്ഗാനിസ്താനിലെ താലിബാന് അദ്ദേഹം വിമാനങ്ങൾ നിറയെ മരുന്നുകൾ വിതരണം ചെയ്തു. ഹിന്ദുക്കളെ കൊലപ്പെടുത്തുക മാത്രമല്ല ഏതാനും വർഷങ്ങൾക്ക് മുൻപ് ഹിന്ദുക്കളെയും സിഖ്കാരെയും അഫ്ഗാനിസ്താനിൽ

നിന്നും അവർ പുറം തള്ളിയിരുന്നു. ഗാന്ധിയന്മാർ ദൈവത്തെപ്പോലെ കാണുകയും ആശയങ്ങളോട് ആഭിമുഖ്യം പുലർത്തുന്നതുമായ ബുദ്ധ പ്രതിമകൾ മുഴുവനായും അഫ്ഗാനിസ്ഥാൻ തീവ്രവാദികൾ തകർത്തുകളഞ്ഞതിൽ യാതൊരു അത്ഭുതവുമില്ല. എന്ത് പ്രതിഫലമാണ് ബുദ്ധ വിഗ്രഹങ്ങൾ നശിപ്പിക്കുന്നതിനായി ഗാന്ധിയുടെയും നെഹ്രുവിന്റെയും അനുയായികൾ താലിബാന് നൽകിയത്?. ഇത്തരത്തിലുള്ള ദുഷ്പ്രവർത്തികളിൽ നിന്നും ഏതൊരുവനും എളുപ്പത്തിൽ ഗാന്ധി, നെഹ്രു, അവരുടെ അനുയായികൾ എല്ലാവരും രാജ്യദ്രോഹികൾ തന്നെ എന്ന് അനുമാനിക്കാവുന്നതാണ്.

## അദ്ധ്യായം-8

# ഗാന്ധിയും ഗാന്ധിയരും രാജ്യത്തിന്റെ ഏറ്റവും വലിയ ശത്രുക്കൾ

മുസ്ലിം ഭരണകാലത്ത് ഔറംഗസേബ് ആയിരുന്നു ഇൻഡ്യയിലെ ഏറ്റവും ക്രൂരനായ ഭരണാധികാരി. ജിന്നയുടെ അനുയായികൾ അദ്ദേഹത്തെ ''ഔറംഗസേബ് രണ്ടാമൻ'' എന്നാണ് വിശേഷിപ്പിച്ചത്. (ഡാൺ, 26-12-1946 പേജ് 8, 27-12-1946 പേജ് 1, സ്ട്രഗിൾ ഓഫ് പാക്കിസ്താൻ- ബൈ ലാൽ ബഹദൂർ പേജ് 260) ഹിന്ദുക്കളോട് ക്രൂരന്മാരായിരിക്കുന്നവർ ആരാണോ അവരാണ് നല്ല ഭരണാധികാരി എന്നാണ് മുസ്ലിങ്ങൾ കണക്കാക്കിയിരുന്നത് എന്ന് ഇതിൽ നിന്നും വ്യക്തമാണ്.

അക്കാലത്ത് (ഏപ്രിൽ 1947) വൈസ്രോയിയുടെ ജനറൽ ചീഫ് ആയിരുന്ന 'ജെനറൽ ഇസ്മി' യുടെ അഭിപ്രായത്തിൽ ജിന്നയിൽ പ്രകടമായിരുന്ന ഒരു സ്വഭാവം ഹിന്ദുക്കളോടുള്ള വെറുപ്പ് നിറഞ്ഞ അവജ്ഞ ആയിരുന്നു. മുസ്ലീങ്ങൾക്ക് സമൂഹത്തിൽ കൂടെജീവിക്കാൻ സാധിക്കാത്ത തരത്തിലുള്ള മനുഷ്യരിലും താഴെയുള്ള ജീവികളാണ് ഹിന്ദുക്കൾ എന്ന് ജിന്ന ഒരുപക്ഷെ ചിന്തിച്ചിരുന്നിരിക്കണം. (പേജ് 318, മുഹമ്മദ് അലി ജിന്ന ആൻഡ് ക്രിയേഷൻ ഓഫ് പാക്കിസ്താൻ- ബൈ എസ്.കെ. ബാന്ദോപാദ്യായ, സ്റ്റെർലിംഗ് പബ്ലിഷേർസ്). ഗാന്ധിയെ മുസ്ലിങ്ങളുടെ ശത്രുവും വഞ്ചകനുമായാണ് ജിന്ന കണക്കാക്കിയിരുന്നത്. ഗാന്ധിക്ക് ഇക്കാര്യം നന്നായി അറിയാമായിരുന്നു.

മുകളിലുള്ള വിവരണത്തിൽ നിന്നും ലോകത്തിലെ ഏറ്റവും ക്രൂരന്മാരായ മതസ്തരും ഹിന്ദുക്കളുടെ ഏറ്റവും വലിയ ശത്രുവും മുസ്ലീങ്ങളാണ് എന്നത് വ്യക്തമാണ്. പക്ഷെ ഹിന്ദു നാമധേയരാണെങ്കിലും ഗാന്ധിയെയും ഗാന്ധിയന്മാരുമാണ് കൂടുതൽ അപകടകാരികൾ. ഹിന്ദുക്കൾ എല്ലായ്പ്പോഴും അവരാൽ ചതിക്കപ്പെടുന്നു. ഒരേ ഒരു ഉദാഹരണം മതി ഇത് തെളിയിക്കാൻ.

ഏപ്രിൽ 1947 ലെ ആദ്യദിവസം മഹാത്മഗാന്ധി, നിലനിൽക്കുന്ന സ്തംഭനാവസ്ഥ തരണം ചെയ്യുന്നതിന് വേണ്ടി അസാധാരണമായ ഒരു പോംവഴി മുന്നോട്ട് വച്ചു. വൈസ്രോയി ഇടക്കാല ഗവണ്മെന്റിനെ പിൻവലിക്കണമെന്നും സ്വന്തം ഇഷ്ടപ്രകാരമുള്ള അംഗങ്ങളെ വച്ച് ഗവണ്മെന്റ് രൂപീകരിക്കാൻ ജിന്നയെ ക്ഷണിക്കണം എന്നുമായിരുന്നു

അത്. മാത്രമല്ല, കോൺഗ്രസ് ഗവണ്മെന്റിന്റെ ഹൃദയം നിറഞ്ഞ പിന്തുണ ജിന്നയുടെ ഗവണ്മെന്റിന് ഉണ്ടാകും എന്നുമുള്ള നിശ്ചയ ദാർഢ്യത്തോടെയുള്ള പ്രത്യാശ ഗാന്ധിജി വൈസ്രോയിയുമായി പങ്ക് വച്ചു. (മുഹമ്മദ് അലി ജിന്ന ആൻഡ് ക്രിയേഷൻ ഓഫ് പാക്കിസ്താൻ, പേജ് 317) സംസ്കാരം നിറഞ്ഞതും ഉത്തരവാദിത്വം ഉള്ളതുമായ ബ്രിട്ടിഷ് ഗവണ്മെന്റിനെ അധികാരസ്ഥാനത്ത് നിന്നും മാറ്റിക്കൊണ്ട്, അടിച്ചമർത്തുന്നവരും ക്രൂരന്മാരും കലാപകാരികളും നിറഞ്ഞ രണ്ടാം ഔറംഗസേബ് (ജിന്ന) നയിക്കുന്ന ഗവണ്മെന്റിനെ അധികാരത്തിൽ ഏറ്റുക എന്ന ഗാന്ധിയുടെ നിർദ്ദേശം എത്രയും അപകടം നിറഞ്ഞതായിരുന്നു എന്ന് ചിന്തിച്ചാൽ നിങ്ങൾക്കേവർക്കും മനസ്സിലാക്കാവുന്നതാണ്. ഹിന്ദുക്കളെ അപകടക്കെണിയിലാക്കുന്ന തരത്തിലുള്ള ഈ നിർദ്ദേശം പ്രകടിപ്പിക്കാൻ എന്ത് അധികാരമാണ് ഗാന്ധിക്ക് ഉണ്ടായിരുന്നത്?. ഗാന്ധിയുടെയും അനുയായികളുടെയും ചരിത്രം അത്തരത്തിൽ കാപട്യവും വഞ്ചനയും പക്ഷപാതവും നിറഞ്ഞ പ്രവർത്തികളാൽ നിർഭരിതമായിരുന്നു. ലോർഡ് മൗണ്ട് ബാറ്റൻ തന്റെ സ്വകാര്യ രേഖകളിൽ ഗാന്ധിയുടെ ഈ നിർദ്ദേശത്തെ 'ഭ്രാന്ത്' രേഖപ്പെടുത്തിയിരിക്കുന്നു. നാം അദ്ദേഹത്തിനോട് ഇതിന് നന്ദിപറയണം. (മൗണ്ട് ബാറ്റൻ വേർസസ് മഹാത്മ, ബൈ കെ.ആർ. എൻ. സ്വാമി, ട്രിബ്യൂൺ 22-07-2000)

## " നിങ്ങളുടെ ജീവിതം ഹിന്ദു ജാതിക്ക് ശാപമായിത്തീർന്നിരിക്കുന്നു'' ഗാന്ധിക്ക് പുത്രൻ രാംദാസ് ഗാന്ധിയുടെ ശാസന.

ഗാന്ധിയുടെ പുത്രൻ രാംദാസ് ഗാന്ധിക്ക് തന്റെ പിതാവിന്റെ ദുഷ്പ്രവൃത്തികളിൽ അടങ്ങാനാവാത്ത അമർഷം ഉണ്ടായിരുന്നു. അദ്ദേഹം ഗാന്ധിയെ ഭാരതത്തിന്റെയും ഹിന്ദുക്കളുടെയും ശാപമായാണ് കണക്കാക്കി ഇരുന്നത്. ഇതിനെപ്പറ്റി സ്പഷ്ടമായ ഒരു വിശദീകരണമാണ് സമുന്നതനായ മുസ്ലിം നേതാവ് ചൗധരി ഖാലിക് സസമാൻ അദ്ദേഹത്തിന്റെ ''പാത്ത്‌വേ ടു പാക്കിസ്താൻ'' എന്ന പുസ്തകത്തിന്റെ 404-ാം പേജിൽ നൽകിയിരിക്കുന്നത്. അദ്ദേഹം എഴുതിയിരിക്കുന്നു. " 9 വർഷങ്ങൾക്ക് ശേഷം 1947 സെപ്തംബറിൽ ഞാൻ ഗാന്ധിയെ കാണുകയുണ്ടായി. അദ്ദേഹം സൗഹൃദപരമായി എന്നെ ആശ്ലേഷിക്കുകയും ശേഷം ഞങ്ങൾ പൊക്കം കുറഞ്ഞ അദ്ദേഹത്തിന്റെ മേശയ്ക്ക് സമീപമായി ഇരിക്കുകയും ചെയ്തു. മേശപ്പുറത്ത് നിന്നും ഒരു എഴുത്ത് എടുത്തു തന്നിട്ട് അദ്ദേഹം എന്നോട് അത് വായിക്കുവാൻ ആവശ്യപ്പെട്ടു. അത് അദ്ദേഹത്തിന്റെ മകൻ രാംദാസ് ഗാന്ധി എഴുതിയതായിരുന്നു. വൃദ്ധനായ തന്റെ

പിതാവിനെ ശപിക്കുവാൻ ഇനി ആ കത്തിൽ വാക്കുകൾ ഒന്നുംതന്നെ മിച്ചമുണ്ടായിരുന്നില്ല. ചുരുക്കത്തിൽ ഒറ്റവാക്യത്തിൽ പറഞ്ഞാൽ ഗാന്ധിയുടെ ജീവിതം ഹിന്ദുജാതിക്ക് ശാപമാണ് എന്നതായിരുന്നു കത്തിന്റെ സംക്ഷിപ്തം. പിതാവിന്റെ മേൽ ഉള്ള പുത്രന്റെ വികാര ക്ഷോഭം സ്വാഭാവീകമായും എന്നെ സ്പർശിച്ചു. ഞാൻ അദ്ദേഹ ത്തോട് ചോദിച്ചു. അങ്ങ് എന്താണ് ചെയ്യുവാൻ പോകുന്നത്?. ഗാന്ധി പറഞ്ഞു. ഞാൻ എന്റെ ജീവിതം കൊണ്ട് ഇതിനെ പ്രതിരോധിക്കും. ഇൻഡ്യയുടെ തെരുവുകളിൽ മുസ്ലീങ്ങളെ നുഴഞ്ഞു കയറാൻ ഞാൻ അനുവദിക്കുകയില്ല. അവർ ആത്മാഭിമാനത്തോടെ നടക്കണം.'' ഈ ചെറുസംഭാഷണത്തിന് ശേഷം ഗാന്ധി പറഞ്ഞു. ഖാലിക് നിങ്ങൾ ഒരിക്കൽ പറയുകയുണ്ടായി പട്ടേൽ എന്നെ എതിർക്കാത്ത എന്റെ ഭൃത്യനെപ്പോലെ ആണ് എന്ന്. എന്നാൽ ഇന്ന് പട്ടേൽ എന്റെ ഭൃത്യ നല്ല.. ഞാൻ ഗാന്ധിയോട് പറഞ്ഞു. എനിക്കറിയാം പട്ടേൽ ഇപ്പോൾ താങ്കളുടെ ഭൃത്യനല്ല എന്നാലും അദ്ദേഹം ഹിന്ദു മഹാസഭയുടെയും കോൺഗ്രസ്സിന്റെയും പ്രതിനിധിയും താങ്കളുടെ ഓരോ ചുവടുകളി ലും പ്രതിബന്ധം ഉണ്ടാക്കുന്നവനും ആണ്.''

ഒരു ലക്ഷം ഹിന്ദു സ്ത്രീകളെ തട്ടിക്കൊണ്ട് പോകുകയും ഒരു മില്യൺ ഹിന്ദുക്കളെയും സിഖ്കാരെയും കൂട്ടക്കൊല ചെയ്യുകയും വർഗീയമായ അതിർ വരമ്പുകളാൽ ഇൻഡ്യയെ രണ്ടായി വിഭജിക്കു കയും ചെയ്ത കറകളഞ്ഞ മുസ്ലിം ലീഗ് നേതാവിനോട് ജീവിതം മുഴുവൻ ഗാന്ധിയുടെ അനുയായിയും ആയുസ് അത്രയും സ്വാതന്ത്ര സമരത്തിനായ് ചിലവഴിച്ചവനുമായ പട്ടേലിനെ പറ്റിയുള്ള കുറ്റങ്ങൾ പറഞ്ഞു കൊടുക്കുന്ന ഗാന്ധിയെ നമുക്ക് ഇവിടെ കാണാം. ലജ്ജാഹീനനായ ഗാന്ധിയുടെ പ്രവർത്തികൾ പാക്കിസ്താൻ മുസ്ലിം ലീഗ് ഏജന്റിനെ പോലെയുള്ളതായിരുന്നു. എന്നാൽ ഭൂരിഭാഗം ജനങ്ങൾക്കും ഇക്കാര്യം അറിയുകയില്ല. ഗാന്ധിയൻ ഭരണകൂടവും എഴുത്തുകാരും നുണകൾ പ്രചരിപ്പിക്കുകയും കുട്ടികളെ ചെറുപ്പ ത്തിൽ മുതൽ ഗാന്ധി സമാധാനത്തിന്റെ ദൂതനും, അഹിംസാവാദി യും, സ്വാതന്ത്രം നേടിത്തന്നവനുമാണ് തുടങ്ങിയ കല്ലുവച്ച നുണകൾ പഠിപ്പിക്കുക മാത്രമേ ഇവിടെ നടക്കുന്നുള്ളു. സത്യം അറിയാനുള്ള അവകാശം സ്വാതന്ത്രത്തോടൊപ്പം ദൗർഭാഗ്യവാന്മാരായ ഇൻഡ്യക്കാ ർക്ക് ലഭിച്ചില്ല എന്നത് ദുഖകരമായ സത്യമായി ഇന്നും അവശേഷി ക്കുന്നു.

## ഗാന്ധിയും ഗാന്ധിസവും ഇൻഡ്യക്ക് നൽകിയ ദിനങ്ങളും (15 ആഗസ്ത്,26 ജനുവരി) ത്രിവർണ്ണപതാക എന്ന അപമാനവും.

എല്ലാ വർഷവും ആഗസ്ത്- 15 ഉം ജനുവരി- 26 ഉം ദേശീയോത്സവമായി ആഘോഷിക്കുകയും എല്ലായിടത്തും ത്രിവർണ്ണപതാക ഉയർത്തുകയും ചെയ്യുന്നത് നമ്മുടെ അറിവിലുള്ള കാര്യമാണ്. എന്നാൽ 15 ആഗസ്ത് 1947 ൽ ഇൻഡ്യ രണ്ടായി വിഭജിക്കപ്പെടുകയും ശേഷം വലിയ തോതിൽ ഹിന്ദുക്കളെ പാക്കിസ്താനിൽ മുസ്ലീങ്ങൾ കൂട്ടക്കൊല ചെയ്യുകയും ചെയ്തു എന്നതും ഓർത്തിരിക്കേണ്ട കാര്യമാണ്. ഹിന്ദുക്കൾക്ക് ഇന്നും സ്വാതന്ത്രം ലഭിച്ചിട്ടില്ല. എന്നാൽ ഗാന്ധിയുടെ ചതി മൂലമായി മുസ്ലീങ്ങൾക്ക് സ്വന്തമായി മാതൃരാജ്യം (പാക്കിസ്താൻ) ലഭിക്കുകയും വിഭജിത ഇൻഡ്യയിലുള്ള മുസ്ലീങ്ങൾ വളരെയേറെ സ്വാതന്ത്രം അനുഭവിക്കുകയും ചെയ്യുന്നു. സ്വന്തമായി മാതൃരാജ്യമില്ലാത്ത നമുക്ക് എന്താണ് ഇത്ര സന്തോഷിക്കുവാനുള്ളത്?. സത്യത്തിൽ ഈ ദിനങ്ങൾ; നാം ഹിന്ദുക്കളെ സംബന്ധിച്ചിടത്തോളം ശ്വാസം മുട്ടുന്ന ഈ സാഹചര്യത്തിൽ നിന്നും രക്ഷ നേടാനുള്ള ഉപായങ്ങൾ ആലോചിക്കനുള്ള ദിനങ്ങൾ മാത്രമാണ്.

ഭരണഘടനാപരമായി മുസ്ലീങ്ങൾക്ക് പാക്കിസ്താൻ, ഹിന്ദുക്കൾക്ക് ഇൻഡ്യ എന്ന അടിസ്ഥാനത്തിൽ വിഭജിച്ചാണ് ബ്രിട്ടിഷ്കാർ രാജ്യം കൈമാറ്റം ചെയ്തത്. ഹിന്ദുക്കളുടെ പ്രതിനിധി ആയാണ് ചതിയൻ നെഹ്രു അത് സ്വീകരിച്ചതും. എന്നാൽ 26 ജനുവരി 1950 ഹിന്ദുക്കളുടെ മാതൃരാജ്യം ധർമ്മശാലയും സത്രവും ആയ മറ്റൊരു ദുഖ ദിനമാണ്. നമ്മുടെ സ്വകാര്യ സ്വത്ത് ആരെങ്കിലും പിടിച്ചെടുത്ത് പൊതുസ്വത്ത് ആക്കുവാൻ ശ്രമിച്ചാൽ നാം അതിന് എതിരെയായി കോടതിയിൽ കേസ് നൽകുകയോ അല്ലെങ്കിൽ അവന്റെ തല അടിച്ച് തകർക്കുകയോ ചെയ്യും. ഒന്ന് ആലോചിച്ച് നോക്കൂ. 26 ജനുവരി ലജ്ജ കൂടാതെ ആത്മാഭിമാനത്തോടെ ആഘോഷിക്കുവാൻ നിങ്ങൾക്ക് എങ്ങിനെ കഴിയുന്നു?.

അവസാനമായി, ഹിന്ദുസ്ഥാന്റെ ചിഹ്നമായി ഉയർത്തപ്പെടാനിരുന്ന കാവിക്കൊടിക്ക് പകരമാണ് ത്രിവർണ്ണ പതാക. കാവി വർണ്ണം ഹിന്ദു സംസ്കാരത്തിന്റെയും ആചാരങ്ങളുടെയും പ്രതീകമാണ്. എന്നാൽ ത്രിവർണ്ണ പതാകയിൽ മൂന്നിൽ ഒരു സ്ഥാനം മാത്രമേ കാവി നിറത്തിനുള്ളൂ. ബാക്കി വെളുപ്പ് ക്രിസ്ത്യാനിക്കും, പച്ച നിറം മുസ്ലീങ്ങൾക്കും ആയി മാറ്റി വച്ചിരിക്കുന്നു. ഇൻഡ്യയിലെ 2/3 വരുന്ന ക്ഷേത്രങ്ങൾ നശിപ്പിച്ച് പള്ളികളും മോസ്ക്കുകളും നിർമ്മിക്കുകയാണെങ്കിൽ നിങ്ങൾ എങ്ങിനെയാണ് സന്തോഷവാന്മാരായിരിക്കു

ന്നത്? സത്യത്തിൽ ഈ ത്രിവർണ്ണ പതാക ഹിന്ദുത്വത്തിനെ അപമാനി ക്കാൻ വേണ്ടി മാത്രം ഉണ്ടാക്കിയതാണ്. കാരണം, ആയിരക്കണക്കിന് വർഷങ്ങളായി ഭാരതത്തിന്റെ ദ്വജങ്ങൾ കാവി വർണ്ണത്തിലുള്ളത് ആയിരുന്നു.

## ഗാന്ധി ദൈവദൂതൻ എന്ന് നടിക്കുന്നു.

സ്വന്തം തെറ്റുകൾക്ക് വ്യക്തമായ വിശദ്ധീകരണം ഇല്ലാതെ വരുമ്പോൾ ഗാന്ധി, ദൈവത്തിൽ നിന്നും നേരിട്ട് സന്ദേശങ്ങൾ ലഭിക്കുന്ന ദൈവ ദൂതനെപ്പോലെ നടിച്ചിരുന്നു. ഇത്തരത്തിലുള്ള കുടില തന്ത്രങ്ങളാണ് ഗാന്ധി പരിശീലിച്ചിരുന്നത്.

16-01-1948 ലെ പ്രാർത്ഥനാ പ്രസംഗത്തിൽ ഗാന്ധി പറയുന്നു‘‘ ഒരിക്കലും തെറ്റുപറ്റാത്തവനും, സർവ്വശക്തനും, ഏകാധിപതിയുമായ ദൈവവും എന്റെ ആത്മാവിന്റെ വഴികാട്ടിയും...’’(ഡൽഹി ഡയറി, പേജ് 350). 29-01-1948ൽ വീണ്ടും, ബാന്നുവിൽ നിന്നുമുള്ള നാൽപ തോളം അഭയാർത്ഥികളെ രക്ഷിക്കാനായി നിയോഗിക്കപ്പെട്ടവനായി നടിക്കവെ, അതിൽ ഒരുവൻ ആശ്ചര്യപ്പെടുകയും അവർ തന്നെയാണ് അവരുടെ ദുഃഖങ്ങൾക്ക് കാരണമെന്നും തങ്ങളെ ഉപദ്രവിക്കാതെ തനിയെ വിടണമെന്നും അവർ ഹിമാലയത്തിലേക്ക് മടങ്ങുകയാണ് എന്നും ഗാന്ധിയോട് പറഞ്ഞു. എന്നാൽ ഗാന്ധി അയാളോട് ആരുടെ ക്ഷണത്താലാണ് നിങ്ങൾ മടങ്ങാൻ ഉദ്ദ്യേശിക്കുന്നത് എന്ന് ചോദിച്ചു. ഗാന്ധിയുടെ ഭാഷണം കേട്ട് ചിലർ അസഹ്യരായി, ചിലർ ചീത്തവിളി യുടെ അങ്ങേയറ്റം കടന്നു, ചിലർ അദ്ദേഹത്തിന്റെ പ്രയത്നത്തെ വാഴ്ത്തി. ഒരേ ഒരു വഴി അദ്ദേഹത്തെ ദൈവദൂതനായി കണ്ടുകൊണ്ട് അനുഗമിക്കുക എന്നതായിരുന്നു‘‘ (ഡൽഹി ഡയറി,പേജ് 389). യുക്തിയും, കാരണവും കേൾക്കാൻ ശ്രമിക്കുന്നതിന് പകരമായി ദൈവത്തെ പറ്റി പരാമർശിച്ച് ഗാന്ധി നിസ്സഹായരായ അഭയാർത്ഥി കളെ മാനസീകമായി തളർത്തിക്കളഞ്ഞിരുന്നു. 1948 ജനുവരിയിലെ നിരാഹാരത്തെ ന്യായീകരിക്കാൻ കഴിയാതെ വന്നപ്പോൾ ഗാന്ധി പറഞ്ഞു.’’ ഈ നിരാഹാരസമരം അനുഷ്ഠിക്കുവാനുള്ള പ്രേരണ ദൈവത്തിൽ നിന്നാണ് എനിക്ക് ലഭിച്ചത്‘‘ (ദ ട്രിബ്യൂൺ 16-01-1948).

## അദ്ധ്യായം-9

# ആത്മസ്തുതിയിൽ രമിക്കുകയും രാഷ്ട്രപിതാവെന്ന് ന്യായികരിക്കാൻ ശ്രമിക്കുന്നവനുമായ ഗാന്ധി

ഗാന്ധി സ്തുതി പാടകർ അദ്ദേഹത്തെ രാഷ്ട്രപിതാവ് എന്ന് വാഴ്ത്തി. അദ്ദേഹം അത് ന്യായികരിക്കാൻ ശ്രമിച്ചു. ലോകത്തിലെ ഏറ്റവും പുരാതനമായ രാജ്യവും ദശലക്ഷക്കണക്കിന് വർഷങ്ങളുടെ സംസ്കാരവും പാരമ്പര്യവുമുള്ള ഭാരതത്തിൽ അടുത്തിടെ ജനിച്ച ഒരുവനെ രാഷ്ട്രപിതാവ് എന്ന് വിളിക്കുന്നത്, നമ്മുടെ രാജ്യത്തെയും ഇൻഡ്യയുടെ പുത്രൻ എന്ന രീതിയിൽ ഒരിക്കലും ഇണങ്ങാത്തവനയ ആ മനുഷ്യനെയും അവഹേളിക്കുന്നതിന് തുല്യമാണ്. സത്യത്തിൽ ഗാന്ധി ഇൻഡ്യയിൽ ജനിച്ചു എന്നത് നമ്മുടെ ദൗർഭാഗ്യമാണ്.

1947 നവംബർ 15 ലെ പ്രാർത്ഥനാ പ്രസംഗത്തിൽ ഗാന്ധി പറഞ്ഞു.' എന്നെ രാഷ്ട്രപിതാവ് എന്ന് വിളിക്കുന്നു എങ്കിൽ അത്, 1915 ൽ സൗത്ത് ആഫ്രിക്കയിൽ നിന്നും ഇൻഡ്യയിലേക്ക് മടങ്ങി വന്നശേഷം കോൺഗ്രസ്സിനെ വാർത്തെടുക്കുന്നതിലും അത് ഇന്ന് എന്തായ് തീർന്നിരിക്കുന്നു എന്നതിലും ഉള്ള എന്റെ വലിയ പങ്കിന്റെ അടിസ്ഥാനത്തിലാണ്'(ഡൽഹി ഡയറി, പേജ് 171). അദ്ദേഹത്തിന്റെ ആത്മപ്രശംസക്ക് ഇതിലും വലിയ ഉദാഹരണം വേറെ ഇല്ല എന്നു മാത്രമല്ല ഇത് ഗാന്ധിയുടെ അല്പത്തരത്തെ ചൂണ്ടിക്കാട്ടുകയും ചെയ്യുന്നു. രാഷ്ട്രപിതാവ് എന്നുള്ള സ്ഥാനം കോൺഗ്രസ്സിന്റെ ദാനം മാത്രമാണ് എന്നിരുന്നാലും ഇത് രാഷ്ട്രത്തിന് ദുഷ്പേരുമാണ്. ഗാന്ധി ഭാരതത്തിൽ ജനിച്ചില്ലായിരുന്നു എങ്കിൽ സർദാർ പട്ടേൽ ആവുമായിരുന്നു പ്രഥമ പ്രധാനമന്ത്രി. അങ്ങിനെ സംഭവിച്ചിരുന്നു എങ്കിൽ ദശലക്ഷക്കണക്കിന് ഹിന്ദുക്കൾ മരിക്കില്ലായിരുന്നു. വിഭജിത ഇൻഡ്യയിൽ നിന്നും മുസ്ലിങ്ങളെ പൂർണ്ണമായും പുറം തള്ളിയേനെ! അപ്രകാരം തന്നെ പാക്കിസ്താനിൽ നിന്നും ഹിന്ദുക്കളെയും പുറം തള്ളിയേനെ!. അങ്ങിനെ ഇന്ന് ഇൻഡ്യ പുരോഗതി നിറഞ്ഞതും ശക്തവുമായ രാജ്യമായി തീരുകയും ചെയ്യുമായിരുന്നു.

## ഗാന്ധി പാപവും, കുറ്റവും അധർമ്മവും ചെയ്യാൻ ധൈര്യം പകരുന്നു.

ഇൻഡ്യൻ ജീവിതത്തിന്റെയും സംസ്കാരത്തിന്റെയും ആണിക്കല്ലാണ് ധർമ്മം. ധർമ്മം എന്നവാക്ക് വളരെ വിശാലമായതും എല്ലാത്തിനെയും പുൽകുന്നതും, വിശേഷണങ്ങൾ ആവശ്യമില്ലാത്തതും തത്തുല്യമായി മറ്റൊരു ഭാഷയിലും ഇല്ലാത്തതുമാണ്. ധർമ്മം നീതിബോധവും ആത്മീയ മൂല്യങ്ങളും ചേർന്നതാണ്. സനാതനവും പ്രാപഞ്ചീകവുമാണ്. മനു ധർമ്മത്തിന്റെ ലക്ഷണങ്ങൾ മനുസ്മൃതിയിൽ ചൂണ്ടിക്കാട്ടുന്നു.

അത് ധൈര്യവും, ക്ഷമയും, മനസ്സുറപ്പും, സത്യസന്ധതയും, ബന്ധങ്ങളിൽ ഉള്ള പവിത്രതയും, ഇന്ദ്രീയനിയന്ത്രണവും, വിവേകവും, അറിവും, കളവ് ചെയ്യാതിരിക്കലും, കോപത്തെ നിയന്ത്രിക്കലും എല്ലാം ആണ്. ഈ ലക്ഷണങ്ങൾ ഒരു വ്യക്തിയെ മാതൃകാ വ്യക്തിത്വമാക്കി തീർക്കുന്നു. അതുപോലെ പുരാതനമായ ആത്മീയ ഗ്രന്ഥമായ 'പതഞ്ജലി യോഗ ദർശനം' ആത്മീയ ജീവിതത്തിന് വേണ്ട അഞ്ച് യമങ്ങളും അഞ്ച് നിയമങ്ങളും ചൂണ്ടിക്കാട്ടുന്നു. ഇവ അഹിംസ (അക്രമ രാഹിത്യം), സത്യം, അസ്തേ്യയ (കളവ് ചെയ്യാതിരിക്കുക), ബ്രഹ്മചാര്യ, അപരിഗ്രഹ (മറ്റുള്ളവരുടെ സാധനങ്ങൾ ആഗ്രഹിക്കാതിരിക്കുക), ശൗച്യ (മനസ്സിന്റെയും ആത്മാവിന്റെയും ശുദ്ധി), സന്തോഷം, തപം, സ്വാദ്ധ്യായം (ആത്മീയമായ ഉന്നതിക്ക് വേണ്ടിയുള്ള ആന്തരീക ക്രീയ), ഈശ്വരപ്രിണിധാൻ (ഈശ്വര സമർപ്പണം). ഈ എല്ലാ ലക്ഷണങ്ങളും ഒരു വ്യക്തിയെ പൂർണ്ണനാക്കും. ഇതാണ് ഹിന്ദുധർമ്മത്തിന്റെ അടിസ്ഥാന ധർമ്മം എന്ന് വിളിക്കപ്പെടുന്നത്.

എന്നാൽ ഗാന്ധി, ഇസ്ലാമീക മതത്തിലുള്ളതായ ക്രൂരവും പാപം നിറഞ്ഞതുമായ പ്രവർത്തികൾ ധർമ്മത്തിന്റെ അതേ നുകത്തിൽ കെട്ടിയിടാൻ നോക്കി. ഗാന്ധിയെ സംബന്ധിച്ചിടത്തോളം ഹിന്ദു, ക്രിസ്ത്യൻ, ഇസ്ലാം തുടങ്ങിയ മതങ്ങൾ എല്ലാം മോക്ഷത്തിന്റെ വ്യത്യസ്ത മാർഗ്ഗങ്ങൾ ആയിരുന്നു. പശുക്കളെയും മറ്റ് മൃഗങ്ങളെയും കശാപ്പ് ചെയ്യുവാൻ (പ്രത്യേകിച്ച് മോസ്കിനുള്ളിൽ) പഠിപ്പിക്കുന്നത് പുണ്യമായി അവർ കരുതുന്നു. ഗോക്കളെ കശാപ്പ് ചെയ്യുന്നതിൽ ഏതെങ്കിലും തരത്തിലുള്ള തടസ്സങ്ങൾ കൊണ്ട് വന്നാൽ ഉടനടി മുഴുവൻ മുസ്ലിങ്ങളും തങ്ങൾ അപകടത്തിലാണ് എന്ന് ഒരേ സ്വരത്തിൽ പറയും. ഖുറാനിലും മുഹമ്മദിലും വിശ്വാസം ഇല്ലാത്തവരെ കാഫീർ എന്നും ഇൻഫിഡൽ (വിഗ്രഹാരാധകൻ, സത്യത്തിൽ

വിഗ്രഹത്തെ ആരും പൂജിക്കുന്നില്ല അതിന്റെ ഉള്ളിൽ ഈശ്വര ചൈതന്യത്തെ ദർശിക്കാൻ ശ്രമിക്കുകയാണ് ചെയ്യുന്നത്. അതായത് ആ വിഗ്രഹം നശിച്ചെന്ന് കരുതി ഈശ്വരൻ ഇല്ലാതായി എന്ന് കരുതുന്നില്ല പകരം അടുത്തത് വയ്ക്കുന്നു. ഈ പ്രവൃത്തിയിൽ നിന്നു തന്നെ വിഗ്രഹത്തെ അല്ല ദൈവം എന്ന് കരുതുന്നത് എന്നത് വ്യക്തമാണ്.) എന്നും വിളിച്ച് അപമാനിക്കുകയും പരിഹസിക്കുകയും അവരെ കൊല്ലുകയും, കൊള്ളയടിക്കുകയും, അവരുടെ സ്ത്രീകളെയും പെൺകുട്ടികളെയും ലൈംഗീക അടിമകളാക്കുകയും, അടിമച്ചന്തയിൽ വിൽക്കുകയും ബലപരമായി മതപരിവർത്തനം ചെയ്യുകയും ചെയ്യുന്നു. ഈ പ്രവർത്തികളെ ജിഹാദ് അഥവ വിശുദ്ധ യുദ്ധം എന്ന് വിളിക്കുകയും സ്വർഗ്ഗത്തിലേയ്ക്ക് ഉള്ള എളുപ്പ വഴിയായി ഇതിനെ കാണക്കാക്കുകയും ചെയ്യുന്നു. ഒരേ സമയം നാല് സ്ത്രീകളെ ഭാര്യയാക്കി വയ്ക്കുകയും കൂടാതെ അടിമകളെ പൊറുപ്പിക്കുകയും, തലാക്ക്- തലാക്ക് എന്ന് വാക്ക് മൂന്ന് പ്രവശ്യം ചൊല്ലിയാൽ വിവാഹബന്ധം വേർപെടും എന്ന് പരിഗണിക്കുന്നതും ഇസ്ലാമിൽ പ്രാധാന്യം അർഹിക്കുന്ന വസ്തുതകളാണ്. ശരീയത്ത് നിയമങ്ങൾക്കെതിരായി ഏതെങ്കിലും നിയമങ്ങൾ ഏർപ്പെടുത്തിയാൽ ഉടനടി ഇസ്ലാമിന്റെ പേരിൽ അവ മുസ്ലിങ്ങൾ എതിർക്കും.

ഗാന്ധിയുടെ അഭിപ്രായത്തിൽ എല്ലാ മുസ്ലീങ്ങളും പ്രത്യേകിച്ച് പുരുഷന്മാർ ഈ പ്രവർത്തികൾ അനുഷ്ഠിക്കുന്നത് വഴി (അവരുടെ മതഗ്രന്ഥം അനുശാസിക്കുന്നത്) തീർച്ചയായും സ്വർഗ്ഗം ലഭിക്കും. അതുകൊണ്ട് തന്നെയാണ് ഗാന്ധിയൻ ഭരണകൂടം മുസ്ലിം പുരുഷന്മാർക്ക് ഇതിനുവേണ്ടി പ്രത്യേകം സൗകര്യങ്ങൾ ചെയ്തുകൊടുത്തത്. ഏതെങ്കിലും രാഷ്ട്രീയ പാർട്ടികൾ ഈ നിയമങ്ങളിൽ മാറ്റം വരുത്താൻ ശ്രമിച്ചാൽ അവർ ഗാന്ധിയന്മാരുടെയും കോൺഗ്രസ്സുകാരുടെയും (നിഷ്ഫല ഗാന്ധിയർ) ശത്രുക്കളും മുസ്ലിം വിരുദ്ധരും ഹിന്ദു വർഗ്ഗിയ വാദികളും ആയിത്തീരുന്നു. അതുകൊണ്ട് തന്നെയാണ് ബി.ജെ.പി അടക്കമുള്ള ദേശീയത അടിസ്ഥാനപ്പെടുത്തിയുള്ള രാഷ്ട്രീയ പാർട്ടികളെ ഗാന്ധിയരും മുസ്ലിം വർഗ്ഗിയ വാദികളും പല്ലും നഖവും ഉപയോഗിച്ച് എതിർക്കുന്നതും വർഗ്ഗിയവാദികളായി മുദ്രകുത്തി ലോകം മുഴുവൻ പ്രചരണം നടത്താൻ ശ്രമിക്കുന്നതും. ഇരു ദിശയിൽ സമാന്തരമായി സഞ്ചരിക്കുന്ന ആളുകൾ ഒരിക്കലും ഒരേ ലക്ഷ്യത്തിൽ എത്തുകയില്ല. ഒരേ ലക്ഷ്യത്തിൽ എത്തും എന്നത് സാധാരണ വ്യക്തി പോലും വിശ്വസിക്കുകയില്ല. പക്ഷെ ഗാന്ധി വിശ്വസിച്ചു. ഇതിൽ നിന്നും ഗാന്ധി എത്രയും യുക്തിരഹിതനും ബോധമില്ലാത്തവനുമാണ് എന്നത് വ്യക്തമാണ്.

ഹിന്ദുക്കളെ സംബന്ധിച്ചിടത്തോളം നാം വിതച്ചത് നല്ലതാണെങ്കിലും ചീത്തയാണെങ്കിലും അതിന്റെ ഫലം ഈ ജന്മത്തിൽ അല്ലെങ്കിൽ അടുത്ത ജന്മത്തിൽ നാം തന്നെ അനുഭവിക്കേണ്ടിവരും എന്നത് സാമാന്യബോധമുള്ളവർ എല്ലാവരും അംഗീകരിക്കുന്നു. ഒരു ജീവികളോടും ക്രൂരത പാടില്ല. സ്വന്തം ഭാര്യയെ ഒഴിച്ച് ബാക്കി എല്ലാ സ്ത്രീകളെയും മാതാവായി കാണുക. ദൈവമാണ് എല്ലത്തിന്റെയും, എല്ലാ സഹോദരി സഹോദരന്മാരുടെയും മാതാവും പിതാവും. ഹിന്ദു ധർമ്മം ഇപ്പറഞ്ഞ ഗുണങ്ങളാൽ സമ്പുഷ്ടമായതിനാൽ, ഹിന്ദുക്കൾ സംസ്കാര സമ്പന്നരും, സഹിഷ്ണുതയുള്ളവരും, ശത്രുക്കളോട് അടക്കം എല്ലാവരോടും ദയാനുകമ്പയുള്ളവരും ആയിരിക്കുന്നു. എന്നാൽ ഇതിന് വിപരീതമായി ഇസ്ലാം അടക്കമുള്ള മതങ്ങൾ ഇതര മതവിശ്വാസികളെ വെറുക്കുവാനുള്ള മതപ്രഭാഷണങ്ങൾ നടത്തുന്നു.

## 1947 ആഗസ്ത് 14,15 അർദ്ധരാത്രികൾ; ഗാന്ധിയുടെ ജവഹർ മദ്യത്തിൽ മുങ്ങിത്താണ രാത്രികൾ

1947 ആഗസ്ത് 14-15 തീയതികളിൽ പാക്കിസ്താനിൽ ഹിന്ദുക്കളെയും സിഖ്കാരെയും മുസ്ലീങ്ങൾ കൂട്ടക്കൊല നടത്തുന്നത് അതിന്റെ മൂർദ്ധന്യത്തിൽ നിൽക്കുമ്പോൾ ഗാന്ധിയുടെ 'രത്നം' ജവഹർ ലാൽ നെഹ്രുവും, ഖദർ ധാരികളായ മറ്റ് പ്രമുഖരും, ഗാന്ധിത്തൊപ്പി ധരിച്ച ഗാന്ധിയൻ അനുയായികളും മദ്യത്തിൽ മുങ്ങിത്താഴുകയായിരുന്നു. ശ്രീ. രഘുവേന്ദ്ര തൻവാർ അദ്ദേഹത്തിന്റെ ലേഖനത്തിൽ ''ദ ലാസ്റ്റ് ഡേ ഓഫ് ദ രാജ് '',സണ്ടേ റീഡിങ്ങ്, ട്രിബ്യൂൺ, 29-06-1997 കുറിച്ചിരിക്കുന്നു. '' 1947 ജുലൈ 28 ലെ വൈസ്രോയി സ്റ്റാഫ് മീറ്റിംഗ് വേളയിൽ രസകരമായ ഒരു സംഭവം നടന്നു. ആഗസ്ത് 14-15 തീയതികളിൽ വൈസ്രോയി അർദ്ധരാത്രി വരെ തുടരുന്ന സൽക്കാരവും തുടർന്ന് അത്താഴവിരുന്നും സംഘടിപ്പിക്കാൻ നിർദ്ദേശം നൽകിയിരുന്നു. അദ്ദേഹം ''രാജാവിന്റെ ആരോഗ്യത്തിന്'' നെഹ്രുവിനോട് മദ്യപിച്ച് ആഘോഷിക്കാൻ നിർദ്ദേശിച്ചു. നെഹ്രു അതുവരെ മദ്യപിച്ചിരുന്നില്ല. (അന്നത്തെ മറ്റ് കോൺഗ്രസ് നേതാക്കളെപ്പോലെ)നെഹ്രു അർദ്ധരാത്രി 2:00 a.m മുതൽ മദ്യപിക്കാൻ തുടങ്ങി. നെഹ്രുവിനെ സംബന്ധിച്ചിടത്തോളം രാജാവിന് വേണ്ടി മദ്യപിക്കുന്നത് വലിയ കാര്യമായിരുന്നു. നെഹ്രുവിനോടൊപ്പം മറ്റ് കോൺഗ്രസ് നേതാക്കളും മദ്യപിച്ച് കുഴഞ്ഞു മറിയുന്നത് ലോഡ് മൗണ്ട് ബാറ്റൻ കണ്ട് ബോധ്യപ്പെട്ടു. അവർക്കെല്ലാം അത് വളരെ വലിയ കാര്യം തന്നെ ആയിരുന്നു. ലജ്ജാകരമായ ഈ പ്രവർത്തി മൗണ്ട് ബാറ്റൻ ഒരിക്കലും പ്രതീക്ഷിച്ചിരുന്നില്ല.

ഹിന്ദുക്കൾ ഉന്നതമായി കരുതുന്ന എല്ലാ കാര്യങ്ങളെ കുറിച്ചും ( മദ്യപാനം വർജ്ജിക്കുക, അഹിംസ, അക്രമരാഹിത്യം, ബ്രഹ്മചര്യം, രാമരാജ്യം, ഗോരക്ഷ, ഗീത, സനാതന ധർമ്മം തുടങ്ങിയവ) ഗാന്ധി സാധാരണയായി പ്രഭാഷണം നടത്തുമായിരുന്നു. നെഹ്രുവിന് യാതൊരു വിധത്തിലുമുള്ള സാന്മാർഗീക ബോധവും, മൂല്യവും ഇല്ലായിരുന്നു എന്ന് ഗാന്ധിക്ക് നന്നേ അറിയാമായിരുന്നു. നെഹ്രു മദ്യാസക്തനാണന്നും, മാംസം കഴിക്കുമായിരുന്നു എന്നും, നിരീശ്വര വാദി ആയിരുന്നു എന്നും, രാമ രാജ്യത്തെ പുച്ഛിച്ചിരുന്നവനായിരുന്നു എന്നും ഗാന്ധിക്ക് അറിയാമായിരുന്നു. രാജ്യത്തിന്റെ ഭരണഘടന യുടെ കണ്ണി എന്ന നിലയിൽ ഇതിൽ നിന്നും പിൻമാറണം എന്ന് സർദാർ പട്ടേൽ അദ്ദേഹത്തോട് ആവശ്യപ്പെട്ടിരുന്നു. പക്ഷെ ഇതിന്റെ എല്ലാം അനന്തര ഫലം എന്നവണ്ണം നെഹ്രു തന്റെ അസാന്മാർഗീകത സമൂഹത്തിൽ പ്രോത്സാഹിപ്പിക്കുകയാണ് ഉണ്ടായത്. ജീവിതത്തിൽ എന്തിന് വേണ്ടിയാണോ നെഹ്രു ജീവിച്ചിരുന്നത്, എന്തായിരുന്നോ അദ്ദേഹത്തിന്റെ സ്വകാര്യ ജീവിതം, ഇതിന്റെ പൂർണ്ണമായ ശാപം ഗാന്ധിക്ക് അവകാശപ്പെട്ടതാണ്. കുറച്ചുകൂടി വ്യക്തമായി പറഞ്ഞാൽ ഗാന്ധിയാണ് ഇൻഡ്യാ ചരിത്രത്തിന്റെ നിർണ്ണായകമായ വേളയിൽ ഭരണത്തിന്റെ നിയന്ത്രണം തെറ്റായ ഒരു വ്യക്തിയെ ഏൽപ്പിക്കാൻ ജനങ്ങളെ കബളിപ്പിച്ച് നിബന്ധിതരാക്കിയത്.

## അദ്ധ്യായം–10

# ഗാന്ധിയുടെ ലളിത ജീവിതം എന്ന തട്ടിപ്പ്

ഗാന്ധി പാവപ്പെട്ട തൊഴിലാളിയെ പോലെയും, അർദ്ധനഗ്നനും ദരിദ്രനുമായ കർഷകനെപ്പോലെയും വേഷവിധാനം ചെയ്യുകയും ലളിതജീവിതത്തെ പറ്റി പ്രസംഗിക്കുകയും പതിവായിരുന്നു. എന്നാൽ പുറമേ ഉള്ള ഗാന്ധിയുടെ ലാളിത്യം വളരെ ചിലവേറിയതായിരുന്നു. ഗാന്ധിയെ ദരിദ്രനാക്കി വയ്ക്കാൻ ഇൻഡ്യക്ക് വമ്പിച്ച സാമ്പത്തീക ബാദ്ധ്യതയാണ് വരുന്നത് എന്ന് ഒരിക്കൽ സരോജിനി നായിഡു ചൂണ്ടിക്കാട്ടി. (സണ്ടേ ടൈംസ്,16–1997, പേജ്18)

പാട്രിക് ഫ്രഞ്ച് എഴുതിയ ''ലിബെർട്ടി ഓർ ഡെത്ത്; ഇൻഡ്യാസ് ജേണി ടു ഇൻഡിപെൻഡൻസ് ആൻഡ് ഡിവിഷൻ'' എന്ന ഗ്രന്ഥത്തിന്റെ ദ ട്രിബ്യൂണിൽ, 7–09–1997 വന്ന നിരൂപണത്തിൽ ഇപ്രകാരം എഴുതിയിരിക്കുന്നു.''അദ്ദേഹം (ഗാന്ധി) ഇൻഡ്യൻ ഗ്രാമീണ കർഷകനെപ്പോലെ ജീവിക്കാൻ ആഗ്രഹിച്ചു (പക്ഷെ കൃഷി ചെയ്യാൻ തയ്യാറായിരുന്നില്ല). എവിടെ എല്ലാം അദ്ദേഹം സന്ദർശിക്കുന്നുവോ, അവിടെ ഔഷധസസ്യങ്ങളും, ശുദ്ധമായ (ഉണർവ്വുള്ള) പച്ചക്കറികളും ആട്ടിൻകുട്ടികളെയും ഒരുക്കണമായിരുന്നു. കെട്ടിടം ചുരണ്ടി വെള്ളപൂശുകയും പ്രത്യേക തരത്തിൽ അലങ്കരിക്കുകയും നിർബന്ധമായിരുന്നു. പ്രകൃതി ചികത്സാ എന്ന പേരിൽ കളിമണ്ണ് തണുപ്പിച്ച് അദ്ദേഹത്തിന്റെ വയറിന് മേൽ പുരട്ടണമായിരുന്നു. വൻ പരിവാരങ്ങളും ശിഷ്യഗണങ്ങളും ഒന്നിച്ചാണ് അയാൾ യാത്ര ചെയ്തിരുന്നത്. അവരിൽ പലരും പ്രശസ്തർ എന്ന അഹങ്കാരവും അതുകൊണ്ടുണ്ടാകുന്ന മാടമ്പിത്തരവും നാട്ടുകാരോട് കാട്ടിയിരുന്നു. എന്നിട്ടും ഗാന്ധി വീമ്പിളക്കിയിരുന്നത് താൻ യാതൊരു വിധത്തിലുമുള്ള പ്രത്യേക പരിചരണവും ഇഷ്ടപ്പെടുന്നില്ല എന്നാണ്.

അദ്ദേഹത്തിന്റെ പ്രതിയോഗിയായിരുന്ന മുഹമ്മദ് അലി ജിന്ന ചൂണ്ടിക്കാട്ടുന്നത് ''ഞാൻ ഗാന്ധിയേക്കാൾ വളരെ കുറഞ്ഞ വട്ടം മാത്രമേ ഒന്നാം ക്ലാസ്സ് ടിക്കറ്റിൽ ട്രെയിനിൽ യാത്ര ചെയ്തിട്ടുള്ളു, കാരണം എനിക്ക് ടിക്കറ്റ് എടുക്കുവാൻ ഞാൻ തന്നെ പണം മുടക്കണമായിരുന്നു''.

ഗാന്ധിയുടെ ഈ പ്രവണതകളെ പറ്റി എഴുതാൻ ആരെങ്കിലും തുനിഞ്ഞാൽ അവരെ ഗാന്ധി നിന്ദകരായി ഗാന്ധിയൻ സ്തുതിപാടകർ കണക്കാക്കുകയും വൻ കോലാഹലങ്ങൾ ഉണ്ടാക്കുകയും

ചെയ്യുമായിരുന്നു. പക്ഷെ ഇംഗ്ലീഷ് എഴുത്തുകാർക്ക് അത്തരത്തിലുള്ള ഒരു ഭയവും ഉണ്ടായിരുന്നില്ല. അതിനാൽ അവർ ഗാന്ധിയുടെ കപടമുഖത്തിന്റെ യഥാർത്ഥ ചിത്രം തുറന്നു കാട്ടി.

## ലോകത്തിന്റെയും UNO യുടെയും കണ്ണിൽ ഇൻഡ്യയെയും ഹിന്ദുവിനെയും തരംതാഴ്ത്തിയ ഗാന്ധി.

1948 ജനുവരിയിൽ ഗാന്ധി അനുഷ്ഠിച്ച മരണം വരെയുള്ള നിരാഹാരസമരത്തിന്റെ എല്ലാ നിബന്ധനകളും ചൂണ്ടിക്കാട്ടുന്നത് ഹിന്ദുകളും സിഖ്കാരും മുസ്ലീങ്ങളോട് ക്രൂരതയും അനീതിയും ചെയ്യുന്നു എന്നതരത്തിൽ ഉള്ളവ ആയിരുന്നു. അതിനോടുള്ള പ്രതിക്ഷേധം എന്ന നിലയിൽ ഹിന്ദുക്കളും സിഖ്കാരും എല്ലായിപ്പോഴും അദ്ദേഹത്താൽ അദ്ദേഹത്തിന്റെ പ്രാർത്ഥനാ പ്രസംഗങ്ങളിൽ ശാസിക്കപ്പെടുകയും കുറ്റപ്പെടുത്തലുകൾക്ക് ഇരയാകപ്പെടുകയും ചെയ്യപ്പെട്ടിരുന്നു. എന്നാൽ ഒരിക്കൽ പോലും എത്രവലിയ കുറ്റമായാലും, മുസ്ലിങ്ങൾ ഹിന്ദുക്കൾക്കും സിഖ്കാർക്കും എതിരെ ചെയ്യുന്ന ഒരു സംഭവവും സ്വയം ചൂണ്ടിക്കാട്ടൻ പോലും ഗാന്ധി തയ്യാറയിരുന്നില്ല. സത്യത്തിൽ കൂട്ടക്കൊലകൾ ആസൂത്രണം ചെയ്യുന്നതും കൊലകൾക്ക് തുടക്കം കുറിക്കുന്നതും മുസ്ലീങ്ങൾ ആയിരുന്നു. വളരെ താമസിച്ചുമാത്രമാണ് അതിന്റെ പ്രതികരണങ്ങൾ ഹിന്ദുക്കളുടെ ഭാഗത്ത് നിന്നും ആരംഭിച്ചിരുന്നത്.

യു.എൻ.ഒ യുടെ പാക്കിസ്താൻ പ്രതിനിധിയായ ശ്രീ. സഫറുള്ളാഖാൻ, യു.എൻ.ഒ യിലെ സമ്മേളനത്തിൽ മൂന്ന് മണിക്കൂർ പ്രസംഗം നടത്തുകയും അതിനിടയിൽ പരാമർശിച്ചുകൊണ്ട് ഇപ്രകാരം പറയുകയും ചെയ്തു. ''മുസ്ലിം ജനസംഖ്യ മിക്കവാറും സംസ്ഥാനങ്ങളിൽ നിന്നും തുടച്ച് മാറ്റപ്പെട്ടിരിക്കുന്നു.'' രൂക്ഷമായി പരിഹാസിച്ചു കൊണ്ട് ഈസ്റ്റ് പഞ്ചാബിന്റെ പേർ എടുത്ത് വിമർശിക്കുന്നു.'' ക്ഷമിക്കണം, ഈസ്റ്റ് പഞ്ചാബിൽ ഒന്നുമില്ല. ഇന്ന് കാലത്ത് ഞാൻ അറിഞ്ഞത് അവിടെ രണ്ട് മുസ്ലിങ്ങളാണ് ആകെ ഉള്ളത് എന്നാണ്''. (ട്രിബ്യൂൺ 18-01-1948)

പാക്കിസ്താനിൽ എന്താണ് പറയുവാനുള്ളത്?. ഇൻഡ്യയിൽ തന്നെ ഹൈദരാബാദിൽ വിപുലമായ ഹിന്ദു ഭൂരിപക്ഷത്തെ മുസ്ലിം നേതാവ് നിസാം ഭരിച്ചിരുന്നപ്പോൾ, നവംബർ 25 മുതൽ ഡിസംബർ 15 വരെയുള്ള കാലഘട്ടത്തിൽ മുസ്ലിങ്ങൾ 3000 ഹിന്ദു ഭവനങ്ങൾ അഗ്നിക്കിരയാക്കുകയും, 260 ഹിന്ദു സ്ത്രീകളെ തട്ടിക്കൊണ്ട് പോകുകയും, ബലാത്സംഗം ചെയ്യുകയും, 600 ഹിന്ദുക്കളെ കൊല്ലുകയും, 30 ലക്ഷം വിലമതിക്കുന്ന (അക്കാലത്ത് 30 ലക്ഷം വലിയ തുകയാണ്)

അവരുടെ വസ്തുവകകളും സംബാദ്യവും കൊള്ളയടിക്കുകയും ചെയ്തു. (ദ ട്രിബ്യൂൺ 18-01-1948)

എന്നിരുന്നാലും, ഇൻഡ്യയുടെ പ്രതിനിധി ശ്രീ. അയ്യങ്കാർ മുസ്ലീങ്ങളുടെ തനിരൂപം തുറന്ന് കാട്ടപ്പെടും എന്നതിനാൽ ഭയം മൂലം സത്യങ്ങൾ വിളിച്ച് പറയാൻ ധൈര്യപ്പെട്ടില്ല. മുസ്ലീങ്ങളാണ് കൂട്ട ക്കൊലകൾക്ക് തുടക്കം കുറിക്കുന്നത് എന്നും, പാക്കിസ്താനിലെ കൊള്ളയും തട്ടിക്കൊണ്ട് പോകലുകളും തട്ടിച്ച് നോക്കുമ്പോൾ ഇൻഡ്യയിലെ പ്രതികരണങ്ങൾ വളരെ ചെറുതും താമസിച്ചുള്ളതു മാണന്നും പറയുവാൻ അദ്ദേഹത്തിന് കഴിയാതെ പോയി. എന്നു മാത്രമല്ല ഗാന്ധിയുടെ നിരാഹാര സമരം മൂലം പാക്കിസ്താനിലെ മുഴുവൻ ഹിന്ദുജനസംഖ്യയും നാമാവശേഷമായി. ഹിന്ദുക്കൾക്കും സിഖ്കാർക്കും പാക്കിസ്താൻ മുസ്ലീങ്ങളാൽ ഉണ്ടായ അവസ്ഥയ്ക്ക് ഗാന്ധിയും ഇൻഡ്യൻ ഭരണകൂടത്തിന്റെ നേതൃസ്ഥാനത്തിരുന്ന നെഹ്രുവും പരിപൂർണ്ണ ഉത്തരവാദികളും കണ്ണടച്ചിരുട്ടക്കിയതിന്റെ ഫലവുമാണ്.

ഗാന്ധിയുടെ 15-01-1948 ലെ പ്രാർത്ഥനാ പ്രസംഗം അനുസരി ച്ചും, ഡൽഹി ഡയറിയുടെ പേജ് 344 വിവരണം അനുസരിച്ചും ഇപ്രകാരം സൂചിപ്പിച്ചിരിക്കുന്നു. ‘‘നിങ്ങളുടെ നിരാഹാര സമരം യുണൈറ്റഡ് നേഷൻ കൗൺസിലിന്റെ സമ്മേളന ദിവസം വൈകു ന്നേരം നടത്തപ്പെടും എന്ന് പറയുന്നു. നിങ്ങളുടെ നിരാഹാരങ്ങൾ എന്നും മറ്റെല്ലാ സംഭവങ്ങളും മറച്ചിട്ടേ ഉള്ളൂ. ഇൻഡ്യയിൽ മുസ്ലിം ജനജീവിതം അസാദ്ധ്യമാക്കിയ ഹിന്ദു അനുയായികൾക്ക് സദ്ബുദ്ധി ഉണ്ടാവുവാൻ മഹാത്മ ഗാന്ധി നിരാഹാരം തുടങ്ങുന്നു എന്നുള്ളത് പാക്കിസ്താൻ പ്രതിനിധികൾ സന്ദർഭോജിതമായി ഉപയോഗിച്ചില്ല എങ്കിൽ അവരുടെ സൽപേരിന് യാതൊരു വിലയുമുണ്ടാകാൻ പോകുന്നില്ല. നിങ്ങളുടെ നിരാഹാരം ദൌർഭാഗ്യകരമായ ഫലമാണ് ഉണ്ടാക്കാൻ പോകുന്നത് എന്നാണ് യുണൈറ്റഡ് നേഷന്റെ കാഴ്ചപ്പാടിൽ മനസ്സിലാക്കാൻ കഴിയുന്നത്.’’

ഇതിന് ഗാന്ധിയുടെ മറുപടി- പാക്കിസ്താനിലും ഇൻഡ്യയിലും വസിക്കുന്ന എല്ലാവർക്കും സദ്ബുദ്ധി ഉണ്ടാകുവാൻ അർത്ഥമാക്കുന്ന ഒരു നിരാഹാര സമരത്തിന്, അതിന്റെ ഉദ്ദ്യേശത്തെ വളച്ചൊടിക്കാൻ പുറത്ത് നിന്നും വന്ന ആർക്കും കഴിയുകയില്ല. ഈ മറുപടി, ഗാന്ധി നുണപറയുന്നതിൽ സമർത്ഥനും സത്യങ്ങൾ വളച്ചൊടിക്കുന്നതിൽ അഗ്രഗണ്യനും ആണന്ന് തെളിയിക്കപ്പെടുന്ന മറ്റൊരു ഉദാഹരണം മാത്രമാണ്. യഥാർത്യത്തിൽ നിരാഹാരം അവസാനിപ്പിക്കുവാനുള്ള ഉടമ്പടികൾ മുൻപേ ഗാന്ധി മുന്നോട്ട് വച്ചിരുന്നു. അത് ഇൻഡ്യയിൽ

വസിക്കുന്ന ഹിന്ദുക്കളെയും സിഖ്കാരെയും മാത്രം സംബന്ധിച്ചതായിരുന്നു. അല്ലാതെ ഒരിക്കലും ഇൻഡ്യയിലും പാക്കിസ്താനിലും വസിക്കുന്ന എല്ലാ ഹിന്ദു, മുസ്ലിം, സിഖ്, ക്രിസ്ത്യൻ ജനതയെ ഉദ്ദേശിച്ചുള്ളതായിരുന്നില്ല.

## ജിന്ന പാക്കിസ്താൻ ഗവർണ്ണർ ജനറൽ എന്ന നിലയിൽ തന്നെ കാണുവാൻ ഗാന്ധിയെ അനുവദിച്ചില്ല.

ജിന്നയുമായി ഇടപ്പെടുമ്പോൾ എല്ലാം ഗാന്ധി സ്വയം ഒരു യാചകനെപ്പോലെ തരംതാഴ്ത്തപ്പെട്ടിരുന്നു. അദ്ദേഹം എന്നും മുസ്ലീങ്ങളെയും ജിന്നയെയും ഭയപ്പെട്ടിരുന്നു. അവരിൽ നിന്നും എപ്പോഴും അപമാനകരമായ പെരുമാറ്റമാണ് അദ്ദേഹത്തിന് ലഭിച്ചിരുന്നത്. മുസ്ലീങ്ങൾ ഹിന്ദുക്കൾക്ക് മേൽ ചെയ്യുന്ന ക്രൂരതകൾ മനപ്പൂർവ്വം മറച്ച് വച്ച് അവരെ പ്രീതിപ്പെടുത്താൻ അദ്ദേഹം ശ്രമിച്ചിരുന്നു. ഹിന്ദുക്കൾ പ്രാണരക്ഷയ്ക്കും ചെറുത്ത് നിൽപ്പിനും വേണ്ടി ചെയ്യുന്ന ചെറിയ കാര്യങ്ങൾക്ക് വരെ ഗാന്ധി ഹിന്ദുക്കളെ കുറ്റപ്പെടുത്തിയിരുന്നു. പാക്കിസ്താനിലെ ഇൻഡ്യൻ കമ്മിഷണർ മി. ശ്രീപ്രകാശ അദ്ദേഹത്തിന്റെ ''പാക്കിസ്താൻ ബർത്ത് ആൻഡ് എർളി ഡേയ്സ്'' എന്ന ഗ്രന്ഥത്തിൽ 104 മുതൽ 109 വരെയുള്ള പേജുകളിൽ ഇപ്രകാരം എഴുതിയിരിക്കുന്നു.

'' ജിന്നയെ കാണണം എന്ന ഗാന്ധിജിയുടെ സന്ദേശവുമായി കറാച്ചിയിലേയ്ക്ക് വന്ന രണ്ട് പാർസി സുഹൃത്തുക്കളുടെ സന്ദർശനം ഞാൻ ഓർക്കുന്നു. ഞാൻ ഓർക്കുന്നത് അനുസരിച്ച് ഈ സുഹൃത്തുക്കൾക്ക് ജിന്നയെ കാണാൻ കഴിഞ്ഞിരുന്നില്ല. ജിന്ന വളരെ കുറച്ച് ആളുകൾക്ക് മാത്രമേ മുഖം കൊടുത്തിരുന്നുള്ളു. എന്നുമാത്രമല്ല ആർക്കായാലും ജിന്നയെ കാണുക എന്നത് അത്ര എളുപ്പമുള്ള കാര്യമായിരുന്നില്ല. (ഈ വരികളിൽ ഗാന്ധിയനും ഗാന്ധിയെ രാഷ്ട്ര പിതാവ് എന്ന നിലയിൽ കാണുന്നവനുമായ ശ്രീപ്രകാശ എത്ര മനോഹരമായാണ് ജിന്നയുടെ ധിക്കാരപരമായ പെരുമാറ്റത്തെ മറയ്ച്ച് പിടിയ്ക്കുവാൻ ശ്രമിക്കുന്നത് എന്ന് കാണാവുന്നതാണ്). ഈ സുഹൃത്തുക്കൾ വീണ്ടും പലവട്ടം എന്നെ കാണുകയും ചുമതലപ്പെട്ടവർ എന്ന നിലയിൽ എന്നോട് 'ജിന്ന ഗാന്ധിജിയെ കാണാൻ തയ്യാറെടുപ്പ് നടത്തിയിട്ടില്ല എന്നും, എന്നാൽ ഗാന്ധിജി ഇൻഡ്യയുടെ ഗവർണ്ണർ ജനറൽ ആയിരുന്നു എങ്കിൽ എളുപ്പത്തിൽ കാണാൻ സാധിക്കുമായിരുന്നു എന്നും അദ്ദേഹത്തെ സംബന്ധിച്ചിടത്തോളം ആഗ്രഹിച്ചാൽ സ്വായത്തമാക്കാൻ കഴിയുന്ന സ്ഥാനം മാത്രമാണ് അത് എന്നും''പറഞ്ഞു. ജിന്നയെ അനുനയിപ്പിക്കാൻ ശ്രമിച്ചു കൊണ്ട്

ഈ സുഹൃത്തുക്കൾ കറാച്ചിയിൽ തന്നെ തങ്ങി. ഗാന്ധിജിയുടെ മരണ വാർത്ത എത്തിയപ്പോൾ നിരാശരും ദുഖിതരുമയി ഹൃദയഭാരം പേറിക്കൊണ്ട് അവർ വീടുകളിലേയ്ക്ക് തിരിച്ചു.

കൂടാതെ ശ്രീമാൻ. ശ്രീപ്രകാശ നിരീക്ഷിക്കുന്നു, ‘‘വിഭജന സമയത്തടക്കം മുസ്ലിം പ്രീണനായ ഗാന്ധിയോടുള്ള ഇൻഡ്യൻ ഹിന്ദുക്കളുടെ സമീപനം മരണവേളയിൽ എപ്രകാരമായിരിക്കും എന്നത് ജിജ്ഞാസപ്പെടുത്തുന്നതായിരുന്നു. മുസ്ലീങ്ങളുടെ യാതന കളാണ് ഹിന്ദുക്കളുടെ യാതനകളേക്കാൾ ഗാന്ധിയെ സ്പർശിച്ചത് എന്ന് അവർ കരുതി.. 13 ദിവസത്തെ ദുഃഖാചരണം ഇൻഡ്യയിൽ പ്രഖ്യാപിച്ചപ്പോൾ ഗാന്ധിയുടെ പ്രതിയോഗി ജിന്ന ഒരു പൂച്ചെണ്ട് അർപ്പിക്കുവാൻ ചുമതലപ്പെടുത്തുവാൻ എന്നെ വിളിച്ചു. ഏത് സാഹചര്യമായിരുന്നാലും അദ്ദേഹത്തിന്റെ മുൻ മാതൃരാജ്യം അഗാധ ദുഖത്തിൽ ആണ്ടിരിക്കുമ്പോൾ പാക്കിസ്താൻ ഗവർണ്ണർ ജനറൽ തന്നെയായിരുന്നു പൂച്ചെണ്ട് സമർപ്പിക്കേണ്ടിയിരുന്നത്. എന്നാൽ അദ്ദേഹത്തിന്റെ ഈ പെരുമാറ്റം എന്നിൽ അതൃപ്തി ഉളവാക്കി. ദുഖാചരണത്തിൽ ആയതിനാൽ തനിക്ക് വരുവാൻ സാധിക്കില്ല എന്ന് പറഞ്ഞ് ഞാൻ തടിതപ്പി. ഗാന്ധിജിയുടെ ദാരുണമരണത്തിന് ശേഷം അധികം താമസിയാതെ നടന്ന പാക്കിസ്താൻ അസംബ്ലി സമ്മേളനത്തിൽ നടന്ന ഗാന്ധിയെക്കുറിച്ചുള്ള പരാമർശം ഞാൻ ഓർക്കുന്നു. ഞാൻ ഗ്യാലറിയിൽ ഇരിക്കുന്നുണ്ടായിരുന്നു. പ്രധാന മന്ത്രി നവാബ് സാദാ ലിയാക്കത്ത് അലി ഖാൻ, സിന്ധിന്റെ മുഖ്യമന്ത്രി ശ്രീ.ഖുഹ്രോ , മറ്റ് സ്പീക്കർമാർ എല്ലാവരും തന്നെ ഗാന്ധിയെ ‘‘മഹാത്മ’’ എന്ന് അഭിസംബോധന ചെയ്തുകൊണ്ട് തിളക്കമാർന്ന കൃതജ്ഞത രേഖപ്പെടുത്തി. അവസാനം ശ്രീമാൻ. ജിന്നയുടെ അദ്ധ്യക്ഷ പ്രസംഗം ആയിരുന്നു. വളരെ കുറച്ച് വാക്കുകൾ മാത്രമേ അദ്ദേഹം പിറുപിറുത്തുള്ളു. അതിൽ അദ്ദേഹം ഗാന്ധിയുടെ പേർ പറഞ്ഞതേ ഇല്ല. ഗാന്ധിജിയെ മഹാത്മ എന്ന് വിളിക്കാൻ അദ്ദേഹം ഇഷ്ടപ്പെടുന്നില്ല എന്ന് എനിക്ക് തോന്നി. അദ്ദേഹത്തിന്റെ ഭരണകൂടത്തിലെ സഹപ്രവർത്തകർ മഹാതമ എന്ന് അഭിസംബോധന ചെയ്തപ്പോഴും എന്ത് സംജ്ഞയാണ് ഗാന്ധിജിക്ക് നൽകാൻ പോകുന്നത് എന്ന് അറിയില്ലായിരുന്നു. അതുകൊണ്ട് തന്നെ ജിന്ന ഗാന്ധിജിയെ അദ്ദേഹം എന്ന് അഭിസംബോധന ചെയ്തു. അദ്ദേഹം അദ്ദേഹത്തിന്റെ സമുദായത്തെ നല്ലവണ്ണം സേവിച്ചു എന്ന് ജിന്ന പറഞ്ഞു. ഞാൻ ജിന്ന, ഇൻഡ്യയുടെ ഗവർണ്ണർ ജനറലിനെ ഈ വേളയിൽ തന്റെയും ഭരണകൂടത്തിന്റെയും ദുഖം

അറിയിച്ചു കൊള്ളുന്നു. ജിന്നയുടെ സെക്രട്ടറിയുടെ ഒപ്പോടെ മൗണ്ട് ബാറ്റന് അയച്ച കത്ത് ഞാൻ ഇന്നും മറന്നിട്ടില്ല.''

പേജ് 179 ൽ മി. ശ്രീപ്രകാശ തുടരുന്നു.'' കുറച്ച് വർഷങ്ങൾക്ക് മുൻപ് കറാച്ചിയിലെ ഹിന്ദു വ്യാപാരികൾ സ്ഥാപിച്ച ഗാന്ധിജിയുടെ പ്രതിമയിൽ പുഷ്പാർച്ചന നടത്തുവാൻ 1949 ജനുവരി 30 ന് ഞാൻ പാക്കിസ്താൻ ഗവണ്മെന്റിന് കത്തെഴുതി. അതിന് മറുപടിയായി ; '' ഞങ്ങളുടെ മതത്തിന് എതിരായാതിനാൽ പൊതുസ്ഥലത്ത് വച്ചുള്ള ഒരു പൂജയ്ക്കും അനുമതി നൽകാൻ കഴിയില്ല.'' എന്ന കത്ത് എനിക്ക് മറുപടിയായി ലഭിച്ചു.

മുകളിൽ പറഞ്ഞിട്ടുള്ള കാര്യങ്ങളിൽ നിന്നും നമുക്ക് ചില അനുമാനങ്ങളിൽ എത്തിച്ചേരാവുന്നതാണ്.

ഒന്ന്: ഹിന്ദുക്കളുടെ തീഷ്ണമായ എതിപ്പിനെ അവഗണിച്ച് മുസ്ലിങ്ങൾക്ക് വേണ്ടി താൻ നിരാഹാരം അനുഷ്ഠിച്ചു. ആയതിനാൽ ഞാൻ മുസ്ലിങ്ങളുടെ സുഹൃത്താണ് എന്ന് ജിന്നയെക്കൊണ്ട് പറയിക്കുവാൻ ഗാന്ധി ആഗ്രഹിച്ചു. അതിനാൽ കറാച്ചിയിൽ ചെന്ന് ജിന്നയെ കാണുവാൻ സൗകര്യം ഒരുക്കാൻ പരിചാരകരെ നിയമിച്ചു.

രണ്ട്: ഹിന്ദുക്കൾ, പ്രത്യേകിച്ച് പാക്കിസ്താനിൽ താമസിച്ചിരുന്നവർ, മുസ്ലിങ്ങളുടെ ആക്രമണങ്ങൾക്ക് ഇരയായവരും ഗാന്ധിയന്മാരാൽ അവഗണിക്കപ്പെട്ടവരും സഹായം നിക്ഷേധിക്കപ്പെട്ടവരും ആണ്. ആയതിനാൽ പാക്കിസ്താനിൽ അവശേഷിക്കപ്പെട്ടിരുന്ന ഹിന്ദുക്കളും സിഖ്കാരും ഗാന്ധി, ജിന്ന എന്നീ രണ്ട് കല്ലുകൾക്ക് ഇടയിൽ ചതഞ്ഞരഞ്ഞ് മരിക്കപ്പെട്ടു.

മൂന്ന്: ഒരു മില്യൺ ഹിന്ദുക്കളുടെയും സിഖ്കാരുടെയും മരണത്തിന് കാരണക്കാരനായി അവരുടെ മൃതദേഹത്തിൽ ചവിട്ടിനിന്ന് കറാച്ചിയിൽ ജിന്നയ്ക്ക് കീഴടങ്ങുവാൻ ആഗ്രഹിക്കുന്നത് ഗാന്ധി സ്വയം തരംതാഴുന്നതിന് തുല്യവും ഈ പ്രവൃത്തി അങ്ങേഅറ്റം ലജ്ജാകരവുമാണ്. എന്നിരുന്നിട്ടും അപ്പോഴും ജിന്ന, ഗാന്ധിയെ പരിഗണിക്കുന്നത് അധമനായിട്ട് തന്നെയാണ്. അദ്ദേഹം ഗാന്ധിയെ മഹാത്മ എന്ന് വിളിക്കുവാൻ യോഗ്യതയില്ലാത്തവനാണ് എന്ന് കരുതുന്നു. മാത്രമല്ല അദ്ദേഹത്തെ കാണുവാനുള്ള അവസരം നിക്ഷേധിക്കുകയും ചെയ്യുന്നു. ജീവിതകാലത്ത് ചെയ്തുകൂട്ടിയ സകല പാപങ്ങൾക്കും ഗാന്ധി അനവധി ജന്മങ്ങൾ നരകയാതനകൾ അനുഭവിക്കേണ്ടിവരും. ഒരു മനുഷ്യൻ തന്റെ സമുദായത്തിനെയും അനുയായികളെയും ചതിച്ചു എങ്കിൽ തീർച്ചയായും തന്റെ ശത്രുവിനെയും ചതിക്കും എന്നത് ഉറപ്പുള്ള കാര്യമാണ്. ഈ മാനദണ്ഡം തന്നെയാണ് ജിന്നയെ ഗാന്ധിയിൽ നിന്നും അകറ്റുന്നത്. അതിനാൽ

തന്നെ ജിന്ന വളരെ വിവേകശാലിയും സ്വന്തം സമുദായത്തോട് ആത്മാർത്ഥതയുള്ളവനും ആണ് എന്ന് നമുക്ക് വ്യക്തമാണ്.

## അദ്ധ്യായം-11

# ഗാന്ധി വധവും നാഥൂറാം ഗോഡ്സെയോടുള്ള ആദരാഞ്ജലിയും

ഗാന്ധിയൻ അനുയായികൾ നാഥൂറാം ഗോഡ്സെ എന്ന നാമം അങ്ങേയറ്റം വെറുക്കുന്നു. ഇക്കണ്ടകാലം അത്രയും നമ്മുടെ രാജ്യം ഗാന്ധിയന്മാരുടെ ഭരണം ആയിരുന്നതിനാൽ സത്യം ഇതുവരെ മറയ്ക്കപ്പെട്ടിരുന്നു. യാഥാർത്യത്തിൽ സ്വകാര്യജീവിതത്തിലേയ്ക്ക് നോക്കിയാൽ നാഥൂറാം വിനായക് ഗോഡ്സെ വളരെ ഭക്തിയുള്ള വനും മനസ്സിൽ ആത്മീയത നിറഞ്ഞവനുമായിരുന്നു എന്ന് കാണാം.

അദ്ദേഹത്തിന്റെ ജീവിതത്തെക്കുറിച്ചുള്ള രേഖാചിത്രം ''ഫ്രീഡം അറ്റ് മിഡ്നൈറ്റ്'' എന്ന പുസ്തകത്തിൽ ലാരി കൊളിൻസ്, ഡോമിനിക് ലാപ്പിയർ എന്നീ വിദേശികൾ നൽകിയിട്ടുണ്ട്. കൂടാതെ ഒരു ചെറു വിവരണം ' രവിന്ദ് കല ' തന്റെ 'മോസ്റ്റ് ഇൻഫേയ്മസ് അസ്സാസ്സിൻ' എന്നുള്ള ശീർഷകത്തിൽ സ്പെക്ട്രം ഞായറാഴ്ച ട്രിബ്യൂൺ, 22-10-2000 ലും നൽകിയിട്ടുണ്ട്. അതിന്റെ ചില ഭാഗങ്ങൾ അക്ഷരക്രമത്തിൽ ഇവിടെ പുനർലേഖനം ചെയ്യുകയാണ്.'' നാഥൂറാം ഗോഡ്സെയുടെ ജീവിതം വായനക്കാരെ വശീകരിക്കുന്നതാണ്. മാസത്തിൽ 15 രൂപ വരുമാനം ലഭിക്കുന്ന ബ്രാഹ്മണനായ ഒരു പോസ്റ്റ് മാസ്റ്ററുടെ പുത്രനായിരുന്നു അദ്ദേഹം. മെട്രികുലഷനിൽ ഇംഗ്ലീഷിന് പരാജയം സംഭവിച്ചതിനാൽ അദ്ദേഹത്തിന് സർവ്വകലാശാലയിൽ പ്രവേശനം ലഭിച്ചില്ല. സ്കൂൾ വിദ്യാഭ്യാസത്തിനപ്പുറം അദ്ദേഹം ഒന്നിനു പുറകേ മറ്റൊരു ജോലി എന്ന വിധത്തിൽ ചെയ്തു പോന്നു. ആണി പാക്ക് ചെയ്യുക, പഴങ്ങൾ സൈക്കിളിൽ കൊണ്ട് നടന്ന് വിൽക്കുക, പഴയ ടയറുകൾ റിപ്പയർ ചെയ്യുക തുടങ്ങിയ ജോലികൾ ചെയ്ത് അവസാനം നാഥൂറാം തയ്യൽ ജോലിയിൽ ഉറച്ചു. എന്നാൽ അദ്ദേഹത്തിന്റെ യഥാർത്ഥ അഭിനിവേശം രാഷ്ട്രീയത്തിൽ ആയിരുന്നു. ദൗർഭാഗ്യകരവും ദുഖകരവുമായ വസ്തുത അദ്ദേഹം ഗാന്ധിയുടെ തീഷ്ണ അനുഭാവിയും അനുയായിയും ആയിമാറി എന്നതാണ്. ഗാന്ധി നിസ്സഹകരണ പ്രസ്ഥാനം ആരംഭിച്ചപ്പോൾ അതിൽ പങ്കെടുത്ത് ജയിൽ വാസം വരെ അനുഷ്ഠിച്ചു. 1937 ൽ ഗോഡ്സെ ഗാന്ധിയൻ മുന്നേറ്റങ്ങൾ ഉപേക്ഷിച്ച് വീരസവർക്കറിന്റെ അനുഭാവി ആയി.

1944 ൽ നാഥൂറാം ഗോഡ്സെ 'ഹിന്ദു രാഷ്ട്ര' എന്ന പത്രത്തിന്റെ പത്രാധിപർ ആയി. സ്വകാര്യജീവിതത്തിൽ അദ്ദേഹം ബ്രഹ്മചാരി ആയിരുന്നു. തന്റെ തയ്യൽകടയുടെ എതിർവശത്തുള്ള ശബ്ദകോലാഹലം നിറഞ്ഞ അന്തരീക്ഷത്തിലുള്ള മഠത്തിലാണ് അദ്ദേഹം താമസിച്ചിരുന്നത്. അദ്ദേഹത്തിന്റെ മുറിയിൽ ആകെ കയർ കൊണ്ടുള്ള ഒരു കട്ടിൽ മാതമാണ് ഫർണിച്ചറായി ഉണ്ടായിരുന്നത്.

അദ്ദേഹം എല്ലാദിവസവും പ്രഭാതത്തിൽ 5.30 a.m ന് ഉണരുമായിരുന്നു. അമ്മ ഒഴികെ മറ്റൊരു സ്ത്രീയുടെ സാമീപ്യം അദ്ദേഹത്തിന് അസഹ്യമായിരുന്നു. ഒരിക്കൽ അതികഠിനമായ വേദനയാടുകൂടിയ മൈഗ്രേൻ മൂലം അദ്ദേഹത്തെ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. സേവനത്തിന് പുരസ്കാരം ലഭിച്ച നഴ്സിന്റെ സേവനം ഗോഡ്സെയ്ക്ക് ലഭിച്ചെങ്കിലും പരസ്ത്രീ സ്പർശം ഒഴിവാക്കാൻ അദ്ദേഹം ആശുപത്രിക്കിടക്കയിൽ നിന്നും എഴുന്നേറ്റ് വിരി എടുത്ത് തന്റെ മേൽ പുതച്ച ശേഷം ആശുപത്രിയിൽ നിന്നും ഓടിപ്പോകുകയാണ് ഉണ്ടായത്. ഇരുപത്തി എട്ടാം വയസ്സിൽ ഗോഡ്സെ ബ്രഹ്മചര്യം സ്വീകരിച്ചു.

ഗോഡ്സെ എത്രയും അടുക്കും ചിട്ടയും നിറഞ്ഞ ജീവിതമാണ് നയിച്ചിരുന്നത് എന്ന് ഏവർക്കും മനസ്സിലാക്കാവുന്നതാണ്. എന്നാൽ ഇതിൽ നിന്നും വിപരീതമായി ഗാന്ധിക്ക് ചെറുപ്പം മുതൽ തന്നെ പല സ്വഭാവ ദൂഷ്യങ്ങളും ഉണ്ടായിരുന്നു. അവയാണ് അദ്ദേഹത്തെ ദുർബലനാക്കിയത്. അദ്ദേഹത്തിന്റെ ശരീരം എല്ലും തോലും മാത്രമായി തീർന്നപ്പോൾ മാത്രമാണ് അദ്ദേഹം ബ്രഹ്മചര്യത്തെ കുറിച്ച് പ്രസംഗിക്കാൻ തുടങ്ങിയത്. തികച്ചും കാപട്യമായ ബ്രഹ്മചര്യത്തിന്റെ പരിശീലനമാണ് അദ്ദേഹം അനുഷ്ഠിച്ചിട്ടുള്ളത്.

ഗോഡ്സെ തന്റെ സ്വകാര്യ ജീവിതത്തിൽ ശുദ്ധനും, ഈശ്വര വിശ്വാസമുള്ളവനും മാത്രമായിരുന്നില്ല, രാജ്യത്തെയും ഹിന്ദു ധർമ്മത്തെയും സംരക്ഷിക്കുക എന്ന തീഷ്ണ ആഗ്രഹത്തോട് കൂടിയവനും ആയിരുന്നു. ഗാന്ധിയുടെ ദേശവിരുദ്ധവും ഹിന്ദു വിരുദ്ധവുമായ പ്രവർത്തികൾ ഗോഡ്സെയ്ക്ക് സഹിക്കാവുന്നതിനും അപ്പുറത്തായിരുന്നു. ആയതുകൊണ്ട് ഗാന്ധിയുടെ ദുഷ്പ്രവർത്തികൾക്ക് അദ്ദേഹത്തിന്റെ ജീവിതം തന്നെ രാജ്യത്തിന് ബലിയായി നൽകണം എന്ന് ഗോഡ്സെ ആഗ്രഹിച്ചു. ഗോഡ്സെയുടെ പ്രവർത്തികളെ മുൻവിധിയോടെ നോക്കിക്കാണാൻ ശ്രമിക്കാതിരുന്നാൽ അദ്ദേഹം തികച്ചും നിരപരാധി ആണ് എന്ന് കാണാം. ഗോഡ്സെ, ഗാന്ധിയോടുള്ള സ്വകാര്യ ശത്രുതയുടെ പുറത്തല്ല ഗാന്ധിയെ കൊല്ലുവാൻ ശ്രമിച്ചത്. മറിച്ച് ഗാന്ധിയുടെ ദേശവിരുദ്ധ പ്രവർത്തികളോടുള്ള

എതിർപ്പും അതുവഴി മുസ്ലീങ്ങളാൽ ഉണ്ടാവാൻ പോകുന്ന ഹിന്ദുക്കളുടെ സർവ്വനാശം തടയുവാൻ വേണ്ടിയാണ് എന്ന് ബോധത്തിന്റെ ഒരു തിരി വെളിച്ചമെങ്കിലും മസ്തിഷ്കത്തിൽ ഉള്ളവന് മനസ്സിലാക്കാവുന്നതാണ്. ഗോഡ്സെ തന്റെ അവസാന ആഗ്രഹവും പ്രസ്ഥാവനയുമായി പറഞ്ഞു. ' എന്റെ കുടുംബത്തിന് വേണ്ടി നൽകുവാൻ എന്റെ ചിതാഭസ്മം മാത്രമാണ് ഉള്ളത്. ആ ചിതാഭസ്മം ഏതെങ്കിലും നദിയിൽ ഒഴുക്കരുത്. വിഭജിക്കപ്പെട്ട ഭാരതം എന്ന് വീണ്ടും ഒന്നായി തീരുന്നുവോ അന്ന് സിന്ധു നദിയിൽ ഒഴുക്കണം. അതുവരെ തലമുറകളനുസരിച്ച് അത് സംരക്ഷിക്കപ്പെടണം. ''ഇക്കാരണത്താൽ തന്നെ എപ്പോൾ ഇൻഡ്യ ഹിന്ദു ഭരണത്തിൻ കീഴിൽ വരുന്നുവോ അന്ന് ഗോഡ്സെ വീരന്മാരായ രക്തസാക്ഷികളുടെ ഗണത്തിൽ ആരാധിക്കപ്പെടും''.

ഞാൻ മാത്രമല്ല ഗോഡ്സെ കുറ്റക്കാരനല്ല എന്ന് വിശ്വസിക്കുന്നത്. ഗാന്ധിയുടെ കൊലപാതക കേസ് കേട്ട ജഡ്ജി ഖോസ്‌ലെ അദ്ദേഹത്തിന്റെ ''ദ മർഡർ ഓഫ് മഹാത്മ'', പേജ് 234 ൽ എഴുതിയിരിക്കുന്നത് '' ശ്രോതാക്കൾ കണ്ണും കാതും കൂർപ്പിച്ചിരുന്നു. ഗോഡ്സെ സംസാരിക്കാൻ തുടങ്ങിയപ്പോൾ വിസ്താര മുറിയിൽ നിശബ്ദത നിറഞ്ഞു നിന്നു. മിക്കവാറും സ്ത്രീകളുടെ കണ്ണുകളിൽ നിന്നും കണ്ണുനീർ ധാരയായ് ഒഴുകിയിരുന്നു. പുരുഷന്മാർ ചുമയ്ക്കുകയും തൂവാല പരതുകയും ചെയ്തു. നിശബ്ദത അത്രയും ഘനമുള്ളതായിരുന്നു എന്ന് മാത്രമല്ല യാദൃച്ഛീകമായുണ്ടാകുന്ന മൂക്കുപിഴിയലുകളും അടക്കിപ്പിടിച്ച ചുമയും ആ നിശബ്ദത കൂടുതൽ അഗാധമാക്കിത്തിർത്തിരുന്നു''.

''എന്നിരുന്നാലും, ഭൂരിപക്ഷം ജനങ്ങളാൽ സമർപ്പിക്കപ്പെട്ട 'ഗോഡ്സെ നിരപരാധി' ആണ് എന്ന ഹർജി പരിഗണിക്കപ്പെടുമെന്ന് അന്ന് കോടതി മുറിയിൽ കൂടിയിരുന്ന ശ്രോതാക്കളായ എല്ലാവരും വിശ്വസിച്ചിരുന്നു എന്നതിൽ എനിക്ക് തെല്ലും സംശയമില്ല.'' ഇവിടെ ചൂണ്ടിക്കാട്ടേണ്ട പ്രധാനപ്പെട്ട ഒരു കാര്യം അന്ന് അവിടെ കോടതി മുറിയിൽ സന്നിധരായിരുന്ന ശ്രോതാക്കളായിരുന്നവർ വിദ്യാസമ്പന്നരും, ഗവൺമെന്റ് ഉദ്യോഗസ്തരും ബുദ്ധിജീവികളും അവരുടെ ഭാര്യമാരും കുടുംബങ്ങളും എല്ലാമായിരുന്നു.

മിക്കവാറും സ്ത്രീകൾ ആത്മാഭിമാനമുള്ള കുടുംബങ്ങളിൽ നിന്നുള്ളവരായിരുന്നു. അവർ അടുത്ത ഹിയറിങ്ങ് ദിവസം (കേസ് വിളിക്കുന്ന ദിവസം) ധരിച്ച് വരണമെന്ന അഭ്യർത്ഥനയോടെ സ്വന്തം കൈകൾ കൊണ്ട് തുന്നിയ സ്വെറ്റർ സ്നേഹപൂർവ്വം ഗോഡ്സെക്ക് നൽകിയിരുന്നു. ഗോഡ്സെ അവരോടുള്ള കടപ്പാട് എന്ന വണ്ണം അവ

ധരിച്ചാണ് ഹിയറിങ്ങിന് കോടതിയിൽ എത്തിയിരുന്നത്. (ഇൻഡ്യാ വിൻസ് ഫ്രീഡം, പേജ് 235, ഗാന്ധി വാദ് ഔർ മേം, ബൈ ഗോപാൽ ഗോഡ്സെ, പേജ് 97). വലിയ ഒരു കാര്യത്തിന് വേണ്ടി ജീവത്യാഗം ചെയ്ത ഗോഡ്സെ തീർച്ചയായും ഒരു ധീരനായിരുന്നു.

## ഗാന്ധിയുടെ എല്ലാ അനുയായികളും പാപികളായ കുറ്റവാളികൾ

13-01-1948 ലെ ഗാന്ധിയുടെ പ്രസ്ഥാവന ഡൽഹി ഡയറിൽ രേഖപ്പെടുത്തിയിരിക്കുന്നത് അനുസരിച്ച്,"അദ്ദേഹത്തിന് സഹതാപം മുസ്ലീങ്ങളോട് മാത്രമാണ് എന്നും അവർക്ക് വേണ്ടി മാത്രമാണ് അദ്ദേഹം നിരാഹാരം അനുഷ്ഠിച്ചത് എന്നും ചില വ്യക്തികൾ കുറ്റപ്പെടുത്തി. അവർ വളരെ ശരിയാണ്. ആർക്കാണോ ആവശ്യം അതായത് ,എല്ലാവരും പിന്തുണയ്ക്കേണ്ട ന്യൂനപക്ഷത്തിന് വേണ്ടി തന്നെ ആണ് ഗാന്ധി തന്റെ ജീവിതം ഒഴിഞ്ഞ് വച്ചത്. ഇൻഡ്യൻ മുസ്ലീങ്ങളുടെ അഭിമാനവും ആത്മധൈര്യവും കവർന്നുകൊണ്ട് പാക്കിസ്താൻ രൂപികരിക്കപ്പെട്ടു. അത് അപ്രകാരം തന്നെ എന്ന് ചിന്തിക്കുമ്പോൾ അദ്ദേഹം നൊമ്പരപ്പെട്ടിരിന്നു''.

''അവസാന ശ്വാസം വരെ അദ്ദേഹം പറഞ്ഞത് ഹിന്ദുക്കൾക്കും സിഖ്കാർക്കും എതിരെ പാക്കിസ്താനിൽ എന്താണോ സംഭവിച്ചത്. അതിന്റെ പ്രതികാരമായി മുസ്ലിങ്ങൾക്കെതിരെ അവർ ഒരു ചെറു വിരൽ പോലും ഉയർത്തിയില്ല എന്ന് ധീരതയോടെ പറയുവാൻ ഹിന്ദുക്കൾക്കും സിഖ്കാർക്കും കഴിയണം എന്നാണ്.''

ജനുവരി 13 ൽ ഗാന്ധി നടത്തിയ പ്രസ്ഥാവനയ്ക്ക് യാതൊരു മൂല്യവുമില്ല. കാരണം സീരിയൽ നമ്പർ 28 ൽ രേഖപ്പെടുത്തിയിട്ടുള്ളതും ഇതിന് രണ്ട് ദിവസം മുൻപായി നടത്തിയിട്ടുള്ളതുമായ പ്രസ്ഥാവന ഇതിനോട് തികച്ചും വിപരീതമാണ്. അതായത് '' എന്റെ നിരാഹാരം ഇൻഡ്യയിലും പാക്കിസ്താനിലും താമസിക്കുന്ന ജനങ്ങൾക്ക് സദ്ബുദ്ധി ഉണ്ടാവാനാണ്''. ഗാന്ധി ഹിന്ദുക്കളെ വഞ്ചിക്കുന്നവനും, നുണയനും, യഥാർത്ഥ വസ്തുതകൾ വളച്ചൊടിക്കുന്നവനുമാണ് എന്നതിനുള്ള ഉത്തമ ഉദാഹരണം കൂടിയാണ് ഇത്.

ഇവിടെ ഊന്നിപ്പറയേണ്ട മറ്റൊന്ന്, വിഭജിത ഇൻഡ്യയിലെ മുസ്ലിങ്ങളും കൂടിയാണ് പാക്കിസ്താൻ രൂപീകരണത്തിന് കരണക്കാരായിട്ടുള്ളത്. 1945-46 തിരഞ്ഞെടുപ്പുകളിൽ മുഴുവൻ മുസ്ലിം സീറ്റുകളും മുസ്ലിം ലീഗ് പിടിച്ചടക്കിയിരുന്നു. ഒരൊറ്റ സീറ്റ് പോലും കോൺഗ്രസ്സിന് കിട്ടിയില്ല. അതായത് പാക്കിസ്താന്റെ രൂപീകരണം ആഗ്രഹിക്കുന്ന ജനഹിതം കൂടിയായിരുന്നു ഇത്. എന്നിരുന്നിട്ടും

ഗാന്ധി മുസ്ലീങ്ങളുടെ ആത്മാഭിമാനത്തെപ്പറ്റിയും ആത്മധൈര്യത്തെപ്പറ്റിയും ആലോചിച്ച് കുണ്ഠിതപ്പെട്ട് അനന്തമായ നിരാഹാരം ആരംഭിക്കുവാൻ പോയി. സത്യത്തിൽ അവരുടെ ജീവനും സ്വത്തിനും യാതൊരു ഭീഷിണിയും ഉണ്ടായിരുന്നില്ല.

എന്നാൽ ഗാന്ധിയെ സംബന്ധിച്ചിടത്തോളം പാക്കിസ്താനിൽ പെട്ടുപോയ ദൗർഭാഗ്യവാന്മാരും ദൗർഭാഗ്യവതികളുമായ ഹിന്ദുക്കളുടെയും സിഖ്കാരുടെയും സ്വത്തിന്റെയും ജീവന്റെയും കാര്യത്തിൽ യാതൊരു വിഷമവും ഉണ്ടായിരുന്നില്ല. '' പാക്കിസ്താനിൽ എന്ത് സംഭവിച്ചാലും '' ''ഹിന്ദുക്കളും സിഖ്കാരും വിസ്മരിക്കണം'' എന്നീ പ്രസ്ഥാവനകൾ അതാണ് ചൂണ്ടിക്കാട്ടുന്നത്. അദ്ദേഹം അതിനെ കുറിച്ച് ചിന്തിക്കുന്നതിൽ നിന്നും വളരെ-വളരെ അകലെ ആയിരുന്നു. പാക്കിസ്താനിലെ ഈ ഹിന്ദുക്കളും സിഖ്കാരും ഗാന്ധിയെ പരിപൂർണ്ണമായി വിശ്വസിക്കുകയും അദ്ദേഹത്തിന്റെ നിർദേശങ്ങൾ അനുസരിക്കുകയും ''മഹാത്മാ ഗാന്ധി നീണാൾ വാഴട്ടെ'' എന്ന് മുദ്രാവാക്യം വിളിക്കുകയും പലയിടത്തും ഗാന്ധി പ്രതിമകൾ സ്ഥാപിക്കുകയും ചെയ്തു. അവസാന നിമിഷം വരെ ഗാന്ധി തങ്ങളെ രക്ഷിക്കും എന്ന പ്രതീക്ഷ അവരിൽ ഉണ്ടായിരുന്നു. എന്നിട്ടും അവർ കൂട്ടക്കൊല ചെയ്യപ്പെടുകയും മുസ്ലീങ്ങളിൽ നിന്നും പലതരത്തിലുള്ള ക്രൂരതകൾ അനുഭവിച്ച് മരണപ്പെടുകയും ചെയ്തു. ചിന്തിക്കാൻ പോലും കഴിയാത്ത വിധത്തിലുള്ള ക്രൂരതകളും അപമാനവും തട്ടിക്കൊണ്ട് പോകലുകളും ഹിന്ദുക്കളും സിഖ്കാരുമായ സ്ത്രീകളും പെൺകുട്ടികളും അനുഭവിക്കപ്പെട്ടു. അപമാനിക്കപ്പെട്ടവരും ജീവിതം നരകതുല്യമാക്കപ്പെട്ട് ആത്മഹത്യചെയ്തവരും അനവധി. അതുകൊണ്ട് തന്നെ ഗാന്ധിയുടെ അനുഭാവികളും, ശിഷ്യരും, പിന്തുണയ്ക്കുന്നവരും, ഗാന്ധിയെ അനുമോദിക്കുന്നവരും ഗാന്ധിയുടെ കപടാത്മകമായ വഞ്ചനയുടെയും ക്രൂരതകളുടെയും ഓഹരി അർഹിക്കുന്നവരും പാപികളും ആണ്.

''മുഹമ്മദ് ഗോറിയുടെ പക്ഷം ചേർന്ന് ചതിച്ച് പൃഥ്വിരാജ് ചൗഹാനെ തോൽപ്പിക്കുകയും അദ്ദേഹത്തിന്റെ കണ്ണുകൾ ചൂഴ്ന്നെടുത്തത് അടക്കം പല ക്രൂരതകളും ചെയ്ത രജപുത്ത് ചരിത്രത്തിലെ ജയ് ചന്ദിനെപ്പോലെ, ഗുരു ഗോബിന്ദ് സിംഗിന്റെ രണ്ട് നിഷ്കളങ്കരായ കുട്ടികളെ ക്രൂരന്മാരായ മുസ്ലിങ്ങൾക്ക് കൈമാറ്റം ചെയ്ത് പഞ്ചാബിലെ സാർഹിന്ദിൽ ഭിത്തിയിൽ ചാരി നിർത്തി ഇഷ്ടികകൾ എറിഞ്ഞ് കൊല്ലാൻ സഹായിച്ച ഗംഗു ബ്രാഹ്മിനെ പോലെ'' ഇൻഡ്യയിൽ ഹിന്ദു രാജ്യം സ്ഥാപിക്കപ്പെടുന്ന നാൾ ഗാന്ധിയും ഗാന്ധിയന്മാരും രാജ്യദ്രോഹികളായി കണക്കാക്കപ്പെടും എന്നത് തീർച്ചയാണ്.

ആനന്ദ് പ്രകാശ് മദൻ
ചീഫ് ഇഞ്ചിനീയർ (റിട്ട)

***********************

**വന്ദേമാതരം**

***********************

ചരിത്രത്താളുകളിൽ കാപട്യം നിറഞ്ഞ ഒരു മുഖം മൂടി കൂടിയാണ് *മഹാത്മ ഗാന്ധി ഭാരതത്തിന്റെ ശാപം* എന്ന ഈ ഗ്രന്ഥത്തിലൂടെ സമൂഹമദ്ധ്യത്തിൽ ചീന്തപ്പെടുന്നത്. കഴിഞ്ഞ 68 വർഷമായി ഭാരത ചരിത്രത്തിൽ തുടർന്ന് കൊണ്ടിരിക്കുന്ന വഞ്ചനയുടെയും ചതിയുടെയും നേർക്കാഴ്ച്ചയും തെളിവുകളുടെയും വസ്തുതകളുടെയും അടിസ്ഥാനത്തിൽ അവയെ അക്കമിട്ട് നിരത്തിയിരിക്കുന്നതുമായ ഒരു മാർഗ്ഗരേഖയും കൂടിയാണ് ഈ ഗ്രന്ഥം. ലോകത്തിലെ പ്രഥമ സംസ്കാരത്തിനുടമകൾ എന്നുള്ള ബഹുമതിയുടെ ഉടമകളായ ഹിന്ദുക്കൾ സ്വന്തമായി മാതൃരാജ്യം പോലും ഇല്ലാതെ നശിച്ചു കൊണ്ടിരിക്കുന്ന ഒരു വംശം മാത്രമാണ് എന്നത് ഈ ഗ്രന്ഥം അടിവരയിടുന്നു....

ISBN 978-1-329-70508-1

©Copy rights reserved @ sathya swaroopa